# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 ആഗസ്റ്റ് വോള്യം: 8 ലക്കം: 12

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള

**വേതനനഷ്ടം മഹാമാരിക്ക് മുമ്പ്**



പ്രഭാത് പട്നായിക് 08




ആത്മനിർഭർ ഭാരത്
**അജണ്ട സ്വകാര്യവൽക്കരണം**
എളമരം കരീം 12

ഭാരതം വിൽപ്പനയ്ക്ക് - 12
റെയിൽവേ സ്വകാര്യവൽക്കരണം- 17
ഭാരത് പെട്രോളിയം വിൽപ്പന - 22
വൈദ്യുതി ഭേദഗതി ബിൽ 2020 - 26




**പ്രതിഷേധവും പ്രതിരോധവും**
ശ്യാമപ്രസാദ് ഭട്ടാചാർജി 30

33 **സ്വർണക്കടത്തിന്റെ രാഷ്ട്രീയം**



കെ.ജെ.തോമസ്

36 **ആഗോളവൽക്കരണവും അമേരിക്കൻ സ്വപ്നത്തിന്റെ അന്ത്യവും**
ഇമാനുവേൽ വാലർസ്റ്റെയിൻ

38 **ഇനി സഹകരണമേഖലയുടെ ഊഴം**
വി.ബി. പത്മകുമാർ

41 **ആഗോള സമ്പദ് വ്യവസ്ഥ : ക്ഷീണിപ്പിക്കുന്ന ഡോളർ**



ജോസ് ടി എബ്രഹാം

45 കപ്പൽപാത :
**മത്സ്യത്തൊഴിലാളികളുടെ ജീവൻമരണ സമരം**
പി.പി.ചിത്തരഞ്ജൻ

48 **വംശീയതയും ചൈനയും ആയുധമാക്കി ട്രമ്പ്**
ബി. അർജുൻ

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# വർഗീയതയെ കവചമാക്കുന്നവർ

**2020 ആഗസ്റ്റ് 5** അയോധ്യയിൽ ശ്രീരാമക്ഷേത്രത്തിന് ശിലാസ്ഥാപനം നടത്തിക്കൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോഡി നടത്തിയ പ്രസംഗം മതനിരപേക്ഷ നിലപാട് സ്വീകരിക്കുന്ന എല്ലാവരെയും അമ്പരപ്പിച്ചു. ബാബറി മസ്ജിദ് തകർത്ത് തൽസ്ഥാനത്ത് ക്ഷേത്രം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ട് സംഘപരിവാർ നടത്തിയ അക്രമാസക്തമായ കലാപങ്ങളെ സ്വാതന്ത്ര്യസമരത്തോടാണ് അദ്ദേഹം ഉപമിച്ചത്. ബാബറി മസ്ജിദ് തകർക്കാൻ നേതൃത്വം നൽകിയതിന്റെ പേരിൽ, ക്രിമിനൽ കേസിൽ പ്രതികളായവരോടൊപ്പമാണ് പ്രധാനമന്ത്രി ശിലാസ്ഥാപന കർമം നിർവഹിച്ചത്. സംഘപരിവാർ ഉയർത്തിയ വർഗീയ അജണ്ടകൾ, സാക്ഷാൽക്കരിക്കാൻ പ്രധാനമന്ത്രി നേതൃത്വം നൽകുന്നത്, ജനങ്ങളിൽ അരക്ഷിത ബോധം സൃഷ്ടിച്ചു. ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷത എന്ന തത്വം ബലികഴിച്ച് ഇന്ത്യയെ 'ഹിന്ദുരാഷ്ട്രം' ആക്കണമെന്ന ആർഎസ്എസ് അജണ്ടയുടെ പൂർത്തീകരണമാണ് പ്രധാനമന്ത്രി ലക്ഷ്യം വെക്കുന്നതെന്ന ആശങ്ക ശക്തമാണ്.

2019 ആഗസ്റ്റ് 5 നാണ് കാഷ്മീർ എന്ന സംസ്ഥാനത്തിന് പ്രത്യേക അവകാശം നൽകിയിരുന്ന ഭരണഘടനയുടെ 370ാം വകുപ്പ് റദ്ദാക്കിയത്. പാർലമെന്റിന്റെ നടപടിച്ചട്ടങ്ങളെല്ലാം കാറ്റിൽ പറത്തി പാർലമെന്റിൽ തങ്ങൾക്കുള്ള ഭൂരിപക്ഷം ഉപയോഗിച്ചാണ് ഈ കൃത്യം നിർവഹിച്ചത്. ജമ്മു കാഷ്മീരിന്റെ സംസ്ഥാന പദവി എടുത്ത് കളയുകയും സംസ്ഥാനത്തെ രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളാക്കുകയും ചെയ്തു. മുൻ മുഖ്യമന്ത്രിമാരും ജനപ്രതിനിധികളും രാഷ്ട്രീയ നേതാക്കളുമടങ്ങുന്ന കാഷ്മീർ ജനതയെ ബന്ദികളാക്കിയാണ് ബിജെപി സർക്കാർ ഈ കാര്യങ്ങളെല്ലാം ചെയ്തത്. കുറെ വർഷങ്ങളായി ആർഎസ്എസ് ഉയർത്തുന്ന 'ഹിന്ദുത്വ' അജണ്ടകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു കാഷ്മീർ പ്രശ്നം.

2020 ആഗസ്റ്റ് 5 തന്നെ ശ്രീരാമക്ഷേത്രത്തിന് ശിലാസ്ഥാപനം നടത്താൻ തെരഞ്ഞെടുത്തത് യാദൃശ്ചികമല്ല. തങ്ങളുടെ രണ്ടാമത്തെ അജണ്ടയുടെ പൂർത്തീകരണം എന്ന നിലയിൽ തന്നെയാണ്. അവർ പതുക്കെ നീങ്ങുന്നത് 'ഹിന്ദുരാഷ്ട്രം' എന്ന ലക്ഷ്യത്തിലേക്കാണെന്ന സന്ദേശമാണ് ഇതിലൂടെ ജനങ്ങൾക്ക് നൽകിയത്. അടുത്ത നടപടി ഏകീകൃത സിവിൽ കോഡായിരിക്കും. അതിനുള്ള നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ബാബറി മസ്ജിദ് – രാമജന്മഭൂമി തർക്കത്തിൽ സുപ്രീം കോടതിയിൽ നിന്ന് അന്തിമ വിധിയുണ്ടായി. മസ്ജിദ് നിലനിന്നിരുന്ന സ്ഥലം പകുത്ത് ക്ഷേത്രത്തിനും പള്ളിക്കും നൽകണമെന്ന അലഹബാദ് ഹൈക്കോടതി വിധിക്കെതിരായ അപ്പീലാണ് സുപ്രീം കോടതി പരിഗണിച്ചത്. തർക്ക ഭൂമിയുടെ നിയമപരമായ അവകാശി ആര് എന്നതായിരുന്നു കേസ്. ഈ കേസിൽ അന്തിമ വിധി പ്രസ്താവിച്ചത് ചീഫ് ജസ്റ്റിസായിരുന്ന രഞ്ജൻ ഗൊഗോയിയുടെ നേതൃത്വത്തിലുള്ള ബെഞ്ചാണ്. ഈ വിധിയിലാണ് തർക്ക സ്ഥലം ശ്രീരാമ ക്ഷേത്ര നിർമാണത്തിന് വിട്ടുകൊടുക്കാൻ പറഞ്ഞത്. മുസ്ലീംകൾക്ക് പള്ളി പണിയാൻ അയോധ്യയിൽ 5 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകാൻ കേന്ദ്രസർക്കാരിനോട് കോടതി ഉത്തരവിട്ടു. 1993 ൽ, അയോധ്യയിൽ തർക്ക ഭൂമിയോടനുബന്ധിച്ച 60 ൽ പരം ഏക്കർ ഭൂമി കേന്ദ്ര സർക്കാർ ഏറ്റെടുത്തിരുന്നു. അതു കൂടി ഉപയോഗിച്ച് 69 ഏക്കർ ഭൂമിയിലാണ്

രാമക്ഷേത്രം നിർമിക്കുന്നത്. ക്ഷേത്ര നിർമാണത്തിന് ഒരു ട്രസ്റ്റ് രൂപീകരിക്കണമെന്നും ട്രസ്റ്റിന്റെ നേതൃത്വത്തിലായിരിക്കണം ക്ഷേത്ര നിർമാണമെന്നുമാണ് സുപ്രീം കോടതി വിധിയിൽ പറഞ്ഞത്. എന്നാൽ സുപ്രീം കോടതി വിധിയിൽ നിന്ന് വ്യത്യസ്തമായി കേന്ദ്ര സർക്കാരാണ് ക്ഷേത്ര നിർമാണം നടത്തുന്നത് എന്ന പ്രതീതി സൃഷ്ടിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തുമ്പോൾ അത്തരമൊരു ധാരണയാണ് രാജ്യത്തുയർന്ന് വന്നത്. ശ്രീരാമന്റെയും ക്ഷേത്രത്തിന്റെയും പേരിൽ വർഗീയ ധ്രുവീകരണം സൃഷ്ടിക്കുക എന്നതായിരുന്നു മോഡി സർക്കാരിന്റെ ലക്ഷ്യം. എല്ലാ രംഗത്തും വൻ പരാജയമാണെന്ന് തെളിഞ്ഞ, മോഡി സർക്കാരിന്റെ വീഴ്ചകൾ തൽക്കാലത്തേക്കെങ്കിലും മറച്ച് വെക്കാനും ജനശ്രദ്ധ തിരിക്കാനും സർക്കാരിന് കഴിഞ്ഞു.

സുപ്രീം കോടതി വിധി 'ശരിയാണെന്ന' ബോധ്യത്തോടെ ജനങ്ങൾ അംഗീകരിച്ചതല്ല. ദീർഘകാലമായി നിലനിൽക്കുന്നതും നിരവധി മനുഷ്യരുടെ ജീവനും സ്വത്തും നഷ്ടപ്പെടാനിടയാക്കിയതുമായ ഒരു തർക്കം തീരട്ടെ എന്ന നിലയിലാണ് ജനങ്ങൾ അംഗീകരിച്ചത്. പ്രസ്തുത വിധി ന്യായത്തിൽ സുപ്രീം കോടതി അസന്നിഗ്ധമായി പറഞ്ഞ കാര്യങ്ങൾ ഏറെ പ്രസക്തമാണ്. 1949 ൽ, ബാബ്റി മസ്ജിദിനകത്ത് ശ്രീരാമന്റെയും സീതാദേവിയുടെയും വിഗ്രഹങ്ങൾ ഒളിച്ച് കടത്തി സ്ഥാപിച്ചതും, അതിന് അന്നത്തെ ജില്ലാ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കെ കെ നായർ (ഇദ്ദേഹം കേരളീയനായിരുന്നു) അനുമതി നൽകിയതും തെറ്റാണെന്ന് കോടതി പറഞ്ഞു. ഈ സംഭവം മുതലാണ് പള്ളി അടച്ചു പൂട്ടപ്പെട്ടത്. 1992 ൽ ആർഎസ്എസ് കർസേവകർ എൽ കെ അദ്വാനി, മുരളി മനോഹർ ജോഷി, ഉമാഭാരതി എന്നിവരുടെ നേതൃത്വത്തിൽ ബാബ്റി മസ്ജിദ് തകർത്ത നടപടിയും തെറ്റാണെന്ന് കോടതി പറഞ്ഞു. സുപ്രീം കോടതി ക്രിമിനൽ കുറ്റമാണെന്ന് പറഞ്ഞ കൃത്യത്തിന് നേതൃത്വം നൽകിയ ഉമാഭാരതിയെ അടുത്ത് നിർത്തിയാണ് മോഡി ക്ഷേത്രത്തിന് ശിലയിട്ടത്. ഇവർക്ക് കോടതി വിധിയോട് എന്ത് ബഹുമാനം? 1992 ൽ ബാബറി മസ്ജിദ് തകർത്ത കേസ് ഇന്നേവരെ തീർപ്പായിട്ടില്ല. അഫ്ഗാനിസ്ഥാനിൽ താലിബാൻ തീവ്രവാദികൾ ബുദ്ധപ്രതിമകൾ തകർത്തതും ഈജിപ്തിൽ 'ഹാഗിയ സോഫിയ' എന്ന മ്യൂസിയം മുസ്ലീം ആരാധനാലയമാക്കിയതും ഇതിന് സമാനമായ സംഭവങ്ങളാണ്.

ഇന്ത്യയിൽ കോവിഡ് 19 പടർന്ന് പിടിക്കുകയാണ്. രാജ്യത്ത് രോഗികളുടെ എണ്ണം 28 ലക്ഷം കവിഞ്ഞു. മരണം 54000 ആയി. ജനങ്ങൾ കോവിഡ് ഭീതിയിലാണ്. തൊഴിലും ജിവിതോപാധികളും നഷ്ടപ്പെട്ട കോടിക്കണക്കിന് തൊഴിലാളികളും, ദരിദ്ര ജനതയും വിവരണാതീതമായ കഷ്ടപ്പാടിലാണ്. ഈ സാഹചര്യത്തിലും കേന്ദ്ര സർക്കാരിന്റെ മുൻഗണന എന്തിനാണ്?

ശ്രീരാമക്ഷേത്ര നിർമാണം രാഷ്ട്രീയ ലക്ഷ്യം വെച്ചാണ്. മൂന്ന് നാല് വർഷം കൊണ്ട് ക്ഷേത്രം പണി പൂർത്തിയാക്കും. ഇതിനിടയിൽ ബീഹാർ, പശ്ചിമബംഗാൾ, കേരളം തമിഴ്നാട് തുടങ്ങിയ സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പുകൾ നടക്കേണ്ടതുണ്ട്. ഈ തെരഞ്ഞെടുപ്പുകൾ ലക്ഷ്യം വെച്ചാണ് സുപ്രീം കോടതി വിധി ലംഘിച്ചുകൊണ്ട്, ക്ഷേത്ര നിർമാണ ചുമതല സർക്കാർ തന്നെ ഏറ്റെടുത്തത്. ചടങ്ങിൽ ആർഎസ്എസ് തലവൻ എന്തിന് പങ്കെടുത്തു? ഉദ്ദേശം വ്യക്തമായില്ലേ. ക്ഷേത്ര ശിലാസ്ഥാപന ചടങ്ങിൽ തങ്ങളെ പങ്കെടുപ്പിച്ചില്ല എന്ന് പറഞ്ഞ് വിലപിക്കുന്ന ഒരു കൂട്ടരെ കാണാനിടയായി. കോൺഗ്രസ് നേതാക്കളായ പ്രിയങ്കാഗാന്ധി, കമൽനാഥ്, ദിഗ്‌വിജയ്സിംഗ് എന്നിവരാണവർ. മറ്റ് ചില കോൺഗ്രസ് നേതാക്കളും രാമക്ഷേത്ര നിർമാണത്തെ അനുകൂലിച്ച് പ്രസ്താവന ഇറക്കി. കോൺഗ്രസ് പ്രസിഡന്റ് സോണിയാഗാന്ധിയാവട്ടെ ഒരക്ഷരം പറഞ്ഞതുമില്ല.

കോൺഗ്രസിൽ നിന്നും മതനിരപേക്ഷ സമൂഹം പ്രതീക്ഷിച്ചതല്ല ഈ നിലപാട്.

ഗാന്ധി വധത്തിന് ശേഷം, ഇന്ത്യൻ മതനിരപേക്ഷതക്കേറ്റ ഏറ്റവും ശക്തമായ പ്രഹര മായിരുന്നു ബാബ്റി മസ്ജിദ് തകർക്കൽ. ഈ നിന്ദ്യമായ കൃത്യത്തിന് മൗനാനുവാദം നൽകിയത് നരസിംഹറാവു നേതൃത്വം നൽകിയ സർക്കാരായിരുന്നു എന്നത് ആരും മറന്നിട്ടില്ല. 1949 ൽ അടച്ചിട്ട പള്ളി കോമ്പൗണ്ടിൽ രാമക്ഷേത്രത്തിന് ശിലാസ്ഥാപനം നടത്താൻ 1989 ൽ അനുമതി നൽകിയിത് മറ്റൊരു കോൺഗ്രസ് പ്രധാനമന്ത്രി രാജീവ് ഗാന്ധിയായിരുന്നു. സംഘപരിവാർ ഉയർത്തുന്ന തീവ്രഹിന്ദുത്വ നിലപാടിനെ മൃദുഹിന്ദുത്വ നിലപാട് കൊണ്ട് നേരിടുന്ന ചരിത്രമാണ് കുറെ കാലമായി കോൺഗ്രസിന്റേത്. കോടിക്കണക്കായ രാമൻമാർക്കും സീതമാർക്കും തൊഴിലും വീടും ഭക്ഷണവും നൽകാതെ, ആ പാവം മനുഷ്യരുടെ വോട്ടുകൾ നേടാൻ അവരുടെ മതവിശ്വാസത്തെ ദുരുപയോഗിക്കുന്നതിൽ ബിജപിയും കോൺഗ്രസും ഒരേ തൂവൽ പക്ഷികളാണ്. സമകാലിക കോൺഗ്രസിന്റെ നേതാക്കൾ ഇപ്പോൾ നെഹ്റുവിന്റെ പാരമ്പര്യമല്ല, മസ്ജിദിനകത്തേക്ക് രാമവിഗ്രഹം ഒളിച്ചു കടത്തിവെച്ച ഹിന്ദുമഹാസഭക്കാരനായ 'ബാബാ രാഘവദാസി'ന്റെയും അതിന് ഒത്താശ ചെയ്തു കൊടുത്ത അന്നത്തെ യുപി മുഖ്യമന്ത്രി 'ഗോവിന്ദ വല്ലഭപന്തി" ന്റെയും പാരമ്പര്യത്തെയാണ് പിന്തുടരുന്നത്. ഒളിച്ചുകടത്തി മസ്ജിദിനകത്ത് സ്ഥാപിച്ച വിഗ്രഹങ്ങൾ എടുത്ത് സരയു നദിയിലേക്ക് എറിയാനാണ് നെഹ്റു അന്ന് പറഞ്ഞത്. നെഹ്റുവിന്റെ വാക്കുകൾ അന്നത്തെ യുപി മുഖ്യമന്ത്രി അനുസരിച്ചില്ല. മാത്രമല്ല, പള്ളിക്കകത്ത് കയറി പൂജ നടത്താൻ സർക്കാർ ചെലവിൽ 'ഹിന്ദു വർഗീയവാദികൾക്ക് അദ്ദേഹം സൗകര്യം ചെയ്തു കൊടുത്തു. ഇപ്പോൾ നെഹ്റുവിന്റെ ചെറുമകൾ, പ്രിയങ്ക എന്ന കോൺഗ്രസ് നേതാവ് പറയുന്നത്, രാമക്ഷേത്ര ശിലാസ്ഥാപനം 'ദേശീയ ഐക്യത്തിന് പ്രചോദനമാകും' എന്നാണ്. പള്ളി അക്രമത്തിലൂടെ പൊളിച്ച് മാറ്റിയ സ്ഥലത്താണ് ക്ഷേത്ര നിർമാണമെന്നറിയാമായിരുന്നിട്ടും ഭൂമി പൂജയെയും ക്ഷേത്ര നിർമാണത്തെയും പിന്തുണക്കുന്ന കോൺഗ്രസുകാരുടെ താല്പര്യം വർഗീയതയുടെ പങ്ക് പറ്റുക എന്നതാണ്.

1949 ൽ ബാബ്റി മസ്ജിദിനകത്ത് രാമൻ സീത വിഗ്രഹങ്ങൾ സ്ഥാപിക്കാൻ വിശ്വഹിന്ദു പരിക്ഷത്തുകാർക്ക് അനുമതിയും സൗകര്യവും നൽകിയ ജില്ലാ മജിസ്ട്രേറ്റ് കെ കെ നായർ, ഉദ്യോഗത്തിൽ നിന്ന് വിരമിച്ച ശേഷം ബിജെപി സ്ഥാനാർത്ഥിയായി മത്സരിച്ച് എംഎൽഎ ആയി. തർക്ക ഭൂമിയുടെ നിയമാനുസൃത ഉടമ ആരാണെന്ന് വ്യക്തമായി പറയാതെ പ്രസ്തുത സ്ഥലത്ത് ശ്രീരാമക്ഷേത്രം പണിയാൻ ഉത്തരവ് നൽകാൻ നേതൃത്വം നൽകിയ അന്നത്തെ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയ്, റിട്ടയർ ചെയ്ത ഉടനെ ബിജെപി നോമിനിയായി രാജ്യസഭയിൽ അംഗമായി. അയോധ്യാ തർക്ക പ്രശ്നത്തിൽ സംഘപരിവാറിന് വേണ്ടി നിർലജ്ജം വാദിച്ചു പോന്ന "ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ" യുടെ മുൻ ഉദ്യോഗസ്ഥൻ കോഴിക്കോട് കൊടുവള്ളി സ്വദേശിയായ കെ കെ മുഹമ്മദിന് മോഡി സർക്കാർ "പത്മശ്രീ" ബഹുമതി നൽകി.

രാമജന്മഭൂമി വിവാദം കത്തിനിന്ന കാലത്ത് 1989 ൽ, തർക്ക ഭൂമി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നാല് പ്രമുഖ ചരിത്രകാരന്മാരെ അലഹബാദ് ഹൈക്കോടതി ചുമതലപ്പെടുത്തി. ആദരണീയ ചരിത്രകാരന്മാർ ഡോ. ആർ എസ് ശർമ, പ്രൊ. ഡി എൻ ഷാ, ഡോ. എം അസ്ഹർ അലി, ഡോ. സൂരജ്ബാൻ എന്നിവരായിരുന്നു അവർ. തർക്കഭൂമിയിൽ അവർ നടത്തിയ പരിശോധനയിൽ ക്ഷേത്രാവശിഷ്ടങ്ങൾ ഒന്നും കണ്ടെത്താനായില്ല എന്നായിരുന്നു അവരുടെ റിപ്പോർട്ട്. രാമക്ഷേത്രം തകർത്തിട്ടാണ് ബാബർ ചക്രവർത്തി അയോധ്യയിൽ മുസ്ലീം പള്ളി നിർമിച്ചത് എന്നായിരുന്നു വിഎച്ച്പിയുടെ ആരോപണം.

ബാബറി മസ്ജിദ് നിർമിച്ചത് 15ാം നൂറ്റാണ്ടിലാണ്. ഇന്ത്യയിൽ, വിശേഷിച്ച് വടക്കെ ഇന്ത്യയിൽ ഭക്തിപ്രസ്ഥാനം ഉയർന്ന കാലമായിരുന്നു അത്. അക്കാലത്തെ കവികളിൽ പ്രമുഖനായിരുന്നു തുളസീദാസ്. അദ്ദേഹമാണ് 'രാമചരിതമാനസം' എന്ന കൃതി രചിച്ചത്. രാമഭക്തി ജനങ്ങളിൽ എത്തിച്ചത് വാൽമീകി രാമായണത്തേക്കാൾ രാമചരിതമാനസമാണ്. അയോധ്യയിൽ രാമക്ഷേത്രം തകർത്ത് മുസ്ലീം പള്ളി പണിതിട്ടുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും തുളസീദാസിന്റെ കൃതിയിൽ അത് രേഖപ്പെടുത്തപ്പെടുമായിരുന്നു. ചരിത്രവസ്തുതകൾ പലതും രേഖപ്പെടുത്തിയത് ഇതുപോലുള്ള കാവ്യങ്ങളിലായിരുന്നു. കോൺഗ്രസ് ശക്തിയായി നിലനിന്ന കാലത്ത് ഈ പ്രശ്നം പരിഹരിക്കാമായിരുന്നു. മുൻ കേന്ദ്രആഭ്യന്തര വകുപ്പ് സെക്രട്ടറി തന്റെ പുസ്തകത്തിൽ പറയുന്നത് 1984 89 കാലത്ത് രാജീവ് ഗാന്ധിക്ക് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമായിരുന്നു എന്നാണ്. രാജീവ് അതു ചെയ്തില്ല. 1984 ൽ ഷാ ബാനു കേസിൽ ഉണ്ടായ സുപ്രീം കോടതി വിധി മറികടക്കാൻ മുസ്ലീം മതമൗലികവാദികളുടെ സമ്മർദ്ദത്തിന് വഴങ്ങി ഇന്ത്യൻ ശിക്ഷാ നിയമത്തിൽ രാജീവ് ഗാന്ധി ഭേദഗതി വരുത്തി. മുസ്ലിം സമ്മർദ്ദത്തിന് വഴങ്ങി എന്ന ആരോപണം ഉയർന്നപ്പോൾ അയോധ്യ തർക്കത്തിൽ വിശ്വഹിന്ദു പരിഷത്തിന്റെ പക്ഷത്ത് നിലയുറപ്പിച്ചു രാജീവ് ഗാന്ധി. കോൺഗ്രസിന്റെ ഈ രാഷ്ട്രീയ അവസരവാദമാണ് അയോധ്യാ പ്രശ്നം സങ്കീർണമാക്കിയതും പള്ളി തകർക്കലിൽ കൊണ്ടെത്തിച്ചതും.

ജനവിരുദ്ധ നയങ്ങളുമായി സമ്പന്ന വർഗ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ബൂർഷ്വാ പാർടികൾ ജനങ്ങളിൽ നിന്നൊറ്റപ്പെടുമ്പോൾ വർഗീയതയെ കൂട്ടുപിടിക്കാൻ ഒരു മടിയും കാണിക്കില്ല. മുമ്പ് കോൺഗ്രസും ഇപ്പോൾ ബിജെപിയും ഇക്കാര്യത്തിൽ ഒരുപോലെയാണ്. 2014 ൽ ജനങ്ങൾക്ക് നല്ല ദിവസങ്ങൾ വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ മോഡിയുടെ ഭരണത്തിൽ ജനങ്ങളുടെ ദുരിതം വർധിച്ചു. സാമ്പത്തിക വളർച്ച മുരടിച്ചു. പുതിയ വ്യവസായ നിക്ഷേപം ഉണ്ടായില്ല. തൊഴിലില്ലായ്മ വർധിച്ചു. വിലക്കയറ്റം കൊണ്ടു ജനങ്ങൾ പൊറുതിമുട്ടി.

കോവിഡ് 19, പടർന്ന് പിടിക്കുന്നതിനെ പ്രതിരോധിക്കാൻ കഴിഞ്ഞില്ല. ഈ വൻ പരാജയങ്ങൾ മൂടിവയ്ക്കാൻ അവസാനത്തെ ആശ്രയം വർഗീയതയിലാണ്. ഗോരക്ഷ, ലൗജിഹാദ്, തുടങ്ങിയ പ്രശ്നങ്ങളുയർത്തി, രാജ്യത്തിന്റെ പലഭാഗത്തും വർഗീയ ഭ്രാന്ത് ഇളക്കി വിട്ടു. തീവ്രവാദികളുടെ ആക്രമണത്തെയും വർഗീയ വിഭജനത്തിന് ആയുധമാക്കി. സങ്കുചിത ദേശീയ വികാരം ഇളക്കി വിടാൻ ശ്രമിച്ചു. കാഷ്മീർ, ആയോധ്യാ പ്രശ്നങ്ങളെയും തങ്ങളുടെ രാഷ്ട്രീയ നേട്ടത്തിനായിട്ടാണ് മോഡി ഉപയോഗിക്കുന്നത്.

കോവിഡ് 19 ന്റെ വ്യാപനത്തിൽ പരിഭ്രാന്തരായ ജനത അന്തം വിട്ട് നിൽക്കുന്നു. വ്യവസായ വാണിജ്യ മേഖലയിലെ സ്തംഭനം കോടിക്കണക്കിന് മനുഷ്യരെ തൊഴിൽ രഹിതരാക്കി. അവർക്ക് ഒരാശ്വാസവും കേന്ദ്ര സർക്കാർ നൽകിയില്ല. ഈ പ്രതിസന്ധി ഘട്ടത്തിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ മൂലധന ശക്തികൾക്ക് തീറെഴുതുന്നു. തൊഴിൽ നിയമങ്ങൾ ദുർബലപ്പെടുത്തുന്നു. മനുഷ്യത്വ വിരുദ്ധമായ ഈ ദുഷ്ചെയ്തികൾ മറച്ച് പിടിക്കാൻ മോഡിക്ക് ഒരു മറവേണം. അത്തരമൊരു മറയാക്കി, കവചമാക്കി വർഗീയതയെ ഉപയോഗിക്കുന്നു. അയോധ്യയും രാമക്ഷേത്രവും അതിനുള്ള കരുക്കളാണ്.





പ്രഭാത് പട്നായിക്

# വേതനനഷ്ടം മഹാമാരിയ്ക്ക് മുമ്പ്



**ജനസംഖ്യാവർധനയുടെ നിരക്കിനേക്കാൾ ഭക്ഷ്യധാന്യ ഉല്പാദനത്തിന്റെ നിരക്ക് ഉയർന്നു നിൽക്കുമ്പോൾ ഭക്ഷ്യധാന്യ വിപണിയിൽ നിരന്തരമായി അധിക വിതരണത്തിന്റെ പ്രവണത നിലനിന്നിരുന്നത് എന്തുകൊണ്ടാണ്?**

വസ്തുത ഇതാണ്, നവലിബറലിസം ഇന്ത്യൻ സമ്പദ്ഘടനയെ ഉയർന്ന നിരക്കിലേക്ക് വളർത്തി എന്ന് വിശ്വസിച്ച് സ്വയം അഭിനന്ദിക്കുന്ന മുതലാളിത്തദാസന്മാർ അർത്ഥമാക്കിയിരുന്നത് ഭക്ഷ്യധാന്യങ്ങൾക്കുള്ള പ്രതിശീർഷ ഡിമാൻഡ് ഉയർന്നതും ആ നയത്തിന്റെ നേട്ടമാണെന്നാണ്. വേതനം കൂടുമ്പോൾ ഭക്ഷണരീതികളിൽ വൈവിധ്യം ഉണ്ടായെന്നും അതുവഴി ഭക്ഷ്യധാന്യത്തിനുള്ള ഡിമാൻഡ് കുറഞ്ഞുവെന്നുമുള്ള പതിവ് വാദം പൂർണമായും തെറ്റാണെന്നു മനസ്സിലാക്കണം. യഥാർത്ഥ വേതനം ഉയരുകയും ഭക്ഷണ ശീലങ്ങളിൽ വൈവിധ്യം ഉണ്ടാകുകയും ചെയ്യുമ്പോൾ എല്ലാ തരാം ഉപയോഗത്തിനുമുള്ള പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗം ലോകമാകെ വർധിക്കുകയാണ്, കുറയുകയല്ല ചെയ്യുന്നത്.

ഈ മഹാമാരിയും ലോക്ഡൗണും സ്വാഭാവികമായും ഇന്ത്യയുടെ ജിഡിപി ചുരുങ്ങുന്നതിലേയ്ക്ക് നയിച്ചിട്ടുണ്ട്. എന്നാൽ വളരെമുമ്പുതൊട്ടേ കണ്ടുവരുന്ന, വളരെ ഗൗരവത്തോടെ സമീപിക്കേണ്ട ഒരു പ്രതിഭാസത്തെ അവ ഒട്ടൊക്കെ മറച്ചുപിടിക്കുന്നു വലിയൊരു വിഭാഗം തൊഴിലാളികളുടെ യഥാർത്ഥ വേതനത്തിൽ മഹാമാരിയ്ക്കു മുൻപുതന്നെ വന്നുകൊണ്ടിരിക്കുന്ന കുറവിനെ. ഈ സംഭവത്തിലേക്ക് വിരൽചൂണ്ടുന്നു ഒരുപാട് വസ്തുതകളുണ്ട്. കാലങ്ങളായി തുടരുന്ന തൊഴിലില്ലായ്മ 2018–2019 ൽ അതിന്റെ ഏറ്റവും ഉയർന്ന നിരക്കിലെത്തി. സാധാരണ നിരക്ക് 2 മുതൽ 3 വരെ ആണെങ്കിൽ ആ വർഷം ഇത് 6 ശതമാനത്തിൽ എത്തി. 2017 –2018 ലെ ദേശീയ സാമ്പിൾ സർവേയുടെ കണക്കുപ്രകാരം ഗ്രാമീണ ഇന്ത്യയിൽ പ്രതിശീർഷ ഉപഭോഗ ച്ചെലവ് 2011 –2012 ലേതിനേക്കാൾ 9 ശതമാനം കുറവായിരുന്നു. ജനസംഖ്യയിലെ ഇത്രവലിയൊരു വിഭാഗ

ത്തിന്റെ ഉപഭോഗച്ചെലവിൽ ഉണ്ടായ ഈ ഇടിവ് തികച്ചും അഭൂതപൂർവമായിരുന്നു. ഈ കണ്ടെത്തൽ അങ്ങേയറ്റം അസ്വസ്ഥജനകമായതുകൊണ്ട്, ഈ സർവ്വേ തന്നെ പുറംലോകം കാണിക്കേണ്ട എന്ന് മോഡി സർക്കാർ തീരുമാനിച്ചു. ഈ സർവേയിലെ കണ്ടെത്തലുകൾ വിശ്വാസയോഗ്യമല്ലെന്നുള്ള സർക്കാരിന്റെ ന്യായവാദം തികച്ചും അസംബന്ധമാണ്. പതിറ്റാണ്ടുകളായി എല്ലാ വർഷവും നടത്തിവരാറുള്ള ലോകത്തെ ഏറ്റവും വലിയ സാമ്പിൾ സർവേ പൂഴ്ത്തിവയ്ക്കാൻ മറ്റൊരു കാരണവും കണ്ടെത്താൻ സർക്കാരിന് കഴിഞ്ഞില്ല. സർവ്വേയ്ക്ക് പൊതുവിൽ ചില പരിമിതികൾ ഉണ്ടെന്നു അംഗീകരിക്കുമ്പോൾ തന്നെ പൊടുന്നനെ ഒരു പ്രത്യേകവർഷം അത് പുറത്തു വിടാൻ പറ്റാത്തവണ്ണം വിശ്വാസയോഗമല്ലാതായി മാറിയെന്നുപറയുന്നത് തികച്ചും അസ്വാഭാവികമാണ്. ഇന്ത്യയുടെ സാമ്പത്തികരംഗത്തു ഗുരുതരമായ എന്തൊക്കെയോ പാകപ്പിഴകളുണ്ട് എന്ന് വ്യക്തം.

ഭക്ഷ്യ സമ്പത് വ്യവസ്ഥയിൽ ഈയിടെ ഉണ്ടായ ചില സംഭവവികാസങ്ങൾ ഈ വസ്തുതകളെ ശരിവയ്ക്കുന്നു. 1991 മുതലുള്ള മൊത്തം നവലിബറൽ കാലം കണക്കിലെടുത്താൽ രാജ്യത്തെ ഭക്ഷ്യധാന്യ ഉല്പാദനത്തിന്റെ വളർച്ച ജനസംഖ്യ വളർച്ച നിരക്കിനേക്കാൾ കഷ്ടിച്ച് മുന്നിലെത്തിയിട്ടുണ്ട് എന്ന് പറയാം. 1991 നും 2018 നും ഇടയ്ക്കുള്ള കാലത്തു ജനസംഖ്യയുടെ പ്രതിവർഷവളർച്ചാനിരക്ക് ഏകദേശം 1.6 ശതമാനം ആയിരുന്നപ്പോൾ ഭക്ഷ്യധാന്യോത്പാദനത്തിന്റെ വളർച്ചാനിരക്ക് 1.8 ശതമാനമായിരുന്നു. എന്നിട്ടും, കൗതുകകരമെന്നു പറയട്ടെ, നമുക്ക് ഇക്കാര്യത്തിൽ രണ്ടു പ്രതിഭാസങ്ങൾ കാണാൻ കഴിയും: ഒന്നാമത്തേത്, മൊത്തം ഭക്ഷ്യധാന്യോത്പാദനത്തിൽ ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ സംഭരിച്ച ഭക്ഷ്യധാന്യത്തിന്റെ അനുപാതം ഈ നവലിബറൽ കാലത്ത് മൊത്തത്തിൽ വർധിച്ചുവെങ്കിലും, 2008 ലെ ആഗോളമുതലാളിത്ത പ്രതിസന്ധിക്കു ശേഷമാണ് അതിന്റെ വേഗം കൂടിയത്. മൊത്തം ഉല്പാദനവുമായി സർക്കാർ സംഭരണത്തിനുള്ള അനുപാതം 1991 ൽ 12.7 ശതമാനമായിരുന്നു. അത് 2017 ആയപ്പോഴേക്കും 29.6 ശതമാനമായി കുതിച്ചു. 2001 നും 2008 നും ഇടയ്ക്കുള്ള കാലത്തെ ശരാശരി അനുപാതം 22.4 ശതമാനമായിരുന്നു. 2011 മുതൽ 2017 വരെയുള്ള കാലത്തെ ശരാശരി അനുപാതം 28.5 ശതമാനായിരുന്നു. കാർഷിക ബിസിനസ് മേഖലയിൽ ആധിപത്യം പുലർത്തിയ സ്വകാര്യ വാണിജ്യ സംവിധാനങ്ങൾക്ക് ആഭ്യന്തര ഭക്ഷ്യധാന്യക്കച്ചവടത്തിൽ, പ്രത്യേകിച്ച് ആഭ്യന്തര വിപണിയിലെ ഭക്ഷ്യധാന്യവില്പനയിൽ താല്പര്യം കുറഞ്ഞു.

രണ്ടാമത്തെ സുപ്രധാന പ്രതിഭാസം എന്നത് മൊത്തം ഭക്ഷ്യധാന്യ ഉത്പാദനത്തിലെ സർക്കാരിന്റെ ഓഹരിയുടെ അനുപാതം ഉപയോഗത്തിനും കരുതൽശേഖരത്തിനുമുള്ള സാധാരണ മാനദണ്ഡങ്ങളെക്കാൾ കൂടുതലാണെന്ന് മാത്രമല്ല, ഉയർന്നുകൊണ്ടിരിക്കുകയുമാണ്.

2017 മുതൽ നാലു വർഷങ്ങളിൽ ജൂണിലെ സ്റ്റോക്ക് യഥാക്രമം 55.7, 68.1, 74.3, 83.5 എന്നിങ്ങനെയാണ്. മൊത്തം ഉല്പാദനത്തിന്റെ നിരക്കിനേക്കാൾ വേഗത്തിൽ സ്റ്റോക്ക് വർധിച്ചു. മേൽപ്പറഞ്ഞ ഓരോ കൊല്ലവും ജൂണിലെ കണക്ക് ആ വർഷത്തെ മൊത്തം ഉല്പാദനത്തേക്കാൾ കൂടുതൽ ആയിരുന്നു. ഇന്ത്യയുടെ ചരിത്രത്തിലെത്തന്നെ ഏറ്റവും ഉയർന്ന




“1991 നും 2018 നും ഇടയ്ക്കുള്ള കാലത്തു ജനസംഖ്യയുടെ പ്രതിവർഷവളർച്ചാനിരക്ക് ഏകദേശം 1.6 ശതമാനം ആയിരുന്നപ്പോൾ ഭക്ഷ്യധാന്യോത്പാദനത്തിന്റെ വളർച്ചാനിരക്ക് 1.8 ശതമാനമായിരുന്നു. കൗതുകകരമെന്നു പറയട്ടെ, നമുക്ക് ഇക്കാര്യത്തിൽ രണ്ടു പ്രതിഭാസങ്ങൾ കാണാൻ കഴിയും. ഒന്നാമത്തേത്, സംഭരിച്ച ഭക്ഷ്യധാന്യത്തിന്റെ അനുപാതം ഈ നവലിബറൽ കാലത്ത് മൊത്തത്തിൽ വർധിച്ചുവെങ്കിലും, 2008 ലെ ആഗോളമുതലാളിത്ത പ്രതിസന്ധിക്കു ശേഷമാണ് അതിന്റെ വേഗം കൂടിയത്. രണ്ടാമത്തെ സുപ്രധാന പ്രതിഭാസം എന്നത് മൊത്തം ഭക്ഷ്യധാന്യ ഉത്പാദനത്തിലെ സർക്കാരിന്റെ ഓഹരിയുടെ അനുപാതം ഉപയോഗത്തിനും കരുതൽശേഖരത്തിനുമുള്ള സാധാരണ മാനദണ്ഡങ്ങളെക്കാൾ കൂടുതലാണെന്ന് മാത്രമല്ല, ഉയർന്നുകൊണ്ടിരിക്കുകയുമാണ്.”



**ജനസംഖ്യാവർധനയുടെ നിരക്കിനേക്കാൾ ഭക്ഷ്യധാന്യ ഉല്പാദനത്തിന്റെ നിരക്ക് ഉയർന്നു നിൽക്കുമ്പോൾ ഭക്ഷ്യധാന്യ വിപണിയിൽ നിരന്തരമായി അധിക വിതരണത്തിന്റെ പ്രവണത നിലനിന്നിരുന്നത് എന്തുകൊണ്ടാണ്?**

**വസ്തുത ഇതാണ്, നവലിബറലിസം ഇന്ത്യൻ സമ്പദ്ഘടനയെ ഉയർന്ന നിരക്കിലേക്ക് വളർത്തി എന്ന് വിശ്വസിച്ച് സ്വയം അഭിനന്ദിക്കുന്ന മുതലാളിത്തദാസന്മാർ അർത്ഥമാക്കിയിരുന്നത് ഭക്ഷ്യധാന്യങ്ങൾക്കുള്ള പ്രതിശീർഷ ഡിമാൻഡ് ഉയർന്നതും ആ നയത്തിന്റെ നേട്ടമാണെന്നാണ്. വേതനം കൂടുമ്പോൾ ഭക്ഷണരീതികളിൽ വൈവിധ്യം ഉണ്ടായെന്നും അതുവഴി ഭക്ഷ്യധാന്യത്തിനുള്ള ഡിമാൻഡ് കുറഞ്ഞുവെന്നുമുള്ള പതിവ് വാദം പൂർണമായും തെറ്റാണെന്നു മനസ്സിലാക്കണം. എല്ലാത്തരം ഉപയോഗത്തിനുമുള്ള പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗം ലോകമാകെ വർധിക്കുകയാണ്, കുറയുകയല്ല ചെയ്യുന്നത്.**

സ്റ്റോക്ക് ആയിരുന്നു ഇത്. എഴുപതുകളിൽ മൊത്തം ഉല്പാദനത്തിന്റെ ഏകദേശം 12 ശതമാനം ആയിരുന്നു സ്റ്റോക്ക് ആയി ശേഖരിച്ചിരുന്നത്. തൊണ്ണൂറുകളുടെ അവസാന വർഷങ്ങളിൽ പോലും അവ 15 ശതമാനത്തിൽ കൂടിയിരുന്നില്ല.

ഈ രണ്ടു പ്രതിഭാസങ്ങളും പരസ്പരബന്ധിതമാണ്. സർക്കാരിന്റെ കൈവശമുള്ള ഭക്ഷ്യധാന്യശേഖരം വിപണിയുടെ ഡിമാൻഡിന് അനുസൃതമായുള്ള അധിക വിതരണത്തിന് ഉള്ളതാണ്. അതുകൊണ്ടു തന്നെ ഭക്ഷ്യധാന്യ വ്യാപാരം സ്വകാര്യവ്യാപാരികളെ സംബന്ധിച്ചിടത്തോളം അനാകർഷകവുമാണ്. ഡിമാൻഡ് കുറയുമ്പോൾ സൂക്ഷിക്കേണ്ട സ്റ്റോക്കിന്റെ അളവും വർദ്ധിക്കും എന്നത് കൊണ്ട്, 'വാങ്ങുന്നയാൾ നിയന്ത്രിക്കുന്ന' വിപണിയിൽ കച്ചവടക്കാരുടെ താല്പര്യം ഈ സ്റ്റോക്ക് സർക്കാർ തന്നെ സംഭരിക്കുന്നതിലാവും; അതിനാൽ അവർ സ്വന്തം സംഭരണശേഷി കുറയ്ക്കുകയും ഇത് സർക്കാരിന്റെ സംഭരണവും മൊത്തം ഉല്പാദനവും തമ്മിലുള്ള അനുപാതം കുറയ്ക്കുകയും ചെയ്യും.

അപ്പോൾ ചോദ്യം ഇതാണ്: ജനസംഖ്യാവർധനയുടെ നിരക്കിനേക്കാൾ ഭക്ഷ്യധാന്യ ഉല്പാദനത്തിന്റെ നിരക്ക് ഉയർന്നു നിൽക്കുമ്പോൾ ഭക്ഷ്യധാന്യ വിപണിയിൽ നിരന്തരമായി അധിക വിതരണത്തിന്റെ പ്രവണത നിലനിന്നിരുന്നത് എന്തുകൊണ്ടാണ്? വസ്തുത ഇതാണ്, നവലിബറലിസം ഇന്ത്യൻ സമ്പദ്ഘടനയെ ഉയർന്ന നിരക്കിലേക്ക് വളർത്തി എന്ന് വിശ്വസിച്ച് സ്വയം അഭിനന്ദിക്കുന്ന മുതലാളിത്തദാസന്മാർ അർത്ഥമാക്കിയിരുന്നത് ഭക്ഷ്യധാന്യങ്ങൾക്കുള്ള പ്രതിശീർഷ ഡിമാൻഡ് ഉയർന്നതും ആ നയത്തിന്റെ നേട്ടമാണെന്നാണ്. വേതനം കൂടുമ്പോൾ ഭക്ഷണരീതികളിൽ വൈവിധ്യം ഉണ്ടായെന്നും അതുവഴി ഭക്ഷ്യധാന്യത്തിനുള്ള ഡിമാൻഡ് കുറഞ്ഞുവെന്നുമുള്ള പതിവ് വാദം പൂർണമായും തെറ്റാണെന്നു മനസ്സിലാക്കണം. ഭക്ഷ്യധാന്യം ഭക്ഷണത്തിനു നേരിട്ട് ഉപയോഗിക്കുക മാത്രമല്ല ചെയ്യുന്നത്, അവ മൃഗങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ഉത്പാദനത്തിനും ഉപയോഗിക്കുന്നു. കാലികൾക്കും കോഴികൾക്കും തീറ്റയായി ഭക്ഷ്യധാന്യങ്ങൾ നൽകുന്നുണ്ട്. അതിൽ ഒരു ഭാഗം മനുഷ്യരുടെ ഉപഭോഗത്തിനും വ്യാവസായിക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു.യഥാർത്ഥ വേതനം ഉയരുകയും ഭക്ഷണ ശീലങ്ങളിൽ വൈവിധ്യം ഉണ്ടാകുകയും ചെയ്യുമ്പോൾ എല്ലാത്തരം ഉപയോഗത്തിനുമുള്ള പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗം ലോകമാകെ വർധിക്കുകയാണ്, കുറയുകയല്ല ചെയ്യുന്നത്.

ഇന്ത്യയിൽ പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗത്തിലെ വർധന തുച്ഛമാണ്. വർഷങ്ങളായി ഭക്ഷ്യധാന്യങ്ങളുടെ ഡിമാൻഡ് വർധിച്ചു കൊണ്ടിരുന്നത് കൊണ്ടാവണം ഈ അവസ്ഥ. ലോകവിപണിയിലേക്ക് ഭക്ഷ്യധാന്യങ്ങൾ സ്ഥിരമായി കയറ്റുമതി ചെയ്യുന്ന രാജ്യമായി മാറിയപ്പഴാണോ ഇതിനു കടകവിരുദ്ധമായ കാര്യങ്ങൾ സംഭവിച്ചത്?

ജിഡിപി വളർച്ച ഉയർന്ന ഘട്ടത്തിലും തൊഴിലാളികളുടെ യഥാർത്ഥ വേതനം പ്രതിശീർഷ

നിരക്കിൽ കാര്യമായ തരത്തിൽ വർധിച്ചിരുന്നില്ല. മാത്രവുമല്ല സർക്കാരിന്റെ കൈവശമുള്ള ഭക്ഷ്യധാന്യ ശേഖരം ഉയർന്നുനിൽക്കുന്ന അവസ്ഥയിൽ പോലും സമീപവർഷങ്ങളിൽ വേതനം കുറയുന്ന പ്രവണതയാണുള്ളത്.

ഇന്ത്യയിൽ തൊഴിലാളികളുടെ പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗം നവലിബറൽ കാലത്ത്, പ്രത്യേകിച്ച് ഇക്കഴിഞ്ഞ വർഷങ്ങളിൽ അല്പം കുറഞ്ഞിട്ടുണ്ടാകുമെന്ന ചെറിയൊരു സംശയം ഉയർന്നത് വാസ്തവമാണ്. 1990–91നും 2017–18നും ഇടയ്ക്കുള്ള മൊത്തം കാലം, ഇന്ത്യയിൽ പ്രതിശീർഷ ഭക്ഷ്യധാന്യ ലഭ്യതയിൽ ആദ്യം ഒരു കുറവ് വന്നെങ്കിലും പിന്നെ പൂർണമായും ഉയരുന്ന പ്രവണതയാണ് കണ്ടത്. ഉദാഹരണത്തിന് പ്രതിദിന ലഭ്യത 1991ൽ 510 ഗ്രാം ആണെങ്കിൽ 2007ൽ 442.8 ഗ്രാമും 2018 ൽ 494 ഗ്രാമും ആയി. ഈ കാലയളവിൽ സമ്പന്നരുടെ വേതനവർധന ഒരു പക്ഷെ ജിഡിപി വർധനയെക്കാൾ കൂടുതൽ ആയിരുന്നു. അതുകൊണ്ട് തന്നെ അസമത്വം ഗണ്യമായി വർധിച്ചു. നേരിട്ടും അല്ലാതെയുമുള്ള ഉപഭോഗം ചേർത്ത് വച്ചാൽ പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗവും ഗണ്യമായി വർധിച്ചിട്ടുണ്ടാകാം. അതിന്റെ തുടർച്ചയായി തൊഴിലാളികളുടെ പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗം കുറഞ്ഞതായാണ് കണക്കുകൾ. ഇപ്പോൾ ഭക്ഷ്യധാന്യത്തിനുള്ള ഡിമാൻഡിന്റെ വേതന ഇലാസ്തികത (നേരിട്ടും അല്ലാതെയുമുള്ള ഡിമാൻഡ് കൂട്ടിച്ചേർത്തത്) വർധിച്ചു. ഉദാഹരണത്തിന്, യഥാർത്ഥ വേതനത്തിന്റെ വർധനവിന്റെ തുടർച്ചയായി ഭക്ഷ്യധാന്യത്തിനുള്ള ഡിമാൻഡിലും വർദ്ധനവുണ്ടാകും. പ്രതിശീർഷ ഭക്ഷ്യധാന്യ ഉപഭോഗം കുറയുന്ന മുറയ്ക്ക് പ്രതിശീർഷ വരുമാനവും കുറയും.

അതിന്റെ തുടർച്ചയായി നവലിബറൽ നയങ്ങളുടെ തുടങ്ങുന്നതിനു മുമ്പുള്ള കാലത്തിനും മഹാമാരി തുടങ്ങുന്നതിനു മുമ്പുള്ള കാലത്തിനും ഇടയ്ക്ക് തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ കുറവ് വന്നു.

ഈ അനുമാനം പോഷകാഹാരം സംബന്ധിച്ച സ്ഥിതി വരക്കണക്കുകളുമായി ഒത്തുപോകുന്നതാണ്. 1993–94 നും 2011–12 നും ഇടയ്ക്ക് പുറത്തു വന്ന നാഷണൽ സാമ്പിൾ സർവ്വേ കണക്കുപ്രകാരം ഗ്രാമീണ ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ അളവുകോൽ ആയ 2200 കലോറി ഉപഭോഗം ചെയ്യുന്നവരുടെ നിരക്ക് 58 ശതമാനത്തിൽ നിന്ന് 68 ശതമാനമായി. അതുപോലെ ഇന്ത്യൻ നഗരങ്ങളിൽ ദാരിദ്ര്യത്തിന്റെ അളവുകോൽ ആയ 2100 കലോറി ഭക്ഷണം കിട്ടാത്തവരുടെ നിരക്ക് 57 ശതമാനത്തിൽ നിന്ന് 65 ശതമാനമായി.

201112 നു ശേഷം അവസ്ഥ കൂടുതൽ പരിതാപകരമായി. രാജ്യത്തെ മൊത്തം പ്രതിശീർഷഭക്ഷ്യധാന്യ ലഭ്യത 2012 ൽ പ്രതിദിനം 463.8 ഗ്രാം ആയിരുന്നു. 2018 വരെയുള്ള തുടർന്നുള്ള വർഷങ്ങളിൽ അത് യഥാക്രമം 491.9, 489.3, 465.1, 486.8, 488.7, 494.1 എന്നിങ്ങനെ ആയിരുന്നു. ഉപഭോഗവുമായി ലഭ്യത ഒട്ടും ചേർന്ന് പോയില്ല.

**2014 മുതൽക്കുള്ള 'മോദിവർഷങ്ങളിൽ' അധ്വാനവർഗ്ഗത്തിൽപ്പെട്ടവർ ഭക്ഷ്യധാന്യങ്ങൾ ഉപയോഗിക്കുന്നതിൽ കുറവുവന്നു. അവരുടെ യഥാർത്ഥ പ്രതിശീർഷവരുമാനത്തിൽ കുറവുവന്നു എന്നതൊഴിച്ച് മറ്റൊരു വാദം കൊണ്ടും ഇത് ന്യായീകരിക്കാനാകില്ല. അധ്വാനവർഗ്ഗത്തിന്റെ വാങ്ങൽശേഷി വർദ്ധിപ്പിക്കുന്നതിനു പകരം 'അധികമുള്ള' ഭക്ഷ്യധാന്യം എത്തനോൾ ആക്കി മാറ്റി ഒഴിവാക്കാനുള്ള മോദിസർക്കാരിന്റെ തീരുമാനം വിരോധാഭാസമാണെങ്കിലും, അതിൽ അത്ഭുതത്തിനു വകയില്ല.**




ധനികവിഭാഗത്തിന്റെ പ്രതിശീർഷ ഉപഭോഗത്തിൽ വ്യക്തമായ വർദ്ധനവുണ്ടായിട്ടും മേല്പറഞ്ഞ കണക്കുകളിൽ ഒരു വ്യക്തമായ പ്രവണത ദൃശ്യമല്ല എന്നതിനാൽത്തന്നെ, അദ്ധ്വാനവർഗ്ഗത്തിന്റെ പ്രതിശീർഷ ഉപഭോഗത്തിൽ എന്ന് വേണം അനുമാനിക്കാൻ. 2014 മുതൽക്കുള്ള 'മോദിവർഷങ്ങളിൽ' അധ്വാനവർഗ്ഗത്തിൽപ്പെട്ടവർ ഭക്ഷ്യധാന്യങ്ങൾ ഉപയോഗിക്കുന്നതിൽ കുറവുവന്നു. അവരുടെ യഥാർത്ഥ പ്രതിശീർഷവരുമാനത്തിൽ കുറവുവന്നു എന്നതൊഴിച്ച് മറ്റൊരു വാദംകൊണ്ടും ഇത് ന്യായീകരിക്കാനാകില്ല. തൊഴിലില്ലായ്മയിൽ ഈയടുത്ത് വന്ന വർദ്ധന, 2011–12 കാലത്തും 2017–18 കാലത്തും ഗ്രാമീണ ഇന്ത്യയിലെ ഉപഭോഗത്തിൽ വന്നിരിക്കുന്ന കുറവുമൊക്കെ ഇതുതന്നെയാണ് സൂചിപ്പിക്കുന്നത്. അധ്വാനവർഗ്ഗത്തിന്റെ വാങ്ങൽശേഷി വർദ്ധിപ്പിക്കുന്നതിനു പകരം 'അധികമുള്ള' ഭക്ഷ്യധാന്യം എത്തനോൾ ആക്കി മാറ്റി ഒഴിവാക്കാനുള്ള മോദിസർക്കാരിന്റെ തീരുമാനം വിരോധാഭാസമാണെങ്കിലും, അതിൽ അത്ഭുതത്തിനു വകയില്ല. ●



## ആത്മനിർഭർ ഭാരത് അഭിയാൻ
## അജണ്ട സ്വകാര്യവൽക്കരണം

# ഭാരതം വിൽപ്പനക്ക്

“ആത്മനിർഭർ ഭാരത് അഭിയാന്റെ മറവിലാണ് ഇപ്പോഴത്തെ പൊതുമേഖലയുടെ ഹോൾ സെയിൽ വിൽപ്പന. രാജ്യത്തിന്റെ സ്വയാശ്രയത്വം ശക്തിപ്പെടുത്താനും, ഇറക്കുമതിയിൻ മേലുള്ള ആശ്രിതത്വം കുറയ്ക്കാനും വേണ്ടിയാണ് ആത്മ നിർഭർ ഭാരത് അഭിയാൻ എന്ന പദ്ധതി പ്രഖ്യാപിച്ചത് പോലും!. എന്നാൽ പ്രാവർത്തികമാകുന്നത് വിപുലമായ സ്വകാര്യവൽക്കരണവും! പൊതുമേഖലയിലെ ഉൽപ്പാദന രംഗത്തും, സേവന രംഗത്തും സ്വകാര്യവൽക്കരണ ഭീഷണി നിലനിൽക്കുന്നു. തന്ത്രപ്രധാന മേഖലയിലും സ്വകാര്യ മൂലധന നിക്ഷേപത്തിന് അനുമതി നൽകി. പ്രതിരോധ മേഖലയിലെ ഉത്പാദനശാലകൾ, ബഹിരാകാശ ഗവേഷണ രംഗം എന്നീ മേഖലകളിലും സ്വകാര്യവൽക്കരണം നടത്തുന്നു.



**എളമരം കരീം**

കൊളോണിയൽ കാലത്തെ പിന്നോക്കാവസ്ഥയിൽനിന്ന് രാജ്യത്തെ വികസന പാതയിൽ മുന്നോട്ടു നയിക്കുന്നതിൽ പൊതുമേഖലയ്ക്ക് വലിയ പങ്കുണ്ട്. സമ്പദ്ഘടനയിൽ പൊതുമേഖല പ്രധാന കണ്ണിയായി മാറി. എന്നാൽ 1991 ൽ ആഗോളവൽക്കരണ നയം അംഗീകരിച്ചത് മുതൽ പൊതുമേഖലയോടുള്ള കേന്ദ്ര സർക്കാരിന്റേയും ബൂർഷ്വ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാന സർക്കാരുകളുടെയും നയം മാറി.

1998 ൽ അധികാരത്തിൽ വന്ന വാജ്പെയ് സർക്കാർ കോൺഗ്രസ് സർക്കാരിന്റെ അതേ നയമാണ് നടപ്പാക്കിയത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കാൻ കേന്ദ്രസർക്കാരിൽ ഒരു പ്രത്യേക വകുപ്പും, മന്ത്രിയും ഉണ്ടായിരുന്നു. 2003 ൽ വൈദ്യുതി മേഖലയിൽ സ്വകാര്യവൽകരണം നടപ്പാക്കി. എന്നാൽ 2004 ൽ അധികാരത്തിൽ വന്ന യു

.പി.എ സർക്കാരിന് ഇടതുപക്ഷ പാർട്ടികളുടെ എതിർപ്പുകാരണം സ്വകാര്യവൽക്കരണം ത്വരിതപ്പെടുത്താൻ കഴിഞ്ഞില്ല. 2009 ൽ ഇടതുപക്ഷ പിന്തുണ ഇല്ലാതെ ഭരിക്കാൻ അവസരം ലഭിച്ച യു.പി.എ സർക്കാർ ഉദാരവൽക്കരണ നയത്തിന് തീവ്രത കൂട്ടി. 2014 ൽ അധികാരത്തിൽവന്ന മോഡി സർക്കാർ മുൻ സർക്കാരുകളെയെല്ലാം കടത്തിവെട്ടി നവഉദാരവൽക്കരണ നയങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. 2019 ലെ തെരഞ്ഞെടുപ്പിൽ ലോക്സഭയിൽ വൻ ഭൂരിപക്ഷം ലഭിച്ചതിനുശേഷം ഈ നടപടികൾക്കെല്ലാം പതിന്മടങ്ങ് വേഗത കൂടി.

കോവിഡ് 19 വ്യാപനം തടയാൻ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനുശേഷം ജനങ്ങൾക്കാശ്വാസം നൽകാനെന്ന പേരിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചു. അതിന്റെ മറവിലാണ് ഇപ്പോഴത്തെ പൊതുമേഖലയുടെ ഹോൾസെയിൽ വിൽപ്പന."ആത്മനിർഭർ ഭാരത് അഭിയാൻ (എ.ബി.എം) എന്നാണ് ഈ നയത്തിന് പേര് നൽകിയത് എന്നത് വിരോധാഭാസം. കോവിഡ് കാലം സൃഷ്ടിക്കുന്ന തകർച്ചയിൽ നിന്ന് രാജ്യത്തിന്റെ സമ്പദ്ഘടനയെ പുനരുദ്ധരിക്കാൻ പൊതുമേഖലക്കുള്ള പങ്കിനെയും, കഴിവിനെയും അവഗണിച്ചുകൊണ്ടാണ് ഇപ്പോഴത്തെ നടപടി. പൊതുമേഖലയുടെ പ്രാധാന്യം എന്താണെന്ന് കോവിഡ് കാലം തെളിയിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ തുടങ്ങിയ മേഖലകളെല്ലാം കമ്പോള ശക്തികൾക്ക് വിട്ടുകൊടുത്ത വികസിത മുതലാളിത്ത രാജ്യങ്ങളും, ഉദാരവൽക്കരണ നയങ്ങളുടെ വക്താക്കളായ സാമ്പത്തിക ശാസ്ത്രജ്ഞരും അവർ സഞ്ചരിച്ച പാത ശരിയായിരുന്നില്ല എന്ന് തിരിച്ചറിയുന്ന ഘട്ടത്തിലാണ് ഇന്ത്യ പൊതുമേഖലയെ മുച്ചൂടും തകർക്കുന്നത്.

ധനകാര്യമന്ത്രി പാർലമെന്റിൽ 22.7.2019 ന് പറഞ്ഞത് 2018–19 ൽ പൊതുമേഖലാ ഓഹരി വിൽപ്പനയിലൂടെ 84,972 കോടി രൂപ സംഭരിച്ചു എന്നാണ്. സർക്കാർ ഉൽപ്പാദന പ്രവർത്തന ബിസിനസ്സിൽ ഏർപ്പെടേണ്ടതില്ലെന്നും അതിന് കഴിവുള്ള സ്വകാര്യ സംരംഭങ്ങളും, മൂലധനവും, സാങ്കേതികവിദ്യയും ലഭ്യമാണെന്നുമാണ് സർക്കാരിന്റെ വാദം. ഈ അടിസ്ഥാനത്തിലാണ് പൊതുമേഖല കയ്യൊഴിക്കുന്നത്.

2020 മെയ് 17 നാണ് പൊതുമേഖലയുടെ "മൊത്തവിൽപ്പന സർക്കാർ പ്രഖ്യാപിച്ചത്. തന്ത്രപ്രധാന മേഖലയിലും സ്വകാര്യ മൂലധന നിക്ഷേപത്തിന് അനുമതി നൽകി. പ്രതിരോധ മേഖലയിലെ ഉത്പാദനശാലകൾ, ബഹിരാകാശ ഗവേഷണ രംഗം എന്നീ മേഖലകളിലും സ്വകാര്യവൽക്കരണം നടത്തുന്നു. സർക്കാരിന്റെ പ്രഖ്യാപനത്തിൽ 'തന്ത്രപ്രധാനം എന്താണെന്ന് വ്യക്തമല്ല. പൊതു മേഖല സംബന്ധിച്ച ഒരു നയം




**2020 മെയ് 17 നാണ് പൊതുമേഖലയുടെ "മൊത്തവിൽപ്പന സർക്കാർ പ്രഖ്യാപിച്ചത്. പൊതുമേഖലയുടെ പ്രാധാന്യം എന്താണെന്ന് കോവിഡ് കാലം തെളിയിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ തുടങ്ങിയ മേഖലകളെല്ലാം കമ്പോള ശക്തികൾക്ക് വിട്ടുകൊടുത്ത വികസിത മുതലാളിത്ത രാജ്യങ്ങളും, ഉദാരവൽക്കരണ നയങ്ങളുടെ വക്താക്കളായ സാമ്പത്തിക ശാസ്ത്രജ്ഞരും അവർ സഞ്ചരിച്ച പാത ശരിയായിരുന്നില്ല എന്ന് തിരിച്ചറിയുന്ന ഘട്ടത്തിലാണ് ഇന്ത്യ പൊതുമേഖലയെ മുച്ചൂടും തകർക്കുന്നത്.**

താമസിയാതെ പ്രഖ്യാപിക്കുമെന്നാണ് ധനകാര്യ മന്ത്രി പറഞ്ഞത്. പൊതുമേഖലയിലെ ഉൽപ്പാദന രംഗത്തും, സേവന രംഗത്തും സ്വകാര്യവൽക്കരണ ഭീഷണി നിലനിൽക്കുന്നു. രാജ്യത്തിന്റെ സ്വയാശ്രയത്വം ശക്തിപ്പെടുത്താനും, ഇറക്കുമതിയിൻമേലുള്ള ആശ്രിതത്വം കുറയ്ക്കാനും വേണ്ടിയാണ് ആത്മ നിർഭർ ഭാരത് അഭിയാൻ എന്ന പദ്ധതി പ്രഖ്യാപിച്ചത് പോലും!. എന്നാൽ പ്രാവർത്തികമാകുന്നത് വിപുലമായ സ്വകാര്യവൽക്കരണവും! ഓഹരി വിൽപനയിലൂടെ 2020–21 വർഷം 1.2 ലക്ഷം കോടി രൂപ സംഭരിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്ത കാലത്തായി കേന്ദ്ര സർക്കാരിന്റെ നികുതിയേതര വരുമാനത്തിൽ ഓഹരി വിൽപന വരുമാനം ഒരു പ്രധാന സ്രോതസ്സാണ്. 2018 – ഒരുലക്ഷം കോടി രൂപ: 2019 – 85,000 കോടി: 2020 ൽ 50,300 കോടി: കമ്പോള സ്ഥിതി അനുകൂലമല്ലാത്തതിനാൽ 2020–21 ലെ ലക്ഷ്യം പൂർത്തീകരിക്കാനിടയില്ല. ബി.പി.സി.എൽ ന്റെ 53.3 ശതമാനം ഓഹരി വിൽപ്പനയിലൂടെ 70,000 – 80,000 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷ. ബി.പി.സി.എൽ വാങ്ങാൻ താല്പര്യമുള്ളവരിൽ നിന്ന് ഓഫർ ക്ഷണിച്ചിരിക്കുന്നു.




**എൽ.ഐ.സിയിൽ സർക്കാർ മുതൽ മുടക്ക് 105 കോടി രൂപ മാത്രം. കഴിഞ്ഞ വർഷം വർഷം മാത്രം എൽ.ഐ.സി, സർക്കാർ പദ്ധതികളിൽ നിക്ഷേപം നടത്തിയത് 21,40,106 കോടി രൂപയാണ്. പോളിസി ഉടമകൾക്ക് എൽഐസിയുടെ ലാഭത്തിന്റെ 95 ശതമാനം ഡിവിഡന്റായി നൽകുന്ന ലോകത്തിലെ ഏക ഇൻഷുറൻസ് കമ്പനിയാണ് എൽ.ഐ.സി. എന്നിട്ടും എൽ.ഐ.സി സ്വകാര്യവൽക്കരണ പട്ടികയിലാക്കി.**

## തന്ത്രപരം അല്ലാത്തവ

ആത്മനിർഭർ ഭാരത് അഭിയാൻ (എ.ബി.എ) പാക്കേജിന്റെ ഭാഗമായാണ് ഈ മെഗാ സ്വകാര്യവൽക്കരണം പ്രഖ്യാപിച്ചതെന്ന് ഏവരെയും അമ്പരപ്പിച്ചു. സാങ്കേതിക രംഗത്തും, ഉൽപ്പാദന മേഖലയിലും ഇന്ത്യയെ സ്വയം പര്യാപ്തമാക്കുക, ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ ഉണ്ടായിരുന്ന പൊതുമേഖലയെ തന്ത്രപ്രധാനം, അല്ലാത്തവ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ടായിരുന്നു. ആയുധങ്ങൾ, മറ്റ് പടക്കോപ്പുകൾ, പ്രതിരോധ ഉപകരണങ്ങൾ, യുദ്ധവിമാനങ്ങൾ, യുദ്ധക്കപ്പലുകൾ, ആണവ ഊർജ്ജം, റെയിൽവേ, ട്രാൻസ്പോർട്ട് തുടങ്ങിയ മേഖലകളെയാണ് തന്ത്രപ്രധാനം എന്ന് കണക്കാക്കിയത്. ഇപ്പോഴത്തെ നയം വിദേശ മൂലധന ശക്തികളിനിന്നുള്ള വിനാശകരമായ മത്സരത്തിലേക്ക് പൊതുമേഖലയെ തള്ളിവിടും. ഇത് രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരത്തിനും സാങ്കേതിക സ്വയം പര്യാപ്തതക്കും, ദേശീയ സുരക്ഷക്കും, രാഷ്ട്രീയ സ്ഥിരതക്കുമെല്ലാം ഭീഷണിയായി തീരും. എ.ബി.എ യുടെ പ്രത്യക്ഷ വിദേശ നിക്ഷേപം സംബന്ധിച്ച പരിഷ്കാരങ്ങൾ ടെലികോം, ഓട്ടോമൊബൈൽ, കെമിക്കൽസ്, ടെക്സ്റ്റൈൽസ്, എയർലൈൻസ്, പ്ലാന്റേഷൻ, ഖനനം, പെട്രോളിയം, പ്രകൃതിവാതകം, പ്രതിരോധ ഉൽപ്പന്നം, ബ്രോഡ്കാസ്റ്റിംഗ്, സിവിൽ ഏവിയേഷൻ, കൃഷി, മൃഗസംരക്ഷണം ,റെയിൽവെ, വ്യവസായ പാർക്കുകൾ, ഇകൊമേഴ്സ്, ഫാർമസ്യൂട്ടിക്കൽസ് എന്നീ മേഖലകളെയാണ് ലക്ഷ്യം വയ്ക്കുന്നത്. ചില്ലറ വ്യാപാര മേഖലയിലേക്കും വിദേശ നിക്ഷേപം ക്ഷണിച്ചിരിക്കുന്നു. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട സ്വകാര്യവൽക്കരണത്തിൽ സാങ്കേതികവിദ്യയും പ്രതിഭയും ഉൾക്കൊള്ളുന്ന മേഖലകളായ ഇന്ത്യൻ റെയിൽവേ, സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ, ഷിപ്പിങ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, നോർത്ത് ഈസ്റ്റേൺ ഇലക്ട്രിക് പവർ കോർപ്പറേഷൻ എന്നിവയെല്ലാം ഉൾപ്പെടും, പൊതുമേഖലയിൽ വൻ മൂലധന മുടക്കുള്ള ഇലക്ട്രിക്കൽനോൺ ഇലക്ട്രിക്കൽ യന്ത്രോൽ

| സൂചിക | 2018 – 19 ലക്ഷം കോടിയിൽ | 2017 – 18 ലക്ഷം കോടിയിൽ | ശതമാനം വളർച്ച |
|---|---|---|---|
| ആകെ അടച്ചു തീർത്ത മൂലധനം | 2.75 | 2.53 | 8.69 |
| ടേൺ ഓവർ | 25.43 | 21.54 | 18.05 |
| അറ്റ ലാഭം | 1.74 | 1.55 | 12.25 * |
| അറ്റ നഷ്ടം വന്നവ | 0.31 | 0.32 | – 3.12 ** |
| മൊത്തം അറ്റ ലാഭം | 1.43 | 1.23 | 16.26 |

* 178 കമ്പനികളിൽ നിന്നുള്ള ലാഭം

** 70 കമ്പനികളിൽ നിന്നുള്ള നഷ്ടം (നഷ്ടം കുറഞ്ഞ്, ലാഭം കോടി)

കേന്ദ്ര പൊതുമേഖലാ കമ്പനികൾ ആകെ– 335.
മഹാരത്ന – 10; നവരത്ന – 14; മിനിരത്ന I – 73; മിനിരത്ന II– 12;

(source Public sector survey for 2018-19 at DPE website)

പ്പാദനം, രാസവസ്തുക്കൾ, രാസവളം, കപ്പൽ, വിമാനം, റെയിൽ എൻജിൻ, ഹെവി മിഷനറി എന്നിവയും സേവനമേഖലയിലെ വൈദ്യുതി, കൽക്കരി, എണ്ണ, പ്രകൃതിവാതകം, വ്യോമ യാനം, ടെലികോം, പ്രതിരോധം, ഇലക്ട്രോണിക്സ്, ഫാർമസ്യൂട്ടിക്കൽ എന്നിവയും സ്വ കാര്യവൽക്കരിക്കപ്പെടാൻ പോകുന്നു. ഇറക്കുമതി കുറയ്ക്കാനും, പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കാനും, നിർമിത വസ്തുക്കളുടെ കയറ്റുമതി വർദ്ധിപ്പിക്കാനും, എൻജിനീയറിങ്ഡിസൈൻ സർവീസ് കയറ്റുമതി ചെയ്യാനും വലിയ സംഭാവനകൾ നൽകിയവയാണ് മുകളിൽ പറഞ്ഞ പൊതുമേഖല സ്ഥാപനങ്ങൾ. സ്വകാര്യവൽക്കരണത്തിന് നിർദേശിക്കപ്പെട്ട ഈ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ദേശീയ സാങ്കേതിക വിദ്യ വികസനത്തിലും, പരിസ്ഥിതി സംരക്ഷണം പൊതുജനാരോഗ്യ സംരക്ഷണംസാമൂഹ്യക്ഷേമം എന്നീ മേഖലകളിലും നിലവിലും ഭാവിയിലും വഹിക്കാൻ കഴിയുന്ന പങ്കിനെ സർക്കാർ അവഗണിക്കുന്നു, ഇപ്പോഴത്തെ കലുഷിതമായ സാമ്പത്തിക സാഹചര്യത്തിൽ ഓഹരി വിൽപനയിൽ നിന്ന് പ്രതീക്ഷിച്ച വരുമാനം നേടാൻ കഴിയുമെന്ന് ഉറപ്പില്ലാത്ത അവസ്ഥയെയും സർക്കാർ അവഗണിക്കുന്നു. യുക്തിരഹിതമായ നീക്കമാണിത്. തന്ത്രപ്രധാന മേഖല എന്നത് സംബന്ധിച്ച് നവഉദാരവൽക്കരണ കാലത്തെ ബ്യൂറോക്രാറ്റുകളും, കരാറിനെടുത്ത വിദേശ കൺസൾട്ടന്റ്മാരും നൽകുന്ന ഉപദേശങ്ങൾ വിനാശകരമാണ്.

> **നവഉദാരവൽക്കരണ കാലത്തെ ബ്യൂറോക്രാറ്റുകളും, കരാറിനെടുത്ത വിദേശ കൺസൾട്ടന്റ്മാരും നൽകുന്ന ഉപദേശങ്ങൾ വിനാശകരമാണ്. സൂക്ഷ്മതലത്തിലുള്ള കാര്യക്ഷമതയിൽ സ്വകാര്യമേഖലയെ കവച്ചുവെക്കുന്ന സാങ്കേതിക പുരോഗതിക്കും ഉൽപാദന വളർച്ചക്കും വേണ്ട നിക്ഷേപം നടത്താൻ മാത്രം പണം കൈവശമുള്ള അവസ്ഥയിൽ പൊതുമേഖലയ്ക്ക് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് ഭരണകൂടം കരുതാത്തത് ദുരൂഹമാണ്.**

ഉൽപ്പാദന മേഖലയിലും, ധനകാര്യ ഇതര സേവന മേഖലകളിലുമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വാർഷിക ലാഭം, നികുതി നൽകൽ, മുടക്ക് മുതലിന് നൽകുന്ന പ്രതിഫലം (ROI) എന്നിവയിൽ സ്വകാര്യമേഖലയിലെ സമാന കമ്പനികളെ കവച്ചു വെക്കുമ്പോഴാണ് സ്വകാര്യവൽക്കരണ നീക്കങ്ങൾ നടക്കുന്നത് എന്നതാണ് ആശ്ചര്യകരം. സൂക്ഷ്മതലത്തിലുള്ള കാര്യക്ഷമതയിൽ സ്വകാര്യമേഖലയെ കവച്ചുവെക്കുന്ന സാങ്കേതിക പുരോഗതിക്കും ഉൽപാദന വളർച്ചക്കും വേണ്ട നിക്ഷേപം നടത്താൻ മാത്രം പണം കൈവശമുള്ള അവസ്ഥയിൽ ഈ കാലഘട്ടത്തിൽ പൊതുമേഖലയ്ക്ക് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് ഭരണകൂടം കരുതാത്തത് ദുരൂഹമാണ്.

2011 ലെ കണക്കുകൾ അനുസരിച്ച് കേന്ദ്ര പൊതുമേഖല കൈവരിച്ച നേട്ടം മുടക്കു

മുതലിൻമേൽ 12.5 ശതമാനം (ROI) മിച്ചമാണ്. ഇതേവർഷം സ്വകാര്യമേഖലക്ക് ലഭിച്ചത് 6 ശതമാനം മാത്രമാണ്. താഴെ പറയുന്ന കണക്കുകൾ ശ്രദ്ധിക്കുക

സുസ്ഥിരമായ സാമ്പത്തിക വളർച്ച നേടാൻ കമ്പോള വികസനവും, സാങ്കേതിക പുരോഗതിയും കൈവരിക്കണം. ഒപ്പം പാരിസ്ഥിതിക സംരക്ഷണവും ഉണ്ടാവണം. കോവിഡ് 19 പൊതു ആരോഗ്യമേഖലയുടെയും, തൊഴിലാളി ക്ഷേമത്തിന്റെയും പ്രാധാന്യം ആസൂത്രണ വിദഗ്ധൻമാരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാ വളർച്ച രാഷ്ട്രത്തിന്റെ സുസ്ഥിര വികസനത്തിലേക്ക് നയിക്കുമെന്ന് വ്യക്തമാണ്. എൽ.ഐ.സിയിൽ സർക്കാർ മുതൽമുടക്ക് 105 കോടി രൂപ മാത്രം. കഴിഞ്ഞ വർഷം വർഷം മാത്രം എൽ.ഐ.സി, സർക്കാർ പദ്ധതികളിൽ നിക്ഷേപം നടത്തിയത് 21,40,106 കോടി രൂപയാണ്. പോളിസി ഉടമകൾക്ക് എൽഐസിയുടെ ലാഭത്തിന്റെ 95 ശതമാനം ഡിവിഡന്റായി നൽകുന്ന ലോകത്തിലെ ഏക ഇൻഷുറൻസ് കമ്പനിയാണ് എൽ.ഐ.സി. എന്നിട്ടും എൽ.ഐ.സി സ്വകാര്യവൽക്കരണ പട്ടികയിലാക്കി.

ഉൽപ്പാദന മേഖലയിൽ മികച്ച പ്രവർത്തനം നടത്താൻ ഇന്ത്യൻ പൊതുമേഖലക്ക് കഴിയും. അവയുടെ പ്രാപ്തിയും, മിച്ചവും ഇന്ത്യയെ സ്വയം പര്യാപ്തതയിലേക്ക് നയിക്കാൻ പര്യാപ്തമാണ്. ടെലികോം, വൈദ്യുതി, റെയിൽവെ, എണ്ണ പ്രകൃതിവാതകം, പുത്തൻ സാങ്കേതിക വിദ്യകൾ, ഇൻഷുറൻസ്, ബാങ്കിങ് തുടങ്ങിയ മേഖലയിലെ പൊതുമേഖലാ സ്ഥാപനം സ്വയം പര്യാപ്ത രാഷ്ട്രം നിർമ്മിക്കുന്നതിൽ പ്രധാന പങ്കു വഹിക്കാൻ കഴിയുന്നവയാണ്. പൊതുമേഖലയിലൂടെ മാത്രമെ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിന് വികസനം നേടാൻ കഴിയൂ.

ആത്മനിർഭർ പാക്കേജിന്റെ 80 ശതമാനവും നിർവഹിക്കേണ്ടത് ബാങ്കുകളാണ്. സർക്കാർ ഈ പൊതുമേഖല ബാങ്കുകളെ ലയിപ്പിക്കാനും, സ്വകാര്യവൽക്കരിക്കാനുമുള്ള ശ്രമത്തിലാണ്. ഇത് രാഷ്ട്രത്തെ നാശത്തിലേക്കാണ് നയിക്കുക. ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ പൊതുമേഖലാ സംരക്ഷിക്കപ്പെടണം എന്ന കാര്യം ഗൗരവമായി ചർച്ചചെയ്യുകയും, അവ പുന:സംഘടിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണം. ശാസ്ത്രം വികസനത്തിന്റെ ഉത്തുംഗതയിൽ എത്തിയിട്ടും, സമ്പത്ത് വൻതോതിൽ വർധിപ്പിച്ചിട്ടും, സമ്പന്ന മുതലാളിത്ത രാജ്യങ്ങളിലെ ഭരണകൂടങ്ങൾക്ക് മനുഷ്യനെ ഒരു പകർച്ചവ്യാധിയുടെ കോവിഡ് 19 പിടിയിൽ നിന്ന് രക്ഷിക്കാനാവുന്നില്ല. പൊതു ആരോഗ്യ പദ്ധതി തകർത്ത്, എല്ലാം കമ്പോള ശക്തികളെ ഏൽപ്പിച്ചതിന്റെ ഫലമായി, സമ്പന്നർക്ക് മാത്രമേ ചികിത്സ ലഭ്യമാകുന്നുള്ളൂ. മറ്റുള്ളവർ മരിച്ചു തീരുന്നു. ചൈന, വിയറ്റ്നാം, വടക്കൻ കൊറിയ, ക്യൂബ എന്നീ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന കേരളവും മാത്രമാണ് ജനങ്ങൾക്ക് തുണയായത്. മുതലാളിത്ത വ്യവസ്ഥയുടെ പരാജയമാണ് ഒരിക്കൽ കൂടി നാം കാണുന്നത്. പ്രസ്തുത മുതലാളിത്തം ശക്തിപ്പെടുത്താൻ ശ്രമിക്കുന്ന മോഡി ഭരണം എത്ര ജനവിരുദ്ധമാണെന്ന് മനസ്സിലാക്കാൻ കഴിയണം. ●



**ശാസ്ത്രം വികസനത്തിന്റെ ഉത്തുംഗതയിൽ എത്തിയിട്ടും, സമ്പത്ത് വൻതോതിൽ വർധിപ്പിച്ചിട്ടും, സമ്പന്ന മുതലാളിത്ത രാജ്യങ്ങളിലെ ഭരണകൂടങ്ങൾക്ക് മനുഷ്യനെ കോവിഡ് 19 പിടിയിൽ നിന്ന് രക്ഷിക്കാനാവുന്നില്ല. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും, കേരളവും മാത്രമാണ് ജനങ്ങൾക്ക് തുണയായത്. മുതലാളിത്ത വ്യവസ്ഥയുടെ പരാജയമാണ് നാം കാണുന്നത്. പ്രസ്തുത മുതലാളിത്തം ശക്തിപ്പെടുത്താൻ ശ്രമിക്കുന്ന മോഡി ഭരണം എത്ര ജനവിരുദ്ധമാണെന്ന് മനസ്സിലാക്കാൻ കഴിയണം.**



ഡോ. കെ. ഹേമലത



ഇന്ത്യൻ റെയിൽവെ പോലുള്ള തന്ത്രപ്രധാന മേഖലയെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളോടൊപ്പം നാടനും വിദേശീയവുമായ സ്വകാര്യ കോർപറേറ്റ് ഭീമന്മാരുടെ മടിത്തട്ടിൽ കാഴ്ച വെക്കാനാണ് മോഡി സർക്കാർ തുനിയുന്നത്.

# റെയിൽവെ സ്വകാര്യവൽക്കരണം

- ദിവസവും 23 ദശലക്ഷം പേരെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നു. ഓരോ ദിവസവും ശരാശരി 30 ലക്ഷം കിലോമീറ്റർ താണ്ടുന്നു. ഈ തന്ത്രപ്രധാന മേഖലയെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളോടൊപ്പം നാടനും വിദേശീയവുമായ സ്വകാര്യ കോർപറേറ്റ് ഭീമന്മാരുടെ മടിത്തട്ടിൽ കാഴ്ച വെക്കാനാണ് മോഡി സർക്കാർ തുനിയുന്നത്.
- ഇന്ത്യാഗവണ്മെന്റ് 109 റൂട്ടുകളിലായി 151 ജോഡി ട്രെയിനുകൾ ഓടിക്കാൻ ആഗോള ടെൻഡർ യോഗ്യത പത്രത്തിനായി ക്ഷണിച്ചിരിക്കുന്നു. ബാംഗ്ലൂർ, ഡൽഹി, സെക്കൻഡറാബാദ്, മുംബൈ, പ്രയാഗ്‌രാജ്, ചണ്ഡീഗഢ്, ജയ്പൂർ, പാറ്റ്ന, ഹൗറ, ചെന്നൈ തുടങ്ങി 12 ക്ലസ്റ്ററുകളിലായി ഏതാണ്ടെല്ലാ സുപ്രധാന റൂട്ടുകളിലും സ്വകാര്യ ട്രെയിനുകൾ ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.
- 1924 മുതൽ നിലവിലിരുന്ന റെയിൽവേ ബഡ്ജറ്റ് വേണ്ടെന്നു വച്ച് പൊതു ബഡ്ജറ്റിൽ ലയിപ്പിച്ചു. ഒരു എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം റെയിൽവേ ഡെവലപ്മെന്റ് അതോറിറ്റി ക്കു രൂപം നൽകി അതിന്റെ നിയമനപ്രക്രിയക്കു തുടക്കം കുറിച്ചുകഴിഞ്ഞു. ഡെവലപ്മെന്റ് അതോറിറ്റി യാത്ര

ഇൻഡ്യൻ റെയിൽവെയുടെ 100 ദിന കർമ്മ പരിപാടിയിൽ പ്രൊഡക്ഷൻ യൂണിറ്റുകളുടെ കോർപറേറ്റുവൽക്കരണം ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ തൊഴിലാളികളുടെ ശക്തമായ ചെറുത്തുനില്പിന്റെ ഫലമായി ഇനിയും അത് നടപ്പാക്കാനായിട്ടില്ല.

കൂലിയും കടത്തൽ കൂലിയും നിശ്ചയിക്കുകയും നിയന്ത്രണ ചുമതല നിർവഹിക്കുകയും ചെയ്യും എന്നാണ് പരികല്പന. പ്രസ്തുത അതോറിറ്റി പ്രവർത്തനം തുടങ്ങുന്നതിനു മുൻപ് തന്നെ സ്വകാര്യ തേജസ്സ് എക്സ് പ്രസ്സുകൾ ഓടിത്തുടങ്ങി. ചാർജുകൾ അവർക്കു ഇഷ്ടം പോലെ നിശ്ചയിക്കാം.

- ഇൻഡ്യൻ റെയിൽവേയെ പല കഷണങ്ങളാക്കി മുറിച്ചു സ്വകാര്യവൽക്കരണത്തിനു പാത യൊരുക്കുന്നതു റെയിൽവേ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും ജനങ്ങളു ടെയാകെ താല്പര്യങ്ങൾക്കും വിനാശകരമാണെന്നതിൽ തർക്കത്തിനവകാശമില്ല.
- **സ്വകാര്യപങ്കാളിത്തത്തിനു അനുകൂലമായി ഉയർത്തുന്ന വാദഗതികൾ :** കാര്യക്ഷമത വർധി പ്പിക്കും, യാത്രാസമയംകുറയും, സേവനങ്ങളുടെ നിലവാരമുയരും, സമയനിഷ്ഠ പാലിക്കും, സുരക്ഷ മെച്ചപ്പെടും, യാത്രക്കാരുടെ കാത്തിരുപ്പു ലിസ്റ്റ് ഇല്ലാതാകും. ആവിശ്യമനുസരിച്ചു സ്വകാര്യ ട്രെയിനുകൾ ഉണ്ടാകും. അതോടൊപ്പം റെ യിൽവേക്കു ഹാളേജു ചാർജ്, ഊർജച്ചാർജ്, മൊത്ത വരുമാനത്തിൽ നിശ്ചിതപങ്ക് എന്നിവ ലഭിക്കും. ഇതൊന്നും വസ്തുതകളുടെ പിൻബലമുള്ളവയല്ല .




**എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം രൂപീകരിച്ച റെയിൽവേ ഡെവല പ്മെന്റ് അതോറിറ്റി പ്രവർത്തനം തുടങ്ങുന്നതിനു മുൻപ് തന്നെ സ്വകാര്യ തേജസ്സ് എക്സ് പ്രസ്സു കൾ ഓടിത്തുടങ്ങി. ചാർജുകൾ അവർക്കു ഇഷ്ടം പോലെ നിശ്ച യിക്കാം.**

- സ്വകാര്യവൽക്കരണം മൂലം റെയിൽവേ സുരക്ഷ മെച്ചപ്പെടുമെന്ന് പറയുന്നത് ജനങ്ങളെ വഞ്ചിക്കലാണ്. സമയനിഷ്ഠയും കാര്യക്ഷമതയും ഉടമസ്ഥതയെ ആശ്രയിച്ചല്ല നിലകൊള്ളുന്നത്. അത് ട്രാക്കിന്റെയും റോളിങ്സ്റ്റോക്കിന്റെയും, സി ഗ്നലിങ്ങിന്റെയും ഗുണനിലവാരവും അതിന്റെ പരി പാലനത്തിന് മതിയായ വൈദഗ്ധ്യമുള്ള തൊഴിലാ ളികളുടെ ലഭ്യതയെയും ഇതിന്റെയെല്ലാം ഏകോ പനത്തെയും ആശ്രയിച്ചാണിരിക്കുന്നത്. ഓരോ വർഷവും 4500 ഗങ ട്രാക്ക് പുതുക്കേണ്ടതായി വരുന്നു. ഫണ്ട് ദൗർലഭ്യം മൂലം പുതുക്കൽ യഥാസ മയം നടക്കുന്നില്ല. ഇതേ രീതിയിൽ പഴക്കം ചെന്ന സിഗ്നൽ ഗിയറുകൾ തുടർന്നും ഉപയോഗിക്കുന്നു.
- പഴയ ട്രാക്കും പഴയ സിഗ്നലുകളും മൂലം പരിപാലനത്തിന് കൂടുതൽ തൊഴിലാളികളുടെ ആവശ്യകത ഉണ്ടാകുന്നു. പകരം ജീവനക്കാരുടെ എണ്ണത്തിൽ വൻ വെട്ടിക്കുറവാണ് വരുത്തുന്നത്. ഒഴിവുള്ള തസ്തികകളിൽ 50 % സറണ്ടർ ചെയ്യുന്നു. 109 റൂട്ടുകളിൽ യോഗ്യതാപത്രത്തിനു ടെൻഡർ വിളിച്ചദിവ സം തന്നെ പുതിയ തസ്തികകൾ സൃഷ്ടിക്കൽ മരവിപ്പിച്ചു കൊണ്ടും മുൻപ് റിക്രൂട്ട്മെന്റിന് നൽകിയ ഓർഡറുകൾ റിവ്യൂ ചെയ്യാനും റെയിൽവേ ബോർഡ് നിർദ്ദേശിച്ചിരിക്കയാണ്. ചെലവ് ചുരുക്കലിന്റെ ഭാഗമായി സാധ്യമായ ഇടങ്ങളിൽ ലാഭകരമല്ലാത്ത ബ്രാഞ്ച് ലൈനുകൾ അടച്ചു പൂട്ടാനും നിർദ്ദേശമു ണ്ട്. ജീവനക്കാരുടെ അനുകൂല്യങ്ങളിലും ഗണ്യമായ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്.
- തസ്തികകളിൽ കടുത്ത വെട്ടിക്കുറവ് വരുത്തുന്നത് തൊഴിലില്ലായ്മ കൂടുതൽ രൂക്ഷമാക്കും. ഡൽഹി ലക്നൗ റൂട്ടിൽ ഏർപ്പെടുത്തിയ സ്വകാര്യ തേജസ്സ് എക്സ് പ്രസ്സിൽ അറ്റൻഡർ ആയി സ്ത്രീ ജീവനക്കാരെയാണ് നിയമിച്ചിരിക്കുന്നത്. 15000 രൂപ ശമ്പളത്തിന് അവർ 18 മണി ക്കൂർ ജോലിചെയ്യണം. നമ്മുടെ കുട്ടികൾക്ക് റെയിൽവേയിൽ സ്ഥിരം ജോലി എന്നത് ദിവാ സ്വപ്നമായി മാറും.
- ലോകത്തൊരിടത്തും സാധാരണക്കാർക്കുള്ള റോഡ് / റെയിൽ ഗതാഗതം ലാഭത്തിൽ പ്ര വർത്തിക്കുന്നില്ലെന്നതാണ് .പൗരന്മാർക്ക് നിത്യ ജീവിതത്തിനുള്ള അടിസ്ഥാനവിശ്യങ്ങൾ ഉറപ്പുവരുത്തേണ്ടത് തെരെഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്.

രാജവാഴ്ചയിൽ പോലും അത് പാലിച്ചു പോന്നിട്ടുണ്ട്. ഷൊർണൂറിൽ നിന്നും കൊച്ചിയിലേക്ക് റയിൽപ്പാത നിർമിക്കാൻ അന്നത്തെ കൊച്ചി രാജാവ് ക്ഷേത്രത്തിലെയും കുടുംബത്തിലെയും സ്വർണം വിറ്റു ബ്രിട്ടീഷ്കാർക്ക് പണം കൊടുത്ത ചരിത്രം ഓർക്കുക. പൊതു ഗതാഗതത്തിനുണ്ടാകുന്ന നഷ്ടം സമ്പദ്ഘടനക്കാകെ ഉണ്ടാകുന്ന നേട്ടം കണക്കിലെടുത്തു ഗവണ്മെന്റ് നികത്തേണ്ടതാണ്. സ്വകാര്യ കോർപറേറ്റുകൾ ലാഭം കൊയ്യാനാണ് റെയിൽവേയിൽ വരുന്നത്.

- ഇപ്പോൾ യാത്രാ ചിലവിന്റെ 53 % ടിക്കറ്റ് ചാർജ് ആയി ഈടാക്കുമ്പോൾ 47 % സബ്സിഡി നൽകപ്പെടുന്നു. ഈ സബ്സിഡി ഇല്ലാതാകുമ്പോൾ യാത്രക്കൂലി അപ്പോൾത്തന്നെ ഇരട്ടിയാകും. അതോടൊപ്പം കുട്ടികൾ, മുതിർന്നപൗരന്മാർ, അംഗപരിമിതർ, കാൻസർ രോഗികൾ വിദ്യാർഥികൾ തുടങ്ങിയവർക്കുള്ള എല്ലാ സൗജന്യങ്ങളും ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള പാസ് അടക്കം നിർത്തലാക്കപ്പെടും. എയർലൈൻസിലെ പോലെ ഇഷ്ടപെട്ട സീറ്റിനും, ബെഡ്റോളിനും, വൈഫൈക്കും എല്ലാത്തിനും പ്രത്യേക ചാർജ് നൽകേണ്ടിവരും.



ഇപ്പോൾ യാത്രാ ചിലവിന്റെ 53 % ടിക്കറ്റ് ചാർജ് ആയി ഈടാക്കുമ്പോൾ 47 % സബ്സിഡി നൽകപ്പെടുന്നു. ഈ സബ്സിഡി ഇല്ലാതാകുമ്പോൾ യാത്രക്കൂലി അപ്പോൾത്തന്നെ ഇരട്ടിയാകും. അതോടൊപ്പം കുട്ടികൾ, മുതിർന്ന പൗരന്മാർ, അംഗപരിമിതർ, കാൻസർ രോഗികൾ വിദ്യാർഥികൾ തുടങ്ങിയവർക്കുള്ള എല്ലാ സൗജന്യങ്ങളും ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള പാസ് അടക്കം നിർത്തലാക്കപ്പെടും.

- സ്റ്റേഷൻ പുനർവികസനത്തിന്റെ പേരിൽ ppp മോഡലിൽ റെയിൽവേ സ്റ്റേഷനുകളും അതിനോടനുബന്ധിച്ചുള്ള സ്ഥലവും സ്വകാര്യ സംരംഭകർക്ക് കൈമാറാനുള്ള പദ്ധതി 2017 ൽ തന്നെ ആവിഷ്കരിച്ചു നടപ്പാക്കാൻ ശ്രമിച്ചു വരുന്നതാണ്. 400 സ്റ്റേഷനുകൾ ലോകനിലവാരമുള്ളതാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ 50 എണ്ണം മുൻഗണനാ പട്ടികയിൽ പെടുത്തി നടപടികൾ തുടങ്ങിയിട്ടുണ്ട്. സ്റ്റേഷൻ മാനേജ് ചെയ്യുന്ന സ്വകാര്യ കോൺട്രാക്ടർമാർ സ്റ്റേഷൻ ഫെസിലിറ്റേഷൻ മാനേജർ ആയി അറിയപ്പെടും. ലീസ് ചാർജ് , പ്രീമിയം ചാർജ് എത്രമാത്രം കൂടുതൽ വാഗ്ദാനം ചെയ്യുന്നവർക്കാണ് നൽകുക. 45 വർഷത്തേക്കാണ് കാലാവധി. റെയിൽവേ സ്റ്റേഷനും അതിനോട് അനുബന്ധമായിട്ടുള്ള സ്ഥലങ്ങളും വ്യാപാര സമുച്ചയങ്ങൾ, സിനിമാശാലകൾ, ആശുപത്രികൾ, കൺവെൻഷൻ സെന്ററുകൾ തുടങ്ങി ഹെലിപാഡ് വരെ അവർക്കു പടുത്തുയർത്താം. റെയിൽവേ ഓപ്പറേഷനുള്ള സ്ഥലം മാത്രം നൽകിയാൽ മതിയാകും. റെയിൽവേ സ്റ്റേഷൻ സാധാരണക്കാർക്ക് അപ്രാപ്യമാകും. ടിക്കറ്റിങ്ങും ഓപ്പറേഷനും മാത്രം റെയിൽവേ യിൽ അവശേഷിക്കും. നിലവിലുള്ള ജീവനക്കാർ ഒഴിവാക്കപ്പെടും. പകരം സ്വകാര്യകമ്പനികൾ അവരുടെ തൊഴിലാളികളെ നിയോഗിക്കും. ചുരുക്കത്തിൽ ലോകനിലവാരം എന്നത് സാധാരണക്കാരന്റെ ഏക ഗതാഗതോപാധി അവർക്കു നിഷേധിക്കപെടുന്നതിനാണ്.
- നമ്മുടെ എല്ലാ പ്രൊഡക്ഷൻ യൂണിറ്റുകളും ലോകനിലവാരം പുലർത്തുന്നവയും കാര്യക്ഷമമായി പ്രവർത്തിക്കുന്നവയുമാണ്. എന്നാൽ അവയെ റെയിൽവേ യിൽ നിന്നും വേർപെടുത്തി പുതുതായി രൂപീകരിക്കുന്ന ഇൻഡ്യൻ റെയിൽവേ റോളിങ് സ്റ്റോക്ക് കമ്പനിയുടെ ഭാഗമാക്കാനാണ് പദ്ധതി. ഓരോന്നും പ്രത്യേക പബ്ലിക് സെക്ടർ യൂണിറ്റ് ആക്കി മാറ്റി വില്പന സുഗമമാക്കാനുള്ള ശ്രമമാണ്. ഇൻഡ്യൻ റെയിൽവേ അവരുടെ രത്നങ്ങൾ ആയാണ് പ്രൊഡക്ഷൻ യൂണിറ്റുകളെ കാണുന്നത്. എന്നാൽ ബിജെപി ഗവണ്മെന്റ് അവയുടെ ശേഷി മുഴുവൻ ഉപയോഗപ്പെടുത്തുന്നില്ല. പകരം കൂടുതൽ വിലയ്ക്ക് ഡീസൽ / ഇലക്ട്രിക്ക് എൻജിനു

കൾ ജനറൽ ഇലക്ട്രിക്ക് / അൽസ്തോം കമ്പനികളിൽ നിന്നു ഇറക്കുമതിചെയ്യുകയാണ്. ഇത് ഗവണ്മെന്റിന്റെ മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെയും ആത്മനിർഭര ഇന്ത്യയുടേയും പൊള്ളത്തരവും ഇരട്ടത്താപ്പും തുറന്നുകാട്ടുന്നു.

- ബിഹാറിലെ മർഹഉറയിൽ ഒരുഡീസൽ ലോക്കോമോട്ടീവ്യൂണിറ് സ്ഥാപിക്കാൻ ജനറൽ ഇലക്ട്രിക്ക് എന്ന ഭീമൻ അമേരിക്കൻ കമ്പനിക്കു കരാർ കൊടുത്തിരിക്കുന്നു. 2014 ൽ യു പി എ ഗവണ്മെന്റ് ആണ് കരാർ അംഗീകരിച്ചത്. അതിന്റെ അന്തിമ കരാർ ഒപ്പിട്ടത് മോദി സർക്കാരാണ്. 10 വർഷത്തിനിടയിൽ 1000 എഞ്ചിനുകൾ വാങ്ങാനാണ് വ്യവസ്ഥ. 2022 നകം സമ്പൂർണ ഇലെക്ട്രിഫിക്കേഷൻ ലക്ഷ്യമിടുന്ന സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനെപ്പറ്റി ആലോചനകൾ നടന്നു. ഇതറിഞ്ഞ കമ്പനി മേധാവി നഷ്ടപരിഹാരം നൽകണമെന്ന് ഭീഷണി മുഴക്കി. ഉടൻതന്നെ റെയിൽവേ മന്ത്രി പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന് ഉറപ്പുനൽകി. ബഹുരാഷ്ട്ര കുത്തകകളുടേ സമ്മർദ്ദങ്ങൾക്ക് മുന്നിൽ ബിജെപി ഗവണ്മെന്റ് മുട്ടുമടക്കുന്നതിന്റെ ഉദാഹരണമാണിത്. കമ്പനി എഞ്ചിനുകൾ നൽകുകയും പരിപാലിക്കുകയും ചെയ്യും പക്ഷെ ഇവിടെ നിർമിക്കുന്നില്ല. ഇന്ത്യയുടെ ആദ്യത്തെ 5500 hp എഞ്ചിൻ rdsoയുടെ സഹായത്തോടുകൂടി 2015 ൽ പുറത്തിറക്കിയത് പ്രസ്താവ്യമാണ്. 4500 hp എഞ്ചിൻ നേരത്തെതന്നെ നിർമിച്ചുവരുന്നു. 2015 – 16 ൽ ലക്ഷ്യമിട്ട 320നു പകരം 330 എഞ്ചിൻ നിർമിച്ചു പുതിയ റെക്കോഡ് സ്ഥാപിച്ചു. കുറഞ്ഞ ചിലവിൽ നമുക്ക് തന്നെ നിർമ്മിക്കാൻ കഴിയുമ്പോൾ ഇറക്കുമതി ചെയ്യുന്നത് എന്തിനു എന്ന ചോദ്യം ഉയരുന്നു. ജനറൽ ഇലക്ട്രിക്കും ഫ്രഞ്ച് കമ്പനി അസ്തോമുമായും ഉള്ള കരാറുകളുടെ അടങ്കൽ 40000 കോടി രൂപവരും. നമ്മുടെ ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്നതിനേക്കാൾ 2 3 ഇരട്ടി വില നല്കേണ്ടിവരുന്നു.



**ബിഹാറിലെ മർഹഉറയിൽ ഒരുഡീസൽ ലോക്കോമോട്ടീവ്യൂണിറ് സ്ഥാപിക്കാൻ ജനറൽ ഇലക്ട്രിക്ക് എന്ന ഭീമൻ അമേരിക്കൻ കമ്പനിക്കു കരാർ കൊടുത്തിരിക്കുന്നു. 2014 ൽ യു പി എ ഗവണ്മെന്റ് ആണ് കരാർ അംഗീകരിച്ചത്. അതിന്റെ അന്തിമ കരാർ ഒപ്പിട്ടത് മോദി സർക്കാരാണ്.**

- മുൻ റെയിൽവേ ബോർഡ് അംഗം ശ്രീ R.C ആചാര്യ അഭിപ്രായപ്പെട്ടത് നമ്മുടെ രാജ്യത്തു തന്നെ റോളിങ്ങ് സ്റ്റോക്ക് ഉല്പാദനം നടത്തുക വഴി ഒരു വർഷം 20000 കോടി രൂപ ലാഭം ഉണ്ടാകുന്നുവെന്നാണ് .
- ചെന്നൈയിലെ ഇന്റഗ്രൽ കോച്ചുഫാക്ടറി 2014 ൽ ഏറ്റവും ആധുനീകമായ എൽ.എച്.ബി കോച്ചുകൾ പുറത്തിറക്കി. 160 കി.മീ. സ്പീഡിൽ ഓടാൻ കഴിയുന്ന ട്രെയിൻ 18 കോച്ചുകൾ 98 കോടി രൂപയ്ക്കു നിർമിച്ചു വരികയാണ്. ഈ നേട്ടം അംഗീകരിച്ചുകൊണ്ട് പ്രധാനമന്ത്രിതന്നെ ട്രെയിൻ 18 എന്നത് വന്ദേ ഭാരത് എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ പ്രവർത്തിച്ചു വന്ന പ്രിന്റിങ് പ്രസ്സുകൾ അടച്ചുപൂട്ടാൻ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഒരു പക്ഷേ റെയിൽവേ പോലുള്ള ഒരുവലിയ സ്ഥാപനത്തിന്റെ പ്രിന്റിങ് ജോലികൾ സ്വകാര്യമേഖലക്ക് നൽകാനുള്ള താത്പര്യമായിരിക്കാം അതിനു പ്രേരിപ്പിച്ചത്
- റെയിൽവേ സ്വകാര്യവൽക്കരിക്കപ്പെട്ട രാജ്യങ്ങളുടെ അനുഭവങ്ങൾ എന്ത് ? 1996 ൽ ബ്രിട്ടീഷ് റെയിൽവേ സ്വകാര്യവൽക്കരിക്കപ്പെട്ടു. 25 ട്രെയിൻ ഓപ്പറേറ്റിംഗ് കമ്പനികളായി വിഭജിക്കപ്പെട്ടു. പൊടുന്നനെത്തന്നെ അപകടങ്ങൾ വർധിച്ചു. ട്രെയിനുകൾ വൈകി ഓടി അപകടങ്ങൾ തുടർക്കഥയായി. റെയിൽവേ ഒരു ആശ്രയിക്കാവുന്ന ഗതാഗതോപാധി അല്ലാന്നുവന്നു. ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി ട്രാക്ക് പരിപാലനത്തിൽ വീഴ്ച്ച വരുത്തി കൊള്ളലാഭമുണ്ടാക്കാൻ കള്ള കണക്കു ഉണ്ടാക്കി. ജനങ്ങൾ രോഷാകുലരായതിനെ തുടർന്ന് ഗവണ്മെന്റ് ഇടപെടാൻ നിർബന്ധിതമായി. റെയിൽവേ ട്രാക്ക് മറ്റ് അടിസ്ഥാനസൗകര്യങ്ങൾക്കായി പൊതുമേഖലയിൽ നെറ്റ് വർക്ക് റെയിൽ എന്നസ്ഥാപനം രൂപീകരിച്ചു. സ്വകാര്യ കമ്പനികളിൽ നിന്ന് ഏറ്റെ

ടുത്തു ഇന്നും പ്രവർത്തനം തുടരുന്നു. ഇന്നിപ്പോൾ കോവിഡ് മഹാമാരിയെ തുടർന്ന് ബ്രിട്ടീഷ് ഗവണ്മെന്റ് എല്ലാ ട്രെയിൻ ഓപ്പറേറ്റിംഗ് കമ്പനികളെയും (യാഥാസ്ഥിക ഗവണ്മെന്റ് തന്നെ) ഏറ്റെടുത്തിരിക്കുകയാണ്. എന്തായാലും റെയിൽവേ സ്വകാര്യവൽക്കരണത്തിന്റെ ബ്രിട്ടീഷ് അനുഭവം സമ്പൂർണ പരാജയത്തിന്റേതാണ്. വടക്കൻ അയർലണ്ടിൽ റെയിൽവേ 1940 തന്നെ ദേശസാൽക്കരിക്കപ്പെട്ടതാണ്. ഇന്നും അതേ നിലയിൽ തുടരുന്നു.

- അർജന്റീനയിലാകട്ടെ സ്വകാര്യകമ്പനികൾ റെയിൽവേ ശൃംഖല അതിന്റെ നാലിൽ ഒന്നായി വെട്ടിച്ചുരുക്കുകയും പല ലൈനുകളും അടച്ചു പൂട്ടപ്പെടുകയോ, ഉപേക്ഷിക്കപ്പെടുകയോ ചെയ്തു. സേവനനിലവാരവും യാത്രക്കാരുടെ എണ്ണവും കുത്തനെ കുറഞ്ഞു. 70000 പേരുടെ തൊഴിൽ നഷ്ടപ്പെട്ടു. 793 റെയിൽവേ സ്റ്റേഷനുകൾ അടക്കപ്പെട്ടു. അവസാനം 2015 ൽ റയിൽവേ ലൈനുകളുടെയും സർവീസുകളുടെയും സമ്പൂർണ ദേശസാൽക്കരണം പ്രഖ്യാപിക്കാൻ ഗവണ്മെന്റ് നിർബന്ധിതമായി.



- ഡൽഹി മെട്രോ എയർപോർട്ട് ലൈനിൽ റോളിങ്സ്റ്റോക്ക്, എലെക്ട്രിഫിക്കേഷൻ, സിഗ്നലിങ് എന്നിവക്ക് റിലൈൻസ് നിക്ഷേപം നടത്തുകയും ലൈൻ പ്രവർത്തനം തുടങ്ങുകയും ചെയ്തു. എന്നാൽ നഷ്ടം ഉണ്ടാകുന്നതു കണ്ടപ്പോൾ അവർ ഉപേക്ഷിച്ചു പോയി. ഡെൽഹി മെട്രോ റെയിൽ കോർപറേഷൻ അത് ഏറ്റെടുത്തു ഇപ്പോഴും നടത്തുന്നു. മുംബൈയിൽ റീലിൻസ് ഇൻഫ്രാസ്ട്രക്ചർ മുംബൈ മെട്രോ ലൈൻ 1, 11 കി.മീ. ഉയർന്ന ഭാഗം പൂർത്തിയാക്കാൻ 7 വർഷമെടുത്തു. വൻ ചാർജ് ആണ് ഈടാക്കുന്നത്. എന്നിട്ടും വൻ നഷ്ടത്തിലാണെന്നാണ് അവർ പറയുന്നത്

**തൊഴിലാളികളുടെ കഠിനമായ അധ്വാനം കൊണ്ടും ജനങ്ങളുടെ നികുതി പണവും കൊണ്ട് പടുത്തുയർത്തപ്പെട്ടതാണ് ഇന്ത്യൻ റെയിൽവേ. സ്വകാര്യ കോർപറേറ്റുകൾക്കു ലാഭം കൊയ്യാനുള്ള ഒന്നായി രാഷ്ട്രത്തിന്റെ പാരമ്പര്യ സ്വത്തായ റെയിൽവേയെ വിട്ടുകൊടുക്കാൻ നാം അനുവദിച്ചു കൂടാ.**

- ബിജെപി ഗവണ്മെന്റ് സ്വകാര്യ ട്രെയിനുകൾ ഓടിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തീരുമാനിച്ചിട്ടുണ്ട്. 35 വർഷമാണ് കാലാവധി. ജനങ്ങളുടെ പണവും അധ്വാനവും കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ട്രാക്കുകളും സിഗ്നലിങ്ങും മറ്റ് അടിസ്ഥാനസൗകര്യങ്ങളും അവർ ഉപയോഗപ്പെടുത്തും. ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് റെയിൽവേയുടെ റിസർവേഷൻ സംവിധാനം ഉപയോഗപ്പെടുത്താം. സ്വകാര്യ ട്രെയിനുകളുടെ സുരക്ഷാ കാര്യങ്ങൾ ഇൻഡ്യൻ റെയിൽവേ നോക്കും. ഇൻഡ്യൻ റെയിൽവേയുടെ ലോക്കോപൈലറ്റും ഗാർഡും വണ്ടികളോടിക്കും അതിനു ഹാളേജ് ചാർജും ഊർജ ചാർജും നൽകണം. ലേല നടപടികളിലൂടെ തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വരുമാനത്തിന്റെ ഒരുഭാഗം റെയിൽവേക്കു നൽകണം.
- ഇൻഡ്യൻ റെയിൽവേ തൊഴിലാളികളുടെ കഠിനമായ അധ്വാനം കൊണ്ടും ജനങ്ങളുടെ നികുതി പണവും കൊണ്ട് ജനങ്ങൾക്ക് അവകാശപ്പെട്ട ഭൂമിയിൽ പടുത്തുയർത്തപ്പെട്ടതാണ്. റെയിൽവേ നിർമാണത്തിനിടെ പതിനായിരക്കണക്കിന് തൊഴിലാളികൾ പകർച്ചവ്യാധികളോടും പ്രതികൂലമായ കാലാവസ്ഥയോടും ഭൂപ്രകൃതിയോടും മല്ലിട്ടും ബ്രിട്ടിഷ് അധികാരികളുടെ നിഷ്ടൂരമായ ചൂഷണത്തിനടിപ്പെട്ടും അപകടങ്ങളിൽപെട്ടും കൂലി കിട്ടാതെ പട്ടിണി കിടന്നും മരണപ്പെട്ട കഥ ഒരു ബ്രിട്ടീഷ് എഞ്ചിനീയർ ആയ ജോൺ കെ ഖേർ 1990 ൽ പ്രസിദ്ധീകരിച്ച ബിൽഡിംഗ് ഓഫ് റയിൽവേസ് ഇൻ രാജ് എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട് . ●

ഭാരത് പെട്രോളിയം വിൽപ്പന

# മൊത്ത കച്ചവടത്തിനുള്ള 'കർട്ടൻ റൈസർ'



അജി എം.ജി
(CPSTU)

**'ആണവോർജം, പ്രതിരോധം, അസംസ്കൃത എണ്ണ, കൽക്കരി ഉൾപ്പടെ സ്വകാര്യ മേഖലക്കായി രാജ്യം തുറന്നു നൽകുന്നത് 18 തന്ത്രപ്രധാന മേഖലകൾ' ഒരു മലയാള ദേശീയ പത്രത്തിൽ വന്ന വാർത്തയുടെ തുടക്ക വാചകങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. തുറന്നുകൊടുക്കുന്നു എന്നു പറഞ്ഞാൽ തെറ്റിദ്ധരിക്കരുത് തന്ത്രപ്രധാന മേഖലകളിൽ പ്രവർത്തിക്കുന്ന പൊതുമേഖലകൾ സ്വകാര്യ കമ്പനികൾക്ക് വിൽക്കുന്നു എന്നാണ് അർത്ഥം.**

## ലാഭത്തിൽ പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ എന്തിന് സ്വകാര്യവൽക്കരിക്കണം ?

2019 നവംമ്പർ 20 ന് പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ക്യാമ്പിനറ്റ് കമ്മിറ്റി ഫോർ എക്കണോമിക്ക് അഫയേഴ്സാണ് ഇന്ത്യയിലെ എറ്റവും വലിയ രണ്ടാമത്തെ പൊതുമേഖല എണ്ണ കമ്പനിയായ ഭാരത് പെടോളിയം കോർപ്പറേഷൻ വിൽക്കാൻ തീരുമാനിച്ചത്.
ബിപിസിഎൽ വിൽക്കാനുള്ള തീരുമാനമെടുക്കുമ്പോൾ ഭാരത് പെട്രോളിയത്തിൽ കേന്ദ്ര ഗവൺമെന്റിനുണ്ടായിരുന്ന ഓഹരി വിഹിതം 53. 29 ശതമാനമായിരുന്നു.
ഇപ്പോൾ അത് 52.89 ശതമാനമാണ്. കാരണം കഴിഞ്ഞ 9 മാസത്തിനടയിൽ  ഭാരത് എക്സ്ചേഞ്ച് ട്രേഡ് ഫണ്ട് വഴി ബിപിസിഎൽ ഓഹരി വിറ്റിട്ടുണ്ട്.

ഭാരത് പെട്രോളിയം കോർപ്പറേഷന്റെ വിൽപ്പന അറിയിച്ചു കൊണ്ട് 2019 നവംമ്പർ 20 രാത്രി 10 മണിക്ക് പുറത്തിറക്കിയ പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ പത്രക്കുറിപ്പിലൂടെ ബിപിസി എൽ വിൽപ്പനയുടെ നേട്ടമായി പറയുന്നത്. പൊതുമേല വിൽപ്പനയിലൂടെ തുറന്നു വിടുന്ന സമ്പത്ത് സാമൂഹ്യ സാമ്പത്തിക പദ്ധതികൾക്ക് പ്രയാജനപ്പെടുത്തി ജനങ്ങൾക്ക് ഉപകാരപ്രദമാക്കാമെന്നും, വാങ്ങുന്നവർ ആധുനിക സാങ്കേതിക, മാനേജ്മെന്റ് വൈദഗ്ദ്യം ഉപയോഗപ്പെടുത്തി ബിപിസിഎൽ കൂടുതൽ കാര്യക്ഷമമാക്കുമെന്നാണ്.

## കേന്ദ്രഗവൺമെന്റിന്റെ ഈ അവകാശവാദങ്ങൾ വസ്തുതാപരമാണോ?

ബി പി സി എല്ലിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിയാൽ മാത്രമേ കേന്ദ്ര ഗവൺമെന്റ് പ്രസ്താവനയുടെ പൊള്ളത്തരം മനസ്സിലാക്കാൻ കഴിയൂ.

2009–10–ൽ ബിപിസിഎല്ലിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം 13900 ആയിരുന്നു. ഇതിൽ 4781 പേർ ഓഫിസേഴ്സും 9119 തൊഴിലാളികളുമായിരുന്നു

2018 – 19ൽ മൊത്തം സ്ഥിരം ജീവനക്കാരുടെ എണ്ണം 11971 ആയി ചുരുങ്ങി. ആകെ ജീവനക്കാരിൽ 6150 പേർ ഓഫിസേഴ്സും, 5774 തൊഴിലാളികളുമാണ്.

2009 – 10 ൽ നിന്നും സംസ്ക്കരണ ശേഷി, വിപണനം, എല്ലാം വലിയ തോതിൽ വർദ്ധിച്ച




### നികുതി കഴിച്ചുള്ള ലാഭം

| | കോടി |
|---|---|
| 2014 - 15 | 5,085 |
| 2015 - 16 | 7056 |
| 2016 - 17 | 8039 |
| 2017 - 18 | 7976 |
| 2018 - 19 | 7132 |

കഴിഞ്ഞ 10 വർഷത്തെ കണക്കെടുത്ത് പരിശോധിച്ചാൽ ബിപിസിഎൽ പ്രവർത്തന മികവ് കൃത്യമായും മനസ്സിലാവും

### ക്രൂഡ് ഓയിൽ സംസ്ക്കരണ ശേഷി

| | |
|---|---|
| 2009 - 10 | 20.4 ദശലക്ഷം ടൺ |
| 2018 - 19 | 31.06 ദശലക്ഷം ടൺ |

### എണ്ണ വിപണനം

| | |
|---|---|
| 2009 - 10 | 27.89 ദശലക്ഷം ടൺ |
| 2018 - 19 | 43.07 ദശലക്ഷം ടൺ |

### ഇൻസ്റ്റലേഷൻസ്

| | |
|---|---|
| 2009 - 10 | 12 |
| 2018 - 19 | 14 |

### വിമാന ഇന്ധനം നിറക്കുന്ന കേന്ദ്രങ്ങൾ

| | |
|---|---|
| 2009 - 10 | 30 |
| 2018 - 19 | 56 |

### റീട്ടെയിൽ വിൽപ്പനാ കേന്ദ്രങ്ങൾ

| | |
|---|---|
| 2009 - 10 | 8692 |
| 2018 - 19 | 14802 |

### എൽപിജി വിതരണക്കാർ

| | |
|---|---|
| 2009 - 10 | 2187 |
| 2018 - 19 | 5907 |

### എൽ പി ജി ഉപഭോക്താക്കൾ

| | |
|---|---|
| 2009 - 10 | 2.83 കോടി |
| 2018 - 19 | 7.83 കോടി |




## 1976 ൽ ദേശസാൽക്കരിച്ചതുമുതൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബിപിസിഎൽ തുടർച്ചയായി അതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന് 2009ൽ 506 കോടി ലാഭ വഹിതം നൽകിയിരുന്ന കമ്പനി 2018-19ൽ 3905 കോടി ലാഭ വിഹിതമായി നൽകുന്നു. ഇങ്ങനെ മികച്ചപ്രകടനം കാഴ്ചവയ്ക്കുന്ന ബിപിസിഎൽ സ്വകാര്യവൽക്കരിച്ചാൽ ലാഭക്ഷമത വർദ്ധിക്കുമെന്ന് പറയുന്നതിന്റെ യുക്തിയെന്താണ്?

പ്പോഴും ജീവനക്കാരുടെ എണ്ണം വളരെ വലിയ തോതിൽ കുറഞ്ഞു പ്രത്യേകിച്ച് തൊഴിലാളികളുടെ എണ്ണം.

മൂല്യവർദ്ധവിൽ ശമ്പളത്തിന്റെ പങ്ക് പരിശോധിച്ചാൽ കാര്യങ്ങൾ കുറെകൂടി വ്യക്തമാകും.

2009 –10 ൽ ബിപിസിഎൽ ഉണ്ടാക്കിയ മൂല്യവർദ്ധന 11966 കോടിയായിരുന്നു. ഇതിന്റെ 17.89 ശതമാനമാണ് ജീവനക്കാരുടെ ശമ്പളമായി നൽകിയിരുന്നത് .

2018–19ൽ ബിപിസിഎൽ ഉണ്ടാക്കിയ മൂല്യവർദ്ധന 30888 കോടിയാണ് ഇതിന്റെ 11.86 ശതമാനമാണ് ജീവനക്കാരുടെ ശമ്പളമായി നൽകുന്നത് (27000 കരാർ തൊഴിലാളികൾക്ക് ഉൾപ്പടെ).

ഇന്ത്യയിലെ പൊതുമേഖലകളെ മൊത്തം പരിശോധിച്ചാൽ മൂല്യവർദ്ധനയുടെ 27 ശതമാനമാണ് ജീവനക്കാരുടെ ശമ്പളമായി നൽകുന്നത്.

കണക്കുകളിൽ നിന്ന് വളരെ വ്യക്തമാണ് 1976 ൽ ദേശസാൽക്കരിച്ചതുമുതൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബിപിസിഎൽ തുടർച്ചയായി അതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന് 2009ൽ 506 കോടി ലാഭ വഹിതം നൽകിയിരുന്ന കമ്പനി 2018–19ൽ 3905 കോടി ലാഭ വിഹിതമായി നൽകുന്നു. ഇങ്ങനെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ബിപിസിഎൽ സ്വകാര്യവൽക്കരിച്ചാൽ ലാഭക്ഷമത വർദ്ധിക്കുമെന്ന് പറയുന്നതിന്റെ യുക്തിയെന്താണ്?

## സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി മൽസരം വർദ്ധിക്കും. അതിന്റെ പ്രയോജനം ജനങ്ങൾക്ക് കിട്ടുമെന്ന വാദം അർത്ഥശൂന്യമാണ്. എന്തുകൊണ്ട്?

ബിപിസിഎല്ലിൽ ഇന്നുള്ള 11894 സ്ഥിരം ജീവനക്കാരിൽ എസ് സി 1921, എസ് റ്റി 743, ഒബിസി 2042 എന്നീ വിഭാഗത്തിൽ പെട്ടവരാണ്. സ്വകാര്യവൽക്കരിച്ചാൽ സംവരണം ഇല്ലാതാകും.

ഭാരത് പെട്രോളിയം 2018–19ൽ വിവിധ പദ്ധതികൾക്കായി സംഭരിച്ചത് 12019. 24 കോടി രൂപയുടെ ഉൽപന്നങ്ങളാണ്.ഇതിൽ 3053.01 കോടിയും ഇന്ത്യയിലെ സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ സ്ഥാപാനങ്ങളിൽ (MSME) നിന്നാണ്. അതായത് മൊത്തം സംഭരണത്തിന്റെ 25.4 ശതമാനം. സ്വകാര്യവൽക്കരിക്കപ്പെട്ടാൽ പിന്നെ ഇങ്ങനെയൊരു പരിഗണന ഈ മേഖലയ്ക്ക് ലഭിക്കില്ല.

1998–ൽ റിലൈൻസ് വരുന്നതുവരെ പെട്രോളിയം മേഖലയിൽ പൊതുമേഖല മാത്രമായിരുന്നു. സ്വകാര്യ മേഖല കടന്നു വരുമ്പോൾ മൽസരം വർദ്ധിക്കും അതിന്റെ പ്രയാജനം ജനങ്ങൾക്ക് ലഭിക്കും എന്നാണ് പറഞ്ഞിരുന്നത്.

എന്താണ് സംഭവിച്ചത് ?സാധാരണ ജനങ്ങൾ

ഉപയോഗിക്കുന്ന എല്ലാ പെട്രോളിയം ഉൽപ്പന്ന ങ്ങൾക്കും അന്ന് സബ്സിഡി ഉണ്ടായിരുന്നു. സബ്സിഡി പൊതു മേഖല വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് മാത്രമായിരുന്നു.

റിലൈൻസ് വിപണന രംഗത്ത് വന്നപ്പോൾ സബ്സിഡി ലഭിക്കാത്ത റിലൈൻസ് പമ്പുക ളിൽ ആരും കയറാത്ത സ്ഥിതി വന്നു. ഇതിന്റെ ഭാഗമായി വന്ന ചർച്ചകളെത്തുടർന്ന് 2010ൽ UPA ഗവൺമെന്റ് പെട്രോൾ സബ്സിഡി എടുത്ത് മാറ്റി. 2014ൽ NDA ഗവൺമെന്റ് ഡീസൽ സബ്സിഡി എടുത്തു കളഞ്ഞു. ഇപ്പോൾ പാചക വാതകത്തിനു മാത്രമാണ് സബ്സിഡി. പൊതു മേഖല എണ്ണ കമ്പനികൾ സ്വകാര്യവൽക്കരിക്കു ന്നതിലൂടെ അതും ഇല്ലാതാകും.

പാചകവാതകം ഉൽപ്പാദിപ്പിക്കാനോ വിതര ണംചെയ്യാനോസ്വകാര്യ കമ്പനികൾക്ക് വലിയ താൽപര്യമില്ല .കാരണം പാചകവാതക വില അസംസ്കൃത എണ്ണയേക്കാൾ കുറവാണ്. പല സ്വകാര്യ എണ്ണ കമ്പനികളിലും പാചകവാതക ഉൽപാദനം വളരെ കുറവാണ്.അങ്ങനെ വരു മ്പോൾ പാചകവാതകം ആര് നൽകും.?

ഇന്ന് കേന്ദ്രഗവൺമെന്റ് നടപ്പാക്കി കൊണ്ടിരി ക്കുന്ന പല സൗജന്യ പദ്ധതികളും പൊതുമേഖല യുടെ ചിലവിലാണ് നടത്തുന്നത്. സ്വകാര്യവൽ ക്കരിക്കപ്പെടുമ്പോൾ ജനങ്ങൾക്ക് സൗജന്യമായി ലഭിക്കുന്ന പദ്ധതികളാണ് ഇല്ലാതാകുന്നത്.

അമ്പലമുകളിൽ എഫ് എ സിറ്റിയുടെ ഭൂമി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ച 10000 കോടിയുടെ പോളിയോൾപദ്ധതി നിറുത്തിവച്ചി രിക്കുന്നു.

കേരള ഗവൺമെന്റ് സൗജന്യമായി നൽകിയ ഏറ്റുമാനൂരിലെ 8 ഏക്കർ സ്ഥലത്ത് ആരംഭി ക്കാൻ തീരുമാനിച്ച സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന്റേയും പ്രവർത്തനം നിറുത്തി.

2019 ജനുവരി 27ന് ഏറെ അവകാശവാദത്തോ ടെ പ്രധാനമന്ത്രി തറക്കല്ലിട്ട പദ്ധതിയാണ് ഇതു രണ്ടും.സ്വകാര്യവൽക്കരണം ജനങ്ങൾക്ക് സഹാ യകരമാകുന്നത് ഇങ്ങനെയൊക്കെയാണ് !

## സ്വകാര്യവൽക്കരണത്തിന്റെ നിഗൂഢ അജണ്ടകൾ

ബി പി സി എൽ സ്വകാര്യവൽക്കരണത്തിന് താൽപര്യപത്രം സമർപ്പിക്കാനുള്ള അവസാന തീയതി സെപ്തംബർ 30ലേക്ക് നീട്ടിയിരിക്കുക യാണ്.ഇതിന് മുമ്പ് മൂന്നു തവണ നീട്ടിവച്ചിരുന്നു.

മികച്ച നിലയിൽ പ്രവർത്തിക്കുന്ന ബിപിസി എല്ലിൽ വിൽപ്പനയുടെ ഉപദേശകരെ നിയമിക്കു മ്പോൾ തന്നെ ഈ ഗൂഢലക്ഷ്യം മറ നീക്കിവന്നി ട്ടുണ്ട്.

ബിപിസിഎൽ വിൽപനയ്ക്കായുള്ള ഉപദേശ കരായി ( അറ്ശലെ്യ) തെരഞ്ഞെടുത്തിട്ടുള്ളത് ഡെലോയിറ്റ് എന്ന കമ്പനിയാണ്.

ഇവരെക്കൂടാതെ ടആക ക്യാപിറ്റൽസി ന്റേയും അപേക്ഷ ഉണ്ടായിരുന്നു. ബിപിസി എൽ വിൽപ്പനയ്ക്കുള്ള ഉപദേശങ്ങൾ നൽകാൻ കേവലം ഒരു രൂപയാണ് ഈ കമ്പനി ആവശ്യ പ്പെട്ടത്. ടആക ക്യാപ്പിറ്റൽ 18 കോടിയും. സ്വഭാ വികമായും ഡെലോയിറ്റിനെ ഉപദേശകരാക്കി. പൊതുമേഖല സ്ഥാപനം വിൽക്കാൻ വേണ്ടി സ്വകാര്യ കമ്പനി സൗജന്യ സേവനം നൽകു മ്പോൾ ആരായാലും സംശയിച്ചു പോകും.

ബിപിസിഎൽ മാനേജ്മെന്റാണെങ്കിൽ വി ആർ എസ് പ്രഖ്യാപിച്ച് തൊഴിലാളികളെ സമ്മർദ്ദത്തിലാക്കി പറഞ്ഞു വിടാൻ ശ്രമിക്കു ന്നു.

**വർഷങ്ങളായി കലഹരണപ്പെട്ട തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്ക രിക്കാതെ തടഞ്ഞുവയ്ക്കുന്നു. തൊഴിലാളികൾക്ക് കൊടുത്തി രിക്കുന്ന ഓഫറിൽതന്നെകമ്പനി സ്വകാര്യവൽക്കരിച്ചാൽ ഇപ്പോ ഴുള്ള കരാറുകളെല്ലാം കാലഹ രണപ്പെടുമെന്ന വകുപ്പുകൾ ചേർക്കുന്നു.**

വർഷങ്ങളായി കലഹരണപ്പെട്ട തൊഴി ലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാതെ തടഞ്ഞുവയ്ക്കുന്നു. തൊഴി ലാളികൾക്ക് കൊടുത്തിരിക്കുന്ന ഓഫറിൽത ന്നെകമ്പനി സ്വകാര്യവൽക്കരിച്ചാൽ ഇപ്പോഴു ള്ള കരാറുകളെല്ലാം കാലഹരണപ്പെടുമെന്ന വകുപ്പുകൾ ചേർക്കുന്നു.

സ്വകാര്യ കമ്പനിയുടെ സൗജന്യ ഉപദേശ വും, ബിപിസിഎൽ മാനേജ്മെന്റിന്റെ സ്വകാര്യ വൽക്കരണത്തോടുള്ള പ്രതിബദ്ധതയുടേയും പിന്നിലാരാണെന്നത് ഗൗരവമായ വിഷയ മാണ്. കോർപ്പറേറ്റുകൾ എല്ലാം വിലക്ക് വാങ്ങാൻ ശേഷിയുള്ളവരാണല്ലോ.

ഈ സന്ദർഭത്തിൽ ബിപിസിഎൽ സ്വകാര്യ വൽക്കരണം തടയേണ്ടത് ഇന്ത്യയിലെ പൊതു മേഖലയാകെ സംരക്ഷിക്കേണ്ടതിനാണെന്ന് നാം തിരിച്ചറിയണം.അതിനായുള്ള ജനകീയ പ്രതിരോധമുയരണം. ●

## ആത്മനിർഭർ ഭാരത് അഭിയാൻ
## അജണ്ട സ്വകാര്യവൽക്കരണം

# ജനവിരുദ്ധ- രാജ്യവിരുദ്ധ വൈദ്യുതി (ഭേദഗതി) ബിൽ 2020

**കെ. ജയപ്രകാശ്**

**വൈദ്യുതി മേഖലയും സ്വകാര്യവൽക്കരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഏപ്രിൽ 17 ന് കരട് ഇലക്ട്രിസിറ്റി ഭേദഗതി ബിൽ 2020 കേന്ദ്ര ഊർജ്ജ മന്ത്രാലയം ചർച്ചക്കായി പ്രസിദ്ധപ്പെടുത്തിയത്. വൻകിട കുത്തകകൾക്കും ലാഭം കൊയ്യുന്നതിനായി വൈദ്യുതി മേഖലയെ വിട്ടുകൊടുക്കുന്ന വൈദ്യുതി (ഭേദഗതി) 2020 നിയമം പിൻവലിക്കുന്നതിനായുള്ള പ്രക്ഷോഭത്തിൽ ജീവനക്കാരോടൊപ്പം മുഴുവൻ ഉപഭോക്താക്കളും പങ്കുചേരണമെന്നഭ്യർത്ഥിക്കുന്നു.**



കോവിഡ് എന്ന മഹാമാരിക്കെതിരായി രാജ്യം ഒറ്റക്കെട്ടായി പൊരുതുന്ന വേളയിലാണ് 'ആത്മനിർഭർ ഭാരത്' എന്ന ആപ്ത വാക്യത്തിന്റെ മറവിൽ രാജ്യത്തെ ആകെ വിറ്റുതുലക്കാനും ജനവിരുദ്ധ തൊഴിലാളി വിരുദ്ധ നയങ്ങൾ തീവ്രമായി നടപ്പിലാക്കാനും കേന്ദ്ര ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മറ്റെല്ലാ മേഖലകളിലും എന്നതുപോലെ വൈദ്യുതി മേഖലയും സ്വകാര്യവൽക്കരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഏപ്രിൽ 17 ന് കരട് ഇലക്ട്രിസിറ്റി ഭേദഗതി ബിൽ 2020 കേന്ദ്ര ഊർജ്ജ മന്ത്രാലയം ചർച്ചക്കായി പ്രസിദ്ധപ്പെടുത്തിയത്. ഒന്നാം മോഡി ഗവണ്മെന്റിന്റെ സ്വകാര്യവൽക്കരണ ലക്ഷ്യത്തോടെ 2014 ൽ ഇലക്ട്രിസിറ്റി (ഭേദഗതി) ബിൽ പാർലമെന്റിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ വൈദ്യുതി മേഖലയിലെ ദേശീയ തലത്തിൽ രൂപീകരിച്ച ജീവനക്കാരുടെയും ഇഞ്ചിനിയർമാരുടെയും വിശാല വേദിയായ നാഷണൽ കോ ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് ഇഞ്ചിനീയേഴ്സിന്റെ (NCCOEEE) നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭങ്ങളും നിരവധി സംസ്ഥാന ഗവണ്മെന്റുകൾ ഉയർത്തിയ വിയോജിപ്പും കാരണം 2018 ൽ ബില്ലിൽ ഭേദഗതി വരുത്തി. എങ്കിലും ഒന്നാം മോഡി ഭരണത്തിൽ ബിൽ പാസാക്കുവാൻ കഴിഞ്ഞില്ല.

രണ്ടാം മോഡി ഗവണ്മെന്റിന്റെ പ്രഥമ ബഡ്ജറ്റ് സമ്മേളനത്തിൽ തന്നെ ധനകാര്യ വകുപ്പു മന്ത്രി ശ്രീമതി നിർമലാ സീതാരാമൻ വൈദ്യുതി മേഖലയിൽ വൻ പരിഷ്കാരങ്ങൾ (?) കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു. കോവിഡിനെതിരായ പ്രതിരോധത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച ലോക്ഡൗൺ കാരണം ജനങ്ങൾ നിസ്സഹായരായ ഘട്ടത്തിലാണ് കേന്ദ്ര ഊർജ മന്ത്രാലയം പുതിയ ബിൽ അവതരിപ്പിച്ചത്. 21 ദിവസത്തിനകം അഭിപ്രായം അറിയിക്കണമെന്നത് ശക്തമായ പ്രതിഷേധം കാരണം രണ്ടാഴ്ചത്തേക്കു കൂടി നീട്ടി നൽകുവാൻ കേന്ദ്രം നിർബന്ധിതമായി.

നേരത്തെ അവതരിപ്പിച്ച രണ്ടു ബില്ലുകളിലും ഉൾപ്പെടുത്തിയിരുന്ന വൈദ്യുതി വിതരണ മേഖലയെ 'കണ്ടെന്റും' 'ക്യാരേജു' മായി വിഭജിക്കണമെന്ന വ്യവസ്ഥ പുതിയ ബില്ലിൽ ഒഴിവാക്കിയിരിക്കുന്നു. എന്നാൽ പുതിയ ബില്ലിന്റെയും ലക്ഷ്യം വിതരണ മേഖലയുടെ സമ്പൂർണ സ്വകാര്യവൽക്കരണമാണ്. രാജ്യത്തെ സാധാരണക്കാരായ കോടിക്കണക്കിന് വരുന്ന വൈദ്യുതി ഉപഭോക്താക്കളുടെയോ രാഷ്ട്രത്തിന്റെ സമ്പത്തുൽപാദനത്തിൽ ഗണ്യമായ പങ്കുവഹിക്കുന്ന കൃഷി, ചെറുകിട വ്യവസായം ഉൾപ്പെടെയുള്ള മേഖലകളുടെയോ താല്പര്യം സംരക്ഷിക്കുന്ന വ്യവസ്ഥകൾ ഒന്നും തന്നെ പുതിയ നിയമ ഭേദഗതിയിൽ ഇല്ല. ഈ ബിൽ നിയമമാവുന്നതോടെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും വൈദ്യുതി ചാർജ് പല മടങ്ങായി വർധിക്കും. വൈദ്യുതി ചിലവേറിയതാകുകയും പലർക്കും കൂടിയ നിരക്കിലുള്ള വൈദ്യുതി വാങ്ങാനാവാതെ കണക്ഷൻ ഉപേക്ഷിക്കേണ്ടി വരികയും ചെയ്യും. കൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ ആത്മഹത്യ ചെയ്യേണ്ടിവരുന്ന നാട്ടിൽ, അവർക്ക് സൗജന്യനിരക്കിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിക്ക് വൻവില നൽകേണ്ടി വരികയാണെങ്കിൽ ഇന്ത്യൻ കാർഷിക മേഖലയുടെ സമ്പൂർണ തകർച്ചയാവും ഫലം.




**പുതിയ വൈദ്യുതി ഭേദഗതി ബില്ലിന്റെ പ്രധാനപ്പെട്ട ഉദ്ദേശം താഴെ പറയുന്നവയാണ്:**

1. വൈദ്യുതി വിതരണ മേഖല പൂർണമായും സ്വകാര്യവൽക്കരിക്കുക.
2. ഒരു അതോറിറ്റി സൃഷ്ടിച്ച് സംരംഭകർക്ക് ലാഭം ഉറപ്പുവരുത്തുന്ന രീതിയിൽ കരാർ നിർവഹണം നടത്തുകയും പണമടവ് ഉറപ്പാക്കുകയും ചെയ്യുക.
3. ക്രോസ് സബ്സിഡികൾ നിർത്തലാക്കുമ്പോൾ വൻ വില വർധന ഉണ്ടാവുന്നു. ഗവണ്മെന്റ് സബ്സിഡി നേരിട്ട് (DBT) ഉപഭോക്താക്കൾക്കു നൽകുവാൻ വ്യവസ്ഥ ചെയ്യുന്നു.
4. ഇതിനെല്ലാം ഉപരിയായി കൺകറന്റ് ലിസ്റ്റിലുള്ള വൈദ്യുതി സംബന്ധിച്ച് സംസ്ഥാനങ്ങളുടെ പരിമിതമായ അധികാരങ്ങൾ പോലും കവർന്നെടുത്ത് സംസ്ഥാനങ്ങളെ നോക്കുകുത്തിയാക്കുന്നു.

**ഡൽഹിയിൽ ഇരുന്നുകൊണ്ട് രാജ്യത്തെ കോടിക്കണക്കിന് കർഷകരുടെ കുഴൽ കിണറുകൾക്ക് വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനോ ലക്ഷക്കണക്കിന് ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കാനോ കഴിയുമോ?**

ഇതെല്ലാം വ്യക്തമായി മുന്നിൽ കണ്ടുകൊണ്ടാണ് മഹാനായ ഡോ. ബി ആർ അംബേദ്ക്കറും ഇന്ത്യൻ ഭരണഘടനയുടെ നിയമനിർമാണ സഭയിൽ അംഗങ്ങളായവരും ഉൾപ്പെടെ വൈദ്യുതിയെ സംസ്ഥാന സർക്കാരിന്റെ വിഷയമാക്കുകയും കേന്ദ്ര സർക്കാരിന് മേൽനോട്ട ചുമതല നൽകുകയും ചെയ്തത്. വൈദ്യുതിയെ പൊതുമേഖലയിൽ നിലനിർത്തി വികസിപ്പിക്കുന്നതിനാണ് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് 1948 വിഭാവനം ചെയ്തത്. പുതിയ നിയമ ഭേദഗതി സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്നതാണ്. സംസ്ഥാന റഗുലേറ്ററി കമ്മിഷനുകളെ തെരഞ്ഞെടുക്കുന്നതു പോലും സംസ്ഥാന സർക്കാരുകൾക്ക് യാതൊരു അധികാരവും നൽകുന്നില്ല.

**വൈദ്യുതി ഡിമാൻഡില്ലാത്തതിനാൽ അടച്ചിട്ടിരിക്കുന്ന 1.5 ലക്ഷം മെഗാവാട്ട് ശേഷിയുള്ള സ്വകാര്യ താപനിലയങ്ങളെ സഹായിക്കുകയാണ് പുതിയ ബില്ലിന്റെ പ്രധാന ലക്ഷ്യം. വലിയ ലാഭ പ്രതീക്ഷയോടെ സ്ഥാപിച്ച സ്വകാര്യ താപനിലയങ്ങൾ പൊതുമേഖലാ ബാങ്കുകൾക്ക് 3 ലക്ഷം കോടി രൂപ കിട്ടാക്കടം വരുത്തിയിരിക്കുന്നു. സ്വകാര്യ മേഖലയുടെ പരാജയങ്ങൾക്ക് സംസ്ഥാന സർക്കാരുകളെയും പൊതുമേഖലാ വൈദ്യുതി കമ്പനികളെയുമാണ് ബലിയാടാക്കുന്നത്.**




സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ഭൂരിഭാഗം വീടുകളിലും കൃഷിയിടങ്ങളിലെ കുഴൽകിണറുകൾക്കും വൈദ്യുതി എത്തിക്കുവാൻ സംസ്ഥാന വൈദ്യുതി ബോർഡുകൾക്ക് കഴിഞ്ഞിരുന്നു. ഇന്ത്യക്ക് ആവശ്യത്തിലധികം ഭക്ഷ്യധാന്യങ്ങളുണ്ടെങ്കിൽ അതിനു പ്രധാന കാരണം വൈദ്യുതി ലഭ്യത ഉറപ്പുവരുത്തിയതിനാലും വൈദ്യുതി സൗജന്യ നിരക്കിൽ നൽകിയതിനാലുമാണ്. സംസ്ഥാന വൈദ്യുതി ബോർഡ് ചുരുങ്ങിയ വിലക്ക് വൈദ്യുതി നൽകിയതിനാലാണ് രാജ്യത്തിന്റെ ത്വരിതഗതിയിലുള്ള വികസനം സാധ്യമായത്.

സ്വകാര്യ കുത്തകകളെ സഹായിക്കാനുള്ള തീവ്ര ശ്രമങ്ങൾ കാരണം രാജ്യത്തെ വൈദ്യുതി വില ഉയരുന്നതിനാണ് ഇടയാക്കിയത്. വിതരണ മേഖലയിൽ സ്വകാര്യവൽക്കരണം നടപ്പാക്കിയ സ്ഥലങ്ങളിലെല്ലാം സമ്പൂർണ പരാജയമായിരുന്നു. ബീഹാറിലെ ഗയ, സമസ്ഥിപൂർ, ജൽഗാവ്, ഝാർഘണ്ടിലെ റാഞ്ചി, ജംഷഡ്പൂർ, മധ്യപ്രദേശിലെ സാഗർ, ഗ്വാളിയർ, ഉജ്ജയിൻ, മഹാരാഷ്ട്രയിലെ ഔറംഗബാദ്, നാഗ്പൂർ തുടങ്ങിയ നഗരങ്ങളിലെ സ്വകാര്യ വൈദ്യുതി വിതരണ ഫ്രാഞ്ചൈസികൾ വൻ പരാജയമായിരുന്നു. ഫ്രാഞ്ചൈസികൾ റദ്ദാക്കുവാൻ റഗുലേറ്ററി കമ്മിറ്റികൾ നിർബന്ധിതമായി. ഒറീസയിലും വൻ പരാജയമായിരുന്നു. അവിടെ ഉണ്ടായ കൊടുങ്കാറ്റിലും പ്രളയത്തിലും തകർന്ന വൈദ്യുതി വിതരണ ലൈനുകൾ പുനസ്ഥാപിക്കാതെ അമേരിക്കൻ കമ്പനിയായ എഇഎസ് പാലായനം ചെയ്തു. മറ്റു സ്വകാര്യ കമ്പനികളുടെ മോശം പ്രകടനം കാരണം ഒറീസയിലെ വൈദ്യുതി വിതരണം പൊതു ഉടമസ്ഥതയിലാക്കി. എന്നാൽ വീണ്ടും നവീൻ പട്നായിക് ഒറിസയിൽ സ്വകാര്യവൽക്കരണത്തിന് നടപടികളുമായി മുന്നോട്ടു പോകുന്നു. മുംബൈയിൽ ടാറ്റക്കും റിലയൻസിനും വൈദ്യുതി വിതരണ ലൈസൻസുകളുണ്ട്. ഇവയൊക്കെ വലിയ രീതിയിലുള്ള വ്യവഹാരങ്ങൾക്കും താരിഫ് വർധനക്കും ഇടയാക്കുകയും മോശം പ്രവർത്തനം കാരണം ജനരോഷത്തിനിടയാക്കുകയും ചെയ്യും.

നമ്മുടെ രാജ്യത്തെ വൈദ്യുതി ബോർഡുകൾ എല്ലാം ചേർന്ന് 30,000 കോടി രൂപ നഷ്ടത്തിലാണ് എന്ന് വിലയിരുത്തിയാണ് ഇലക്ട്രിസിറ്റി നിയമം 2003 പാസാക്കി വൈദ്യുതി ബോർഡുകൾ എല്ലാം പൊളിച്ചടുക്കി കമ്പനികൾ ആക്കിയത്. എന്നാൽ കഴിഞ്ഞ 17 വർഷക്കാലത്തിനിടയിൽ രാജ്യത്ത് ആകെയുള്ള വൈദ്യുതി കമ്പനികൾ 4.5 ലക്ഷം കോടി രൂപ നഷ്ടത്തിലും 5 ലക്ഷം കോടി രൂപ കടബാധ്യതയും ആയിരിക്കുന്നു. വലിയ ലാഭ പ്രതീക്ഷയോടെ സ്ഥാപിച്ച സ്വകാര്യ താപനിലയങ്ങൾ പൊതുമേഖലാ ബാങ്കുകൾക്ക് 3 ലക്ഷം കോടി രൂപ കിട്ടാക്കടം വരുത്തിയിരിക്കുന്നു. വൈദ്യുതി ഡിമാൻഡില്ലാത്തതിനാൽ അടച്ചിട്ടിരിക്കുന്ന 1.5 ലക്ഷം മെഗാവാട്ട് ശേഷിയുള്ള സ്വകാര്യ താപനിലയങ്ങളെ സഹായിക്കുകയാണ് പുതിയ ബില്ലിന്റെ പ്രധാന ലക്ഷ്യം. സ്വകാര്യ മേഖലയുടെ പരാജയങ്ങൾക്ക് സംസ്ഥാന സർക്കാരുകളെയും പൊതുമേഖലാ വൈദ്യുതി കമ്പനികളെയുമാണ് ബലിയാടാക്കുന്നത്.

"

**ഫ്രാഞ്ചൈസികളിലൂടെയും സബ്ലൈസൻസികളിലൂടെയും വിതരണ കമ്പനികളുടെ സ്വകാര്യവൽക്കരണത്തിലൂടെ ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സഹായിക്കുമെന്നാണ് പുതിയ ബില്ലിന്റെ സ്രഷ്ടാക്കൾ ഉദ്ദേശിക്കുന്നത്. വിതരണ ലൈസൻസികളുടെ സാമ്പത്തിക ബാധ്യതക്കും അതുവഴി ഉത്പാദന നിലയങ്ങൾക്കുള്ള വൻകിട കുടിശികക്കും കാരണം പ്രയോഗക്ഷമമല്ലാത്ത വൈദ്യുതി വാങ്ങൽ കരാറുകളാണെന്നും ഇനി മുതൽ അത്തരം കരാറുകളെ ഇല്ക്ട്രിസിറ്റി കോൺട്രാക്ട് എൻഫോഴ്സ്മെന്റ് അതോറിറ്റിക്ക് കീഴിൽ കൊണ്ടുവന്ന് നിയന്ത്രിക്കാം എന്നുമാണ് അവർ വ്യാമോഹിക്കുന്നത്. വലിയ കമ്പോള മത്സരമുള്ള രാജ്യങ്ങളിൽ പോലും വൈദ്യുതി അളന്ന് വിൽക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ കാശ് നിക്ഷേപിക്കുകയും അതിന്റെയൊക്കെ ഭാരം ഗാർഹിക ഉപഭോക്താക്കളുടെയും ചെറുകിട ഉപഭോക്താക്കളുടെയും ചുമലിൽ ആവുകയുമാണ് ചെയ്തിട്ടുള്ളത്.**

"

മുൻകാലങ്ങളിൽ നിലനിന്ന വൈദ്യുതി വാങ്ങൽ കരാറുകളുടെ അടിസ്ഥാനത്തിൽ സ്വകാര്യ ഉൽപാദകരിൽ നിന്ന് വാങ്ങാത്ത പക്ഷം വൈദ്യുതി വിതരണ കമ്പനികൾ ഫിക്സഡ് ചാർജ് അടക്കേണ്ടതുണ്ട്. ഈ കൊറോണ കാലത്ത് രാജ്യത്ത് ലോക്ഡൗൺ നിലവിൽ വന്നതിന്റെ ഭാഗമായി വൈദ്യുതി ഉപഭോഗം ഗണ്യമായി കുറയുകയും വൈദ്യുതി വാങ്ങാത്തതിന്റെ പേരിൽ സ്വകാര്യ ഉൽപാദകർക്ക് ഫിക്സഡ് ചാർജിനത്തിൽ ആയിരക്കണക്കിന് കോടി രൂപ നൽകേണ്ടതായും വന്നിട്ടുണ്ട്. ഗുജറാത്തിൽ യൂണിറ്റിന് 15 രൂപ നിരക്കിൽ സൗരോർജ വൈദ്യുതി വാങ്ങാൻ കരാർ ഒപ്പിട്ടിട്ടുണ്ട്. ഇന്ന് സൗരോർജ വൈദ്യുതി 2 രൂപ 44 പൈസക്ക് ലഭ്യമാണ് എന്നിരിക്കെ മേൽപറഞ്ഞ തരത്തിലുള്ള കരാറുകൾ പുനപരിശോധനക്ക് വിധേയമാക്കേണ്ടത് നാടിന്റെ ഉത്തമ താല്പര്യം സംരക്ഷിക്കാൻ അനിവാര്യമാണ്. കോവിഡ് 19 ഇന്ത്യൻ സാമ്പത്തിക രംഗത്തെ തകർത്തെറിയുകയും ഓരോ മേഖലയെയും അനിശ്ചിതത്വത്തിലാക്കുകയും ചെയ്ത ഈ ഘട്ടത്തിൽ നിലവിലുള്ള നിയമവ്യവസ്ഥ മാറ്റി കേന്ദ്ര ഗവണ്മെന്റ് വൈദ്യുതി (ഭേദഗതി) ബിൽ 2020 കൊണ്ടുവന്നത് തികച്ചും അപലപനീയമാണ്.

ഈ ഭേദഗതികൾ രണ്ട് മിഥ്യാ ധാരണകൾ ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നു.

**1. മത്സരം കൊണ്ടുവരുന്നതുവഴി വൈദ്യുതി നിരക്ക് കുറയും.**

**2. കറണ്ട് ബിൽ തുക അടക്കാൻ കഴിയാത്തവർക്ക് ഗവണ്മെന്റ് സബ്സിഡി തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കും.**

യഥാർത്ഥത്തിൽ മത്സരത്തിലൂടെ വില കുറയുകയല്ല, കൂടുകയാണ് ചെയ്യുക എന്നതാണ് നമ്മുടെ അനുഭവം. ഉയർന്ന വിലക്കുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ ഒരു വിട്ടുവീഴ്ചയുമില്ലാതെ നടപ്പാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തുകൊണ്ട് എങ്ങനെയാണ് വില കുറയ്ക്കുക? 2003 ലെ വൈദ്യുതി നിയമത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡുകൾ പൊളിച്ചടുക്കി സ്വകാര്യ കമ്പനികളെ കൊണ്ടിവന്നപ്പോൾ വൈദ്യുതി നിരക്ക് കുറഞ്ഞില്ല എന്നതല്ലേ യാഥാർത്ഥ്യം.

സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്ന കാര്യമാണെങ്കിലും ഉപഭോക്താവ് ആദ്യം ബിൽ തുക അടക്കണ്ടേ? അതിന് ആദ്യം പണം കൈയ്യിൽ വേണ്ടേ? സബ്സിഡി നൽകുവാൻ സംസ്ഥാനങ്ങളുടെ സാമ്പത്തിക നില അനുവദിക്കുമോ? കൈയ്യിൽ പണമില്ലെങ്കിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടുന്നു. പാട്ടകൃഷിക്കാരായ യഥാർത്ഥ കൃഷിക്കാരന് സബ്സിഡി ലഭിക്കാതെ വരും. ഭൂ ഉടമകൾക്കായിരിക്കും സബ്സിഡി ലഭിക്കുക. സൗജന്യ വൈദ്യുതി ലഭിക്കാത്തതിനാൽ കൃഷിച്ചെലവ് ഗണ്യമായി ഉയർന്ന് കൃഷി ഉപേക്ഷിക്കേണ്ടി വരും. ഇത് ഗ്രാമീണ ഇന്ത്യയുടെ നില കൂടുതൽ പരിതാപകരമാക്കും.

ഇത്തരത്തിൽ നമ്മുടെ രാജ്യത്തെ സാമ്പത്തിക സാമൂഹിക യാഥാർത്ഥ്യങ്ങൾ ഒന്നും പരിഗണിക്കാതെ വൻകിട കുത്തകകൾക്കും ലാഭം കൊയ്യുന്നതിനായി വൈദ്യുതി മേഖലയെ വിട്ടുകൊടുക്കുന്ന വൈദ്യുതി (ഭേദഗതി) 2020 നിയമം പിൻവലിക്കുന്നതിനായുള്ള പ്രക്ഷോഭത്തിൽ ജീവനക്കാരോടൊപ്പം മുഴുവൻ ഉപഭോക്താക്കളും പങ്കുചേരണമെന്നഭ്യർത്ഥിക്കുന്നു. ●



ആത്മനിർഭർ ഭാരത് അഭിയാൻ

അജണ്ട സ്വകാര്യവൽക്കരണം

# പ്രതിഷേധവും പ്രതിരോധവും പുതിയ വിതാനത്തിലേക്ക്

ശ്യാമപ്രസാദ് ഭട്ടാചാർജി

**പൊതുമേഖല വിൽക്കുക, ഇല്ലാതാക്കുക എന്ന നയമാണ് കേന്ദ്ര സർക്കാർ ശക്തമാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള നയങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അതുവഴി ബാങ്ക് ജീവനക്കാരുടെ ന്യായമായ വേതന പരിഷ്കരണം നിഷേധിക്കുകയാണ്. എൻഡിഎ രൂപപ്പെടുത്തിയ ശിങ്കിടി മുതലാളിത്ത നയങ്ങൾ പൊതുമേഖലാ ബാങ്കുകളെ കരിവാരിതേച്ച് അതിലുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്തുകയാണ് ഉണ്ടായത്.**

എൻഡിഎ സർക്കാരിന്റെ പൊതുമേഖലാ നയ സമീപനം പൊതുമണ്ഡലത്തിൽ കടുത്ത വിമർശനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ച നിരവധി നിരീക്ഷണങ്ങളും കടന്നു വരുന്നുണ്ട്. പൊതുമേഖല വിൽക്കുക, ഇല്ലാതാക്കുക എന്ന നയമാണ് കേന്ദ്ര സർക്കാർ ശക്തമാക്കിക്കൊണ്ടിരിക്കുന്നത്.

തങ്ങളുടെ ആശയങ്ങൾ വിശദീകരിക്കാൻ മാർക്സിസത്തിന്റെ സഹായം തേടുന്നുവെന്ന ആക്ഷേപമാണ് ഇടതുപക്ഷം നാളിതുവരെ കേൾക്കേണ്ടി വന്ന പഴി. അത്തരമൊരു വർണനക്ക് സാധാരണ ജനങ്ങളുടെ ജീവിതവുമായി യാതൊരു വിധ സാംഗത്യമോ പ്രായോഗികതയോ ഇല്ല. സ്വയം ചുമതല ഏറ്റെടുക്കുന്നതിലൂടെ അവരുടെ ദൗത്യമായി മാറുകയാണ് യഥാർത്ഥത്തിലത്.

ഇന്ത്യയിലും വിദേശത്തുമുള്ള വൻകിട കോർപറേറ്റുകളുടെ താല്പര്യം സംരക്ഷിക്കുന്ന മോഡി സർക്കാരിന്റെ നയങ്ങൾ തന്നെയാണ് ബാങ്കിംഗ് വ്യവസായത്തിലും നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്നാണ് റിസർവ് ബാങ്ക് മുൻ ഗവർണർ ഡോ. ഉർജിത് പട്ടേൽ തന്റെ പുതിയ പുസ്തകമായ "ഓവർഡ്രാഫ്റ്റ് സേവിംഗ് ദ ഇന്ത്യൻ സേവർ" ലൂടെ വെളിപ്പെടുത്തുന്നത്. ഡോ. പട്ടേൽ അറിയപ്പെടുന്ന ഒരു സാമ്പത്തിക കാര്യവിദഗ്ധനാണ്. അദ്ദേഹത്തെ റിസർവ് ബാങ്കിന്റെ തലവനായി നിയമിച്ച ഗവണ്മെന്റിന്റെ നയങ്ങൾക്കെതിരെ അദ്ദേഹം സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. ഇതുവരെയാരും അദ്ദേഹത്തെ ഇടതുപക്ഷ സാമ്പത്തികകാര്യ വിദഗ്ധൻ എന്ന് വിശേഷിപ്പിച്ചിട്ടില്ല. റിസർവ് ബാങ്കിന്റെ അമരക്കാരനായിരുന്ന അദ്ദേഹത്തിന്റെ കാര്യപ്രാപ്തിയെക്കുറിച്ചോ, വിവേകത്തെക്കുറിച്ചോ, ബുദ്ധികൂർമ്മതയെക്കുറിച്ചോ ഇടതുപക്ഷ ധൈഷണികരോ, ട്രേഡ് യൂണിയൻ വ്യക്തിത്വങ്ങളോ അടങ്ങുന്ന ആരും തന്നെ ചോദ്യം ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ കാലത്ത് നടപ്പാക്കാൻ ശ്രമിച്ച




**ഇന്ത്യയിലും വിദേശത്തുമുള്ള വൻകിട കോർപറേറ്റുകളുടെ താല്പര്യം സംരക്ഷിക്കുന്ന മോഡി സർക്കാരിന്റെ നയങ്ങൾ തന്നെയാണ് ബാങ്കിംഗ് വ്യവസായത്തിലും നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്നാണ് റിസർവ് ബാങ്ക് മുൻ ഗവർണർ ഡോ. ഉർജിത് പട്ടേൽ തന്റെ പുതിയ പുസ്തകമായ "ഓവർഡ്രാഫ്റ്റ് സേവിംഗ് ദ ഇന്ത്യൻ സേവർ" ലൂടെ വെളിപ്പെടുത്തുന്നത്.**

നയങ്ങളോട് തൊഴിലാളി സംഘടനകൾ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. ഇന്ത്യയിലെ ജനവിഭാഗങ്ങളുടെയും സാധാരണ ജനങ്ങളുടെയും ജീവനക്കാക്കാരുടെയും വിശിഷ്യ ദേശീയ താല്പര്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യയശാസ്ത്രപരിസരത്ത് നിന്നുകൊണ്ടുതന്നെയാണ് പ്രതിഷേധിച്ചത്. റിസർവ് ബാങ്കിന്റെ സ്വയംഭരണാവകാശം സർക്കാർ കവർന്നെടുക്കുന്നതിൽ നിന്ന് റിസർവ് ബാങ്കിനെ അദ്ദേഹം സംരക്ഷിച്ചു എന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്.

വായ്പാ കുടിശിക വരുത്തിയവരിൽ നിന്ന് ഐബിസി വഴിയുള്ള തിരിച്ചടവിൽ ചെറിയ പുരോഗതി മാത്രമെ ഉണ്ടായിട്ടുള്ളൂ എന്ന് ഓവർഡ്രാഫ്റ്റ് പുസ്തകത്തിൽ അദ്ദേഹം മുന്നറിയിപ്പ് നൽകി. ശിങ്കിടി മുതലാളിത്തത്തിനെതിരെ ഇന്ത്യയുടെ വിജയം ചുരുങ്ങിയ പക്ഷം അല്പായുസിൽ ഒതുങ്ങും. അത് തെറ്റായ ഉദയത്തിന് വഴിയൊരുക്കുകയും ചെയ്യും.

ഡോ. പട്ടേൽ നിരീക്ഷിക്കുന്ന "യഥാസമയം പലിശയടക്കാൻ വായ്പാ പുനക്രമീകരിച്ച് പ്രോത്സാഹനം നൽകിയ വായ്പാ കുടിശിക വരുത്തിയ കമ്പനികളുടെ പ്രോമോട്ടർമാരും സ്പോൺസർമാരും കമ്പനിയുടെ ഉടമസ്ഥാവകാശം നഷ്ടപ്പെടുത്തുമെന്നത് വിദൂര സാധ്യതയാണ്. എന്തുകൊണ്ട്? അദ്ദേഹത്തിന്റെ സ്വന്തം ശബ്ദത്തിലും അറിവിന്റെ വെളിച്ചത്തിലും വിശദീകരിക്കുന്നത് ഇങ്ങിനെയാണ്. ഐബിസിയിലെ പരിഹാര പ്രക്രിയകളെ വലിച്ചു നീട്ടിയും വെള്ളം ചേർത്തും അതിനെ നിർവീര്യമാക്കി. സമയ ബന്ധിതമായ പാപ്പർ അപേക്ഷകരുടെ ഭീഷണി വിശ്വസിയമല്ല എന്ന് ഉറപ്പാക്കുന്നു.

2019 ജൂൺ മാസത്തിൽ ഡോ. പട്ടേൽ സ്വയം വിരമിച്ചതിനു ശേഷം വായ്പാവീഴ്ചയുടെ നിർവചനം 30 ദിവസത്തെ അവലോകന സമയം നൽകി മാറ്റിയെഴുതി. ഡോ. പട്ടേൽ ഇറങ്ങിയ ഒരു സർക്കുലറിനെ നിരാകരിച്ച് സുപ്രീം കോടതി വിധിയെ ദുർവ്യാഖ്യാനിച്ചു. "വൻ കേസുകളിൽ നിന്ന് 1.5 ലക്ഷം കോടി തിരിച്ചു പിടിക്കാൻ ബാങ്കുകൾ കഴിയുമായിരുന്നത് ഉടമസ്ഥാവകാശത്തിൽ മാറ്റം വരുത്തി എൻസിഎൽടി മുൻപാകെ കൊണ്ടുവന്ന വൻകിട വായ്പാ കുടിശിക വരുത്തിയവരെ ഈ വകുപ്പു മൂലം സാധ്യമല്ലാതാക്കി." നിയമത്തിൽ വെള്ളം ചേർക്കുക മൂലം വീഴ്ച വരുത്തിയ വായ്പകളുടെ സമയ ബന്ധിതമായ പരിഹാരത്തിന്റെ നേട്ടം പാഴായിപ്പോയിരിക്കുന്നു. 2019 ൽ താൽക്കാലികമായി ധനമന്ത്രി സ്ഥാനത്തെത്തിയ പിയൂഷ് ഗോയൽ സർക്കുലറിൽ വെള്ളം ചേർക്കാൻ ആവശ്യപ്പെട്ടു. ഗണിതാടിസ്ഥാനത്തിൽ വായ്പകളെ തൊണ്ണൂറ് ദിവസത്തിനു ശേഷം നിഷ്ക്രിയ ആസ്തിയാക്കുന്നത് ശരിയല്ല എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. 2019 ലെ ബജറ്റിനു ശേഷം സംഘടിപ്പിച്ച വ്യവസായികളുമായുള്ള സംഭാഷണത്തിനു ശേഷമാണ് പ്രസ്തുത നടപടിയുണ്ടായത്. അതിനു ശേഷം ഉയർന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തി.

## കൽക്കരി മേഖല ലേലം സർക്കാർ പിന്നോട്ടു പോയി



41 കൽക്കരി പാടങ്ങളുടെ ലേലം സർക്കാർ 2020 ഒക്ടോബർ 19, നവംബർ 9 കാലയളവിലേക്ക് മാറ്റി. കൽക്കരി മേഖലയിലെ ജീവനക്കാരുടെ ശക്തമായ പ്രതിരോധവും അതിന് ജനങ്ങളിൽ നിന്ന് ലഭിച്ച വലിയ പിന്തുണയും മൂലമാണ് ആഗസ്റ്റ് 18ാം തീയതി അവസാനിക്കേണ്ടിയിരുന്ന ലേലം മാറ്റിവച്ചത്. ആഗസ്റ്റ് 18 ന് കൽക്കരി മേഖലയിലെ സിഐടിയു, എഐടിയുസി, ഐഎൻടിയുസി, എച്ച്എംഎസ്, ബിഎംഎസ് തുടങ്ങി എല്ലാ സംഘടനകളും ചേർന്ന് നടത്താനിരുന്ന പണിമുടക്കും മാറ്റി വച്ചു. കൽക്കരി തൊഴിലാളികൾ കൽക്കരി പാടങ്ങൾ സ്വകാര്യ മേഖലക്ക് ലേലം ചെയ്ത് വിൽക്കുന്നതിനെതിരെ ജൂലൈ 2, 3, 4 തീയതികളിൽ ഗംഭീരമായ പണിമുടക്ക് നടത്തിയിരുന്നു. കൽക്കരി പാട ലേലം പ്രധാന മന്ത്രി തന്നെ ജൂൺ 16 ന് പ്രഖ്യാപിച്ച് ഉൽഘാടനവും നടത്തിയിരുന്നു. എന്നാൽ തൊഴിലാളികളുടെയും ജനങ്ങളുടെയും ശക്തമായ പ്രതിരോധം മൂലം അതിൽ നിന്ന് പിന്നോട്ടു പോകാൻ സർക്കാർ നിർബ്ബന്ധിതമായിരിക്കുകയാണ്.

2019 ൽ 2426 കോർപറേറ്റുകൾക്ക് പൊതുമേഖലാ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികൾ 147350 കോടിയാണ്. മോഡി ഭരണത്തിൻ കീഴിൽ കൃത്രിമങ്ങൾ വർധിച്ചു വരികയാണ്. റിസർവ് ബാങ്ക് നൽകിയ വിവരാവകാശ മറുപടിയിൽ 2019 20 ധനവർഷത്തിൽ 84545 കേസുകളിലായി 185772.42 കോടിയുടെ കൃത്രിമങ്ങൾ നടന്നതായി പറയുന്നു. ബാങ്കിംഗ് വ്യവസായത്തിൽ സംഭവിക്കുന്ന ഈ ദുരന്തം ഏവരുടേയും കണ്ണുതുറപ്പിക്കേണ്ടതാണ്.

പൊതുപ്പണം കൊള്ളയടിക്കുന്നത് ആരാണെന്ന് ഇന്ന് എല്ലാവർക്കുമറിയാം. എൻഡിഎ രൂപപ്പെടുത്തിയ ശിങ്കിടി മുതലാളിത്ത നയങ്ങൾ പൊതുമേഖലാ ബാങ്കുകളെ കരിവാരിതേച്ച് അതിലുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്തുകയാണുണ്ടായത്. 30—9—2019 ൽ 2426 കോർപറേറ്റുകൾക്ക് പൊതുമേഖലാ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികൾ 147350/ കോടിയാണ്. വിവരം ലഭ്യമല്ലാത്തതുകൊണ്ട് യൂണിയൻ ബാങ്ക് ഇതിൽ ഉൾപ്പെട്ടിട്ടില്ല. മോഡി ഭരണത്തിൻ കീഴിൽ കൃത്രിമങ്ങൾ (Frauds) വർധിച്ചു വരികയാണ്. റിസർവ് ബാങ്ക് നൽകിയ വിവരാവകാശ മറുപടിയിൽ 2019—20 ധനവർഷത്തിൽ 84545 കേസുകളിലായി 185772.42 കോടിയുടെ കൃത്രിമങ്ങൾ നടന്നതായി പറയുന്നു. ബാങ്കിംഗ് വ്യവസായത്തിൽ നടക്കേണ്ട നിയന്ത്രണങ്ങളുടേയും പരിശോധനകളുടേയും അഭാവം മൂലം സംഭവിക്കുന്ന ഈ ദുരന്തം ഏവരുടേയും കണ്ണുതുറപ്പിക്കേണ്ടതാണ്. 31.3.2019 ൽ മൊത്തം നിഷ്ക്രിയ ആസ്തി 9.4 ലക്ഷം കോടിയാണ്. 2018—19 ൽ ഐബിസി വഴി പിരിച്ചെടുക്കാൻ കഴിഞ്ഞത് മൊത്തം അക്കൗണ്ടുകളിലെ 42.5% മാത്രമാണ്. അതേ സമയം SARFAFSI വഴി 14.5% വും bgx DRT വഴി 3.5% വും ലോക അദാലത്ത് വഴി 5.3 വും% തിരിച്ച് പിടിക്കാൻ കഴിഞ്ഞു. റിപ്പോർട്ട് പറയുന്നു.

ഐബിസിയിൽ ഏർപ്പെട്ട മൊത്തം 1.66 ലക്ഷം കോടി തുകയിൽ 74819 കോടി മാത്രമാണ് പിരിച്ചെടുക്കാൻ കഴിഞ്ഞത്. (ഇക്കണോമിക് ടൈംസ് 26—9—2019). ഐബിസി നിയമങ്ങളിൽ വെള്ളം ചേർക്കുക വഴി വൻകിട അക്കൗണ്ടുകളിൽ നിന്ന് ബാങ്കുകളിലേക്ക് നിശ്ചയമായും വന്നുചേരേണ്ട സംഖ്യയിൽ 57.5 % വേണ്ടെന്ന് വയ്ക്കേണ്ടി വന്നു. ഇതിന്റെ പേരാണ് ഹെയർകട്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ മോശമാക്കി ചിത്രീകരിച്ച് പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള നയങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അതുവഴി ബാങ്ക് ജീവനക്കാരുടെ ന്യായമായ വേതന പരിഷ്കരണം നിഷേധിക്കുകയാണ്. ഗവണ്മെന്റ് പോകുന്ന വഴിയിലാണ് യുഎഫ്ബിയുവിലെ 'വൻ' സംഘടനകൾ. തന്മൂലം ഗവണ്മെന്റ് വരക്കുന്ന വർണ ചിത്രങ്ങൾക്ക് സാധൂകരണം നൽകുകയാണ്.

ഒരു പുതിയ ഉദയം ഉയർന്ന് വരുന്ന കാലത്ത് നിന്നുതന്നെ വെളിപ്പെടുത്തലുകൾ വരുന്നു. ജനാധിപത്യശക്തികളുമായി തോളോട് തോൾ ചേർന്ന് ബാങ്ക് ജീവനക്കാരുടെ ഐക്യവേദി ഗവണ്മെന്റ് നയങ്ങളെ ചെറുക്കുക തന്നെ ചെയ്യും. ●

# സ്വർണക്കടത്തിന്റെ രാഷ്ട്രീയം



**കെ ജെ തോമസ്**

**ഏതു തരത്തിലുള്ള അന്വേഷണവും നടത്തി സംഭവത്തിൽ ഉൾപ്പെട്ട മുഴുവൻ ആളുകളെയും നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് കേരള മുഖ്യമന്ത്രി കേന്ദ്രത്തോട് അസന്ദിഗ്ധമായി ആവശ്യപ്പെട്ടിരുന്നു. സാമ്പത്തിക കുറ്റകൃത്യം എന്നതിനപ്പുറം ഭീകരബന്ധവും രാജ്യദ്രോഹവും സംശയിക്കുന്ന കേസിൽ കേന്ദ്ര സർക്കാരും വിദേശ മന്ത്രാലയവും ഫലപ്രദമായി ഇടപെടുന്നുണ്ടോ എന്ന സംശയം എല്ലാവർക്കുമുണ്ട്.**

**യുഎഇയിൽനിന്നും** നയതന്ത്ര ബാഗേജിൽ കൊണ്ടുവന്ന 15 കോടി രൂപ വിലവരുന്ന 30 കിലോ സ്വർണം തിരുവനന്തപുരം വിമാനത്താവളത്തിൽ എയർ കാർഗോ കസ്റ്റംസ് പിടിയിലായത് ജൂലൈ ആദ്യ ആഴ്ചയാണ്. കേരളത്തിൽ കള്ളക്കടത്ത് സ്വർണം പിടിക്കപ്പെടുന്നത് ഇതാദ്യമല്ല. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ടൺ കണക്കിനു സ്വർണം വിവിധ വിമാനത്താവളങ്ങൾവഴി രാജ്യത്ത് എത്തിയിട്ടുണ്ട്. യുഎഇ കോൺസുലേറ്റിന്റെ പേരുപയോഗിച്ച് ഡിപ്ലോമാറ്റിക് ബാഗേജിൽ 15 തവണ സ്വർണം കടത്തിയതായി ഇപ്പോൾ പിടിയിലായ സംഘംതന്നെ ചോദ്യം ചെയ്യലിൽ സമ്മതിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം അനധികൃതമായി കൊണ്ടുവന്ന 550 കിലോ സ്വർണം കേരളത്തിലെ വിമാനത്താവളങ്ങളിൽ പിടികൂടിയെന്ന് വെളിപ്പെടുത്തിയത് കസ്റ്റംസ് ഡയറക്ടറേറ്റുതന്നെയാണ്. ശരാശരി 1000 ടൺ സ്വർണം ഓരോ വർഷവും ഇന്ത്യയിലേയ്ക്ക് എത്തുന്നതിൽ നല്ലൊരു പങ്കും അനധികൃതമാണ്.




വിദേശങ്ങളിൽനിന്നുള്ള കള്ളക്കടത്ത് ഉൽപന്നങ്ങൾ വിമാനത്താവളങ്ങളോ തുറമുഖങ്ങളോ വഴിയാണ് പുറത്തെത്തിക്കുന്നത്. വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രസേനകളുടെ ശക്തമായ സുരക്ഷാ വലയത്തിലും എയർകാർഗോ കസ്റ്റംസ് പരിശോധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയവുമാണ്. വ്യക്തിയോ സാധനമോ കള്ളക്കടത്തായി എത്തുന്നെങ്കിൽ അവയെല്ലാം കസ്റ്റംസ് ഉൾപ്പെടെയുള്ള കേന്ദ്ര പരിശോധനാ സംഘത്തിന്റെ കണ്ണുവെട്ടിച്ചോ അവരുടെ ഒത്താശയോടെയൊ ആണ്. ഇതേക്കുറിച്ചെല്ലാം അന്വേഷിക്കാൻ സിബിഐ, എൻഐഎ, റോ, റവന്യു ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കസ്റ്റംസ് തുടങ്ങി കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഏജൻസികളുമുണ്ട്.

അടുത്തിടെ തിരുവനന്തപുരം വിമാനത്താവളത്തിൽ സ്വർണം പിടികൂടിയപ്പോൾതന്നെ കേന്ദ്ര സർക്കാരിന്റെ അധികാരം ഉപയോഗിച്ച് ഏതു തരത്തിലുള്ള അന്വേഷണവും നടത്തി സംഭവത്തിൽ ഉൾപ്പെട്ട മുഴുവൻ ആളുകളെയും നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് കേരള മുഖ്യമന്ത്രി കേന്ദ്രത്തോട് അസന്ദിഗ്ധമായി ആവശ്യപ്പെട്ടിരുന്നു. സാമ്പത്തിക കുറ്റകൃത്യം എന്നതിനപ്പുറം ഭീകരബന്ധവും രാജ്യദ്രോഹവും സംശയിക്കുന്ന കേസിൽ കേന്ദ്ര സർക്കാരും വിദേശ മന്ത്രാലയവും ഫലപ്രദമായി ഇടപെടുന്നുണ്ടോ എന്ന സംശയം എല്ലാ മലയാളികൾക്കുമുണ്ട്. സ്വർണക്കടത്തിന്റെ കണ്ണികളിൽ ചിലർക്കുള്ള ബിജെപി ബന്ധം

രഹസ്യമല്ല. ബാഗേജ് വിട്ടുകിട്ടാൻ കാവിബന്ധമുള്ള ട്രേഡ് യൂണിയൻ നേതാവ് കസ്റ്റംസിൽ ഇടപെട്ടതും പ്രതി സന്ദീപിന് ബിജെപി നേതാക്കളുമായുള്ള അടുപ്പവും പുറത്തുവന്നിരുന്നു. അന്വേഷണം ശരിയായ രീതിയിൽ മുന്നോട്ടുപോയാൽ കേന്ദ്ര ഭരണകക്ഷിയുടെ മുഖം കൂടുതൽ വികൃതമാകുമെന്ന് അവർ ഭയക്കുന്നു. അതിന്റെ വെപ്രാളമാണ് കേന്ദ്രമന്ത്രി വി മുരളീധരന്. കള്ളക്കടത്ത് സ്വർണം തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയത് നയതന്ത്ര ബാഗേജിലൂടെ അല്ലെന്ന് കേന്ദ്ര സഹമന്ത്രി ആവർത്തിക്കുന്നത് ദുരൂഹതമാണ്. നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണക്കടത്ത് എന്നാണ് അന്വേഷണ ഏജൻസികളായ കസ്റ്റംസും ദേശീയ അന്വേഷണ ഏജൻസി (എൻഐഎ)യും കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മാത്രമല്ല, കഴിഞ്ഞ എട്ടുമാസത്തിനിടെ ഡിപ്ലോമാറ്റിക് ബാഗേജിലൂടെ ഈ സംഘം 100 കോടി രൂപ വിലമതിക്കുന്ന 200 കിലോ സ്വർണം കടത്തിയതായും എൻ ഐ എ വ്യക്തമാക്കുന്നു. സ്വർണക്കടത്ത് കേസിന്റെ അന്വേഷണം ഏറ്റെടുത്ത് ജൂലൈ 10ന് കൊച്ചിയിലെ പ്രത്യേക കോടതിയിൽ എൻഐഎ ഫയൽചെയ്ത എഫ്ഐആറിലും നയതന്ത്രബാഗേജിലൂടെയുള്ള സ്വർണക്കടത്ത് എന്ന് വ്യക്തമായി പറയുന്നുണ്ട്. എന്നിട്ടും നയതന്ത്രബാഗേജിലൂടെയല്ല സ്വർണം കടത്തിയത് എന്നാണ് മുരളീധരൻ ആവർത്തിക്കുന്നത്. അന്വേഷണം വഴി തിരിച്ചു വിടാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. മാത്രമല്ല, അന്വേഷണം യുഎഇ കോൺസുലേറ്ററിലേക്കും കോൺസുലേറ്റ് ജനറലിലേക്കും അറ്റാഷെയിലേക്കും എത്തുന്നതിനെയും അദ്ദേഹം ഭയക്കുന്നു. അന്വേഷണം ശരിയായ ദിശയിൽ പോകുന്നുവെന്നു കണ്ടയോടെയാണ് അന്വേഷണച്ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥനെ നാഗ്പൂരിലേയ്ക്ക് സ്ഥലം മാറ്റിയത്. മുമ്പ് കസ്റ്റംസ് ഉദ്യോഗസ്ഥരെയും ഇപ്രകാരം സ്ഥലംമാറ്റിയിരുന്നു. അന്വേഷണം നേരായ വഴിക്ക് നീങ്ങിയാൽ അത് തങ്ങളിലേക്ക് എത്തുമെന്നഭയമാണോ കേന്ദ്രമന്ത്രിയെ ഇത്തരം പ്രസ്താവനക്ക് പ്രേരിപ്പിക്കുന്നത്? കേസന്വേഷണത്തിൽ ഇനിയും ഇത്തരം അനധികൃത ഇടപെടലുകൾ ഉണ്ടാകുമെന്നതിന്റെ സൂചനയാണ് കേന്ദ്രമന്ത്രിയുടെ വാക്കുകൾ നൽകുന്നത്.

**കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പ് വരികയാണ്. അടുത്ത ഏപ്രിലിൽ നിയമസഭ തെരഞ്ഞെടുപ്പും നടക്കും. വികസനവും വികസന വിരോധികളും തമ്മിലുള്ള ഏറ്റുമുട്ടലായിരിക്കും തെരഞ്ഞെടുപ്പു ഫലം. അതിൽ മുഖ്യമന്ത്രി പിണറായി വിജയൻ നയിക്കുന്ന വികസന പക്ഷം വിജയിക്കുക തന്നെ ചെയ്യും.**

സ്വർണക്കടത്ത് കേസിന് മുഖ്യമന്ത്രിയും എൽഡിഎഫ് സർക്കാരും ക്രിയാത്മക പിന്തുണയാണ് തുടക്കംമുതൽ നൽകിവരുന്നത്. ഇക്കാര്യം എൻഐ എ ഹൈക്കോടതിയിലും വ്യക്തമാക്കിയിരുന്നു. പ്രതികളുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയ ഐഎഎസ് ഉദ്യോഗസ്ഥൻ എം ശിവശങ്കറിനെ ചുമതലകളിൽനിന്ന് മാറ്റി സസ്പെൻഡ് ചെയ്തു. സ്വതന്ത്ര അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റംസും എൻഐഎയും ആ ഉദ്യോഗസ്ഥനെ പലതവണ ചോദ്യം ചെയ്തു. അന്വേഷണം ആരിലേക്ക് നീങ്ങിയാലും ഭയമില്ലെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം യുഡിഎഫ് ബിജെപി കേന്ദ്രങ്ങളുടെ ഉത്തരം മുട്ടിച്ചിട്ടുണ്ട്. മാത്രമല്ല, അന്വേഷണം ശരിയായ ദിശയിൽ നീങ്ങിയാൽ ചങ്കിടിക്കുന്നതു ആരുടേയെന്ന് കാണാമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

എൻഐഎ അന്വേഷണം ആരംഭിച്ച് 13 പ്രതികളെ അറസ്റ്റുചെയ്തു. എന്നാൽ, പ്രതിപക്ഷവും അവർക്കുവേണ്ടി കുഴലൂത്തു നടത്തുന്ന മാധ്യമങ്ങളും മുഖ്യമന്ത്രിക്കും മുഖ്യമന്ത്രിയുടെ ഓഫീസിനും സ്വർണക്കടത്തുമായി ബന്ധമുണ്ടെന്ന് സ്ഥാപിക്കാനുള്ള വൃഥാ വ്യായാമത്തിലാണ്. അതിനായി ടൺകണക്കിനു പച്ചനുണകൾ മലവെള്ളപ്പാച്ചിൽ കണക്കെ ജനങ്ങളിലേക്കെത്തിക്കുകയാണ്. ഇല്ലാക്കഥകൾക്കും അസത്യങ്ങൾക്കും അല്പായുസ്സേ ഉള്ളൂ. സ്വർണക്കടത്തിന്റെ പേരിൽ ഇടതുസർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തുകയും മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രതിച്ഛായ തകർക്കുകയുമാണ് പ്രതിപക്ഷത്തിന്റെയും ബിജെപിയുടെയും ഒരു വിഭാഗം മാധ്യമങ്ങളുടെയും ആത്യന്തികലക്ഷ്യം.

സ്വർണക്കടത്തുമായി ബന്ധപ്പെട്ട ഗൗരവതരമായ വിഷയങ്ങളിലേക്കൊന്നും കടന്നുചെല്ലാതെ, മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചാണ് കടത്ത് നടക്കുന്നതെന്ന പ്രതീതി സൃഷ്ടിച്ച് പിണറായി വിജയനും ഇടതുസർക്കാരും നേടിയെടുത്ത പ്രശസ്തിയും അംഗീകാരവും തുടച്ചുമാറ്റാൻ ശ്രമിക്കുന്ന കളിയിൽ പ്രതിപക്ഷവും ചില മാധ്യമങ്ങളും കൈകോർത്തു.

നാലു വർഷത്തെ ഇടതുപക്ഷ സർക്കാരിന്റെ മികവുറ്റ പ്രവർത്തനങ്ങൾ ജനങ്ങളിൽ മതിപ്പും ആത്മവിശ്വാസവും വർധിപ്പിച്ചു. യുഡിഫ് നിർത്തിവച്ച ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ഈ സർക്കാർ ഏറ്റെടുത്തു അവസാന ഘട്ടത്തിൽ എത്തിച്ചു. ഹൈവേ വികസനം യാഥാർഥ്യമാകുന്നു. രണ്ടര ലക്ഷത്തോളം പാവപ്പെട്ടവർക്കാണ് ലൈഫ് പദ്ധതിയിലൂടെ വീട് വച്ച് നൽകിയത്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ പി,എസ്.സി വഴി 1.42 ലക്ഷം ചെറുപ്പക്കാർക്ക് സർക്കാർ ഓഫീസുകളിൽ നിയമനം നൽകി. ക്ഷേമപെൻഷനുകൾ വർധിപ്പിക്കുകയും അത് കൃത്യസമയത്ത് നൽകുകയും ചെയ്തുന്നു. ഇത്രയധികം കായികതാരങ്ങൾക്ക് നിയമനം നൽകിയ സർക്കാരുണ്ടോ? അന്താരാഷ്ട്ര നിലവാരമുള്ള ആശുപത്രികളും ഹൈടെക് സ്കൂളുകളും കേരളത്തിന്റെ അഭിമാനമാക്കിമാറ്റാൻ പിണറായി സർക്കാരിനു കഴിഞ്ഞു. ലോക് ഡൗൺ കാലത്ത് എല്ലാ കാർഡുടമകൾക്കും അരിയും പലവ്യഞ്ജനങ്ങളും സൗജന്യമായി നൽകിയ സർക്കാർ ഈ ഓണത്തി

**ഐടിവകുപ്പിനു കീഴിലുള്ള ഒരു സ്ഥാപനത്തിൽ കരാർ ജോലിക്കാരിയായ സ്വപ്ന സുരേഷിന് സ്വർണ കടത്തുമായി ബന്ധമുണ്ടെന്നറിഞ്ഞ നിമിഷം സ്ഥാനത്തുനിന്ന് സർക്കാർ നീക്കംചെയ്തു. പ്രതികളുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയ ഐഎഎസ് ഉദ്യോഗസ്ഥൻ എം ശിവശങ്കറിനെ ചുമതലകളിൽനിന്ന് മാറ്റി സസ്പെൻഡ് ചെയ്തു. അതോടെ, അവസാനിക്കേണ്ടതായിരുന്നു അനാവശ്യ വിവാദം. എന്നാൽ, പ്രതിപക്ഷ ത്തിനും ബിജെപിക്കും ഈ കേസിനെ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധിപ്പിക്കണമെന്ന രാഷ്ട്രീയ ദുഷ്ടലാക്കാണുള്ളത്. സ്വർണക്കടത്തിന്റെ പേരിൽ ഇടതുസർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തുകയും മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രതിച്ഛായ തകർക്കുകയുമാണ് പ്രതിപക്ഷത്തിന്റെയും ബിജെപിയു ടെയും ഒരുവിഭാഗം മാധ്യമങ്ങളുടെയും ആത്യന്തികലക്ഷ്യം.**

നും അത് ആവർത്തിക്കുന്നു. ഇത്രയും ജനകീയമായി പ്രവർത്തിക്കാൻ ഇന്ത്യയിലെ ഒരു സർക്കാരിനും കഴിയില്ല എന്ന് മലയാളികൾ മനസിലാക്കിയത് പ്രതിപക്ഷത്തെ ഭയപ്പെടുത്തുന്നു. അതിനിടെയാണ് ഏഷ്യാനെറ്റ് നടത്തിയ സർവ്വേയിൽ എൽ ഡി എഫ് അധികാരത്തിൽ തിരിച്ചുവരുമെന്ന റിപ്പോർട്ട് പുറത്തു വരുന്നത്. ഇത് പ്രതിപക്ഷത്തെയും ബിജെപിയെയും ഭ്രാന്തു പിടിപ്പിച്ചു.

നിരവധി ജനക്ഷേമ പദ്ധതിയുമായി സർക്കാർ മുന്നേറുന്ന ഘട്ടത്തിലാണ് ആദ്യകോവിഡ് രോഗി ചൈനയിൽനിന്നും കേരളത്തിലെത്തുന്നത്. നിപാ വൈറസിനെ പിടിച്ചുകെട്ടിയ അനുഭവസമ്പത്തുമായി കൊറോണ വൈറസിനെ തോൽപ്പിക്കാനിറങ്ങിയ കേരളം മഹത്തായ നേട്ടങ്ങളാണ് കൈവരിച്ചത്. സർക്കാരാകട്ടെ, രോഗികൾക്കും രോഗം സംശയിക്കുന്നവർക്കും ചികിത്സയും പരിപാലനവും നൽകി. പാവപ്പെട്ട മനുഷ്യർക്ക് ജീവിക്കാനുള്ള ഭക്ഷണസാധനങ്ങളും സാമ്പത്തിക സഹായങ്ങളുമെത്തിച്ചു. പ്രതിപക്ഷമാകട്ടെ കോവിഡ് പ്രതിരോധ പദ്ധതികളെ തുരങ്കം വയ്ക്കാൻ ആവനാഴിയിലെ അവസാനത്തെ അസ്ത്രവും എടുത്തുപയോഗിച്ചു. അങ്ങനെയാണ് ചെക്ക്പോസ്റ്റിലൂടെയും വനാന്തരങ്ങളിലൂടെയും പാസില്ലാത്തവരെയും കോവിഡ് രോഗികളെയും കടത്തിക്കൊണ്ടുവരാനും അവർ ശ്രമിച്ചത്. ഇത്തരം നെറികെട്ട നീക്കങ്ങൾ സർക്കാർ പരാജയപ്പെടുത്തിയപ്പോൾ പ്രവാസികളുടെ പേരിൽ ഒരടിസ്ഥാനവുമില്ലാതെ അലമുറയിടാൻ തുടങ്ങി. പ്രവാസികളെ ഇരുകൈയും നീട്ടി സ്വീകരിക്കാൻ തയ്യാറായിനിൽക്കുന്ന സംസ്ഥാന സർക്കാർ പ്രവാസി വിരുദ്ധരാണെന്ന് വരുത്തിത്തീർക്കാൻ കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കി. മരണങ്ങളെപ്പോലും ആഘോഷിച്ച് സപ്ലിമെന്റിറക്കി. തങ്ങളാണ് മരണത്തിന്റെ വ്യാപാരികളെന്ന് അവർ സ്വയം തെളിയിച്ചു. അതിനിടയിലാണ്, ജൂലൈ ആദ്യം തിരുവനന്തപുരം യുഎഇ കോൺസുലേറ്റ് അറ്റാഷെയുടെ പേരിലുള്ള സ്വർണം ഡിപ്ലോമാറ്റിക് ബാഗേജുവഴി എത്തുന്നത്. ഐടിവകുപ്പിനു കീഴിലുള്ള ഒരു സ്ഥാപനത്തിൽ കരാർ ജോലിക്കാരിയായ സ്വപ്ന സുരേഷിന് ഈ സ്വർണക്കടത്തുമായി ബന്ധമുണ്ടെന്നറിഞ്ഞ നിമിഷം അവരെ സ്ഥാനത്തുനിന്ന് സർക്കാർ നീക്കംചെയ്തു. അവരുമായി അടുത്ത ചങ്ങാത്തം പുലർത്തിയതായി സംശയിക്കുന്ന ഐടി സെക്രട്ടറി ശിവശങ്കറെ ഉത്തരവാദപ്പെട്ട പദവികളിൽനിന്ന് നീക്കി. അതോടെ, അവസാനിക്കേണ്ടതായിരുന്നു അനാവശ്യ വിവാദം. എന്നാൽ, പ്രതിപക്ഷത്തിനും ബിജെപിക്കും ഈ കേസിനെ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധിപ്പിക്കണം. അതുകൊണ്ടാണ്

മുൻ മന്ത്രിയും മുസ്ലിംലീഗ് നേതാവുമായ പി കെ കുഞ്ഞാലിക്കുട്ടിയുടെ അടുത്ത ബന്ധുവാണ് സ്വർണക്കടത്തിന്റെ സൂത്രധാരനായ റമീസ് എന്ന വലിയ വാർത്ത ആദ്യദിവസം മാധ്യമങ്ങൾ മുക്കിയത്. മുസ്ലിംലീഗ് നേതാവും വിദ്യാഭ്യാസമന്ത്രിയുമായിരുന്ന ചാക്കീരി അഹമ്മദ് കുട്ടിയുടെ പേരക്കിടാവാണ് ഈ കള്ളക്കടത്തുകാരൻ എന്ന യാഥാർഥ്യത്തിനു മുന്നിൽ ലജ്ജിച്ച് തല താഴ്ത്തേണ്ടത് ലീഗ് നേതൃത്വമാണ്. പലതവണ സ്വർണക്കടത്ത് കേസിൽപ്പെട്ട ഈ യുവാവിനെ കോഫെപോസയിൽനിന്നും രക്ഷപ്പെടുത്തിയത് യുഡിഎഫിന്റെ രാഷ്ട്രീയസ്വാധീനമുപയോഗിച്ചാണ്. റമീസിൽനിന്ന് കണ്ണികൾ നീളുന്നത് മുസ്ലിംലീഗ് പ്രവർത്തകരിലേക്കു തന്നെയാണ്. മുഖ്യമന്ത്രിക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ടു സമർപ്പിച്ചു ഹർജിയും ഹൈക്കോടതി തള്ളിയതോടെ എല്ലാ പിടിവള്ളിയും നഷ്ടപ്പെട്ട നിലയിലാണ് യുഡിഎഫും ബിജെപിയും. മുഖ്യമന്ത്രിയോ അദ്ദേഹത്തിന്റെ ഓഫീസോ അധികാര ദുർവിനിയോഗം നടത്തിയതിനു തെളിവില്ലെന്നും പ്രതിപക്ഷ നേതാവിന്റെ പ്രസ്താവന മാത്രം അടിസ്ഥാനമാക്കി വസ്തുതയും തെളിവുമില്ലാത്ത ഹർജി തള്ളുന്നു എന്നുമുള്ള ഹൈകോടതിയുടെ തീർപ്പ് പ്രതിപക്ഷത്തിന്റെ നുണകൾക്കെതിരായ വിധിയാണ്. ഇതുകൊണ്ടാണ് സത്യത്തിൽ നിന്നും ശ്രദ്ധ തിരിക്കാൻ യു ഡി എഫും ബിജെപിയും മാധ്യമങ്ങളുടെ സഹായത്തോടെ ദുഷ് പ്രചാരണം നടത്തി മുഖ്യമന്ത്രിക്ക് ജനങ്ങളിലുള്ള ഇമേജ് തകർക്കാൻ ശ്രമിക്കുന്നത്. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പ് വരികയാണ്. അടുത്ത ഏപ്രിലിൽ നിയമസഭ തെരഞ്ഞെടുപ്പും നടക്കും. വികസനവും വികസന വിരോധികളും തമ്മിലുള്ള ഏറ്റുമുട്ടലായിരിക്കും തെരഞ്ഞെടുപ്പു ഫലം. അതിൽ മുഖ്യമന്ത്രി പിണറായി വിജയൻ നയിക്കുന്ന വികസന പക്ഷം വിജയിക്കുക തന്നെ ചെയ്യും. ●

# ആഗോളവൽക്കരണവും അമേരിക്കൻ സ്വപ്നത്തിന്റെ അന്ത്യവും

ഡേവിഡ് റോസെൻ

"ആഗോളവൽക്കരണം എന്നത് 50 വർഷമായി വിശദീകരിക്കപ്പെടുന്നതാകയാൽ അത് ഒരു വഴിതെറ്റിക്കുന്ന ആശയമാണ്."

ഇമാനുവേൽ വാലർസ്റ്റെയിൻ




ഇമാനുവേൽ വാലർസ്റ്റെയിൻ തന്റെ ഒരു ലേഖനം ആവേശപൂർവം തുടങ്ങുന്നത് ഇങ്ങനെയാണ്: "ആഗോളവൽക്കരണം എന്നത് 50 വർഷമായി വിശദീകരിക്കപ്പെടുന്നതാകയാൽ അത് ഒരു വഴിതെറ്റിക്കുന്ന ആശയമാണ്."

2000ൽ എഴുതിയ 'ആഗോളവൽക്കരണമോ പരിവർത്തന യുഗമോ?' എന്ന ലേഖനത്തിൽ അദ്ദേഹം വിമർശന കാഴ്ചപ്പാടിലൂടെ ഇങ്ങനെ പറയുന്നു : രണ്ടാം ലോകയുദ്ധത്തിനുശേഷം അമേരിക്ക എന്നത് വ്യവസായങ്ങൾക്ക് ഏകവും പ്രമുഖവുമായ വ്യവസായ ശക്തിയായിരുന്നു. യുദ്ധകാലത്തെ നാശങ്ങളിൽ ആ രാജ്യത്തിന്റെ പ്രദേശങ്ങൾക്ക് നാശം സംഭവിച്ചിരുന്നുമില്ല."

ദീർഘകാലത്തെ സാമ്പത്തിക വികസനവും ലോക ഉൽപ്പാദനമേഖലകളിൽ മറ്റു രാജ്യങ്ങളിലെ സാമ്പത്തിക ഘടനകളുടെ തകർച്ചയും ഒരുമിച്ചു ചേർന്നപ്പോൾ ഉൽപ്പാദനക്ഷമതയിൽ കുറച്ചുകാലത്തേക്കെങ്കിലും അമേരിക്കയ്ക്ക് ഉണ്ടായ മെച്ചം അതിബൃഹത്തായിരുന്നു. അതുവഴി ലോകവിപണിയിൽ അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് അനായാസം ആധിപത്യം പുലർത്താൻ സാധിച്ചു.

ഈ വികസനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചാണ് പിന്നീട് അദ്ദേഹം വിവരിക്കുന്നത്: ഇവ കൂടാതെ മൂല്യത്തിന്റെയും മുതലാളിത്ത ലോക സമ്പദ്ഘടനയുടെ ചരിത്രത്തിലെ ഉയർന്ന യഥാർഥ ഉൽപ്പാദനത്തിന്റെയും വിപുലീകരണത്തിലൂടെയും അതിനൊപ്പം അവരത് സാധിച്ചത്. ഒപ്പം വലിയ സമ്പത്തുണ്ടാക്കാനും ലോക സാമൂഹ്യ വ്യവസ്ഥയിൽ വൻതോതിലുള്ള അസ്വസ്ഥതയും അവർ സൃഷ്ടിച്ചു."

ആഗോളക്രമത്തെ രാഷ്ട്രീയമായും സാമ്പത്തികമായും ഏകോപിപ്പിക്കുവാൻ കഴിയുംവിധം ഒരുകൂട്ടം സംഘടനകൾക്ക് രൂപം നൽകിയതാണ് യുദ്ധാനന്തര കാലത്തെ അമേരിക്കൻ അധിനിവേശത്തിന്റെ സവിശേഷത. ഐക്യരാഷ്ട്ര സംഘടന, ലോക ബാങ്ക്, ഐഎംഎഫ് തുടങ്ങിയവയാണ് ഈ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നത്. 'സ്വതന്ത്ര ലോകം' എന്നാണ് അമേരിക്കൻ ആഗോള സാമ്രാജ്യത്വത്തിന്റെ വിളിപ്പേര്. അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിലുള്ള പിരിമുറുക്കം കുറയ്ക്കുന്നതിന്റെ ഭാഗമായി രൂപപ്പെട്ട ശീതയുദ്ധം ആഗോള സാമ്പത്തിക മേഖലകളെ മരവിപ്പിക്കുകയും ഒരു മൂന്നാംലോക യുദ്ധത്തിന് വരെ ഇടയാക്കിയേക്കാവുന്ന പ്രാദേശിക സൈനിക ഉരസലുകൾ സൃഷ്ടി

ക്കുകയും ചെയ്യുന്നതായിരുന്നു അമേരിക്കയുടെ യുദ്ധാനന്തര നയം"

വാലർസ്റ്റെയ്ൻ ലളിതമായി കുറിക്കുന്നു: "…. യഥാർഥ ആധിപത്യത്തിന്റെ കാലം തികച്ചും ഹ്രസ്വമായിരുന്നു. 1945 മുതൽ 1970വരെയാണ് ആധിപത്യകാലമെന്ന് ഞാൻ കണക്കാക്കും." അദ്ദേഹം ഈ കാലത്തെ മൂന്നു നിർണായക ഘടകങ്ങളായി വേർതിരിക്കുന്നു:

**(i) ''സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ അമേരിക്ക മറ്റു രാജ്യങ്ങളെക്കാൾ മുന്നിലാണ്. അതുകൊണ്ട് അമേരിക്ക കൂടുതൽ ജനാധിപത്യപരമാണ്.''**

**(ii) 'അമേരിക്ക കൂടുതൽ ആധുനികവും സാങ്കേതികമായി ഏറെ പുരോഗമിച്ചിട്ടുമുണ്ട്. അതുകൊണ്ടുതന്നെ മറ്റു രാജ്യങ്ങളെക്കാൾ സമ്പന്നവുമാണ് അമേരിക്ക''**

**(iii) അതുകൊണ്ടുതന്നെ ലോകത്തെ ഏറ്റവും ശക്തമായ സൈനിക ശക്തി അമേരിക്കയാണ്''**

യുദ്ധാനന്തര കാലത്തെ സാമ്പത്തിക സമൃദ്ധിയുടെ യുഗമെന്ന അമേരിക്കൻ സ്വപ്നത്തെ ഇങ്ങനെ അടയാളപ്പെടുത്തപ്പെടുത്തുന്നു:

**(i) പ്രസിഡന്റ് നിക്സന്റെ കാലത്തെ ഗോൾഡ് സ്റ്റാന്റേഡ് അവസാനിപ്പിക്കൽ**

**(ii) OPEC എണ്ണ വില വർധിപ്പിക്കുന്നു.**

**(iii) 1972ൽ നിക്സൺ ചൈന സന്ദർശിക്കുന്നു**

അമേരിക്കൻ സൈന്യത്തെ വിയറ്റ്നാം പരാജയപ്പെടുത്തുകയും വിയറ്റ്നാം യുദ്ധത്തിനെതിരെയും വംശീയ പ്രശ്നങ്ങളും ലിംഗസമത്വവും ലൈംഗിക വ്യവഹാരങ്ങളും മുൻനിർത്തിയുള്ള സാമൂഹ്യ പ്രക്ഷോഭങ്ങൾ അമേരിക്കയെ പിടിച്ചുലയ്ക്കുകയും ചെയ്യതോടെയാണ് ഈ സംഭവവികാസങ്ങൾ ഉണ്ടായത്.

യുദ്ധാനന്തരകാലത്തിന്റെ അന്ത്യം സൃഷ്ടിച്ച ഒരു പ്രധാന പ്രത്യാഘാതം ഉൽപ്പന്ന നിർമാണ മേഖലയുടെ ഘട്ടംഘട്ടമായുള്ള തകർച്ചയും അതിനെ തുടർന്നുള്ള തൊഴിൽ നഷ്ടവുമാണ്. 1997–2005 കാലത്തെ ഉൽപ്പന്നനിർമാണ മേഖലയുണ്ടായ തകർച്ചയെ പോൾ ക്രുഗ്മാൻ വിലയിരുത്തുന്നത് ഇങ്ങനെയാണ്: വ്യാപാരക്കമ്മി തൊഴിൽനഷ്ടം ഉണ്ടാക്കുമോ? തീർച്ചയായും, ഉണ്ടാക്കും. ഒരു പരിധിവരെ. ചരക്കുകളുടെ കയറ്റുമതിയുടെയും ഇറക്കുമതിയുടെയും ഗണ്യമായ പങ്ക് ഉൾച്ചേർന്ന സേവനം കൂടി ആയതുകൊണ്ട് വ്യാപാരക്കമ്മി ഉൽപ്പന്നനിർമാണത്തിന്റെ മൂല്യവർധനയെ നേരിട്ട് ബാധിക്കണമെന്നില്ല. എന്നാൽ വ്യാപാരക്കമ്മിയിൽ ഉണ്ടാകുന്ന മതിയായ വർധന ഉൽപ്പന്ന നിർമാണ മേഖലയിലെ ജിഡിപിയുടെ പങ്ക് 1.5 ശതമാനം മുതൽ 10 ശതമാനത്തിൽ അധികം വരെ കുറയുന്ന സ്ഥിതി ഉണ്ടായി എന്നതിനർഥം 1997 മുതൽ 2005 വരെയുള്ള കാലയളവിൽ ഈ മേഖലയിലെ തൊഴിലവസരങ്ങളിൽ 20 ശതമാനം കുറവുണ്ടായി എന്നാണ്.

ദ സെയ്ന്റ് ലൂയിസ് ഫെഡറൽ റിസർവ് കണ്ടെത്തിയത് "ആഗോളവൽക്കരണത്തിന്റെ നേട്ടങ്ങൾ ബഹുരൂപിയും ബൃഹത്തുമാണ്, പ്രത്യേകിച്ച് കുറഞ്ഞ വിലയുടെയും കൂടിയ ലാഭത്തിന്റെയും ഉൽപ്പന്നത്തിന്റെ വൈവിധ്യത്തിന്റെയും കാര്യത്തിൽ." അത് പിന്നീട് ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: ഉൽപ്പന്ന നിർമാണ മേഖലയിലെ തൊഴിൽനഷ്ടം സമൂഹത്തിൽ ഉടനീളം നിരന്തരമായ ആഘാതമാണ് ഉണ്ടാക്കിയത്. തൊഴിലാളികളുടെ വിലപേശൽ ശേഷി കുറയുന്നതിലേക്കും കുറഞ്ഞ വേതന വർധനയിലേക്കും വർധിച്ച വേതന അസമത്വത്തിലേക്കുമാണ് ഇത് നയിച്ചത്. "

തുടർന്നുള്ള ഭാഗങ്ങളിൽ വേതനത്തിലെ കുറവ് 'വേതനം (യഥാർഥവും ആനുപാതികവും) കുറയാനും ആരോഗ്യരക്ഷയ്ക്കുള്ള ചെലവ് വർധിക്കാനും നേരിട്ടുള്ള ആനുകൂല്യങ്ങൾ ഇല്ലാതാക്കാനും ഇത് നേരിട്ട് പങ്ക് വഹിച്ചു' എന്ന് പറയുന്നു.

ഉൽപ്പന്ന നിർമാണ മേഖലയിലെയും മണിക്കൂറിനും തൊഴിലെടുക്കുന്നവരുടെയും വേതനം കുറയാൻ കാരണമായ ആഗോളവൽക്കരണം എക്സിക്യൂട്ടീവുകളുടെ വേതനത്തിൽ വൻ വർധനവിനും കാരണമായി. കനത്തശമ്പളം വാങ്ങുന്നവരുടെ വേതനത്തിൽ വിവേചനരഹിതമായ വർധനവാണ് സമീപകാല ആഗോളവൽക്കരണ പ്രവണതകൾ സൃഷ്ടിച്ചതെന്നാണ് 1993 മുതൽ 2013 വരെയുള്ള കാലയളവിൽ 1000 അമേരിക്കൻ കമ്പനികളിലെ എക്സിക്യൂട്ടീവുകളുടെവേതനംസംബന്ധിച്ച്കൊളറാഡോ സർവകലാശാലയ്ക്കുകീഴിലെ മസാച്യുസെറ്റ്സിലെ ബൗൾഡർ & വില്യംസ് കോളേജിലെ ഗവേഷകരുടെ ഒരു പഠനം പറയുന്നത്.

മറ്റു പല സമകാല പഠനങ്ങളുടെ കണ്ടെത്തലുകളെയും ദൃഢീകരിക്കുന്ന കണ്ടെത്തലുകളാണ് ഈ പഠനത്തിലുള്ളത്. ഉദാഹരണത്തിന് 1978നും 2014നും ഇടയ്ക്ക് എക്സിക്യൂട്ടീവുകളുടെ ശമ്പളം 977 ശതമാനം വർധിച്ചുവെന്നാണ് ഇക്കണോമിക് പോളിസി ഇൻസ്റ്റിറ്റ്യൂട്ട് 2015ൽ നടത്തിയ ഒരു പഠനം പറയുന്നത്. അതേസമയം ഈ കാലയളവിൽ സ്വകാര്യ പ്രൊഡക്ഷൻ യൂണിറ്റുകളിലെയും നോൺ സൂപ്പർവൈസർ തലത്തിലുള്ളവരുടെയും വേതനത്തിൽ ഉണ്ടായ വർധന വെറും 10.9 ശതമാനം മാത്രമാണ്. 2015ൽ പ്യൂ സെന്റർ കണ്ടെത്തിയത് ഉയർന്ന വരുമാനക്കാരുടെ വരുമാനം 1970 മുതൽ 2014 വരെ 47 ശതമാനം വർധിച്ചെന്നാണ്. ഇടത്തരക്കാരുടേത് 34 ശതമാനം വർധിച്ചപ്പോൾ താണ വരുമാനക്കാരുടെ വേതനത്തിൽ 28 ശതമാനം മാത്രമാണ് വർധനവുണ്ടായത്. ●

## ഇനി

# സഹകരണമേഖലയുടെ ഊഴം

വി.ബി പത്മകുമാർ




1904ൽ സഹകരണ സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃതമായ ഒരു നിയമവ്യവസ്ഥ സർക്കാർ രൂപപ്പെടുത്തി. സഹകരണ സംഘങ്ങൾ അനുവദിക്കുന്നതിനുള്ള അടിസ്ഥാന ചട്ടക്കൂടായി ഈ നിയമം മാറി. പ്രാദേശിക സർക്കാരുകൾക്ക് അവരുടെ കീഴിൽ പ്രാദേശിക സ്വഭാവമനുസരിച്ചു തന്നെ സംഘങ്ങൾ രൂപീകരിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നിയമം നിർമ്മിക്കുന്നതിനുള്ള വലിയ സാദ്ധ്യതകൾ നിലനിർത്തിയുള്ള നിയമ നിർമ്മാണമായിരുന്നു. സമൂഹത്തിൽ ഏറ്റവും താഴെ തട്ടിൽ നിൽക്കുന്ന ചെറിയ വരുമാനക്കാരായവരുടെ ഗ്രാമതല കൂട്ടായ്മ എന്ന തരത്തിലാണ് ഈ സംരംഭങ്ങളെ നിയമം വിലയിരുത്തിയത്. സ്വാതന്ത്ര്യനന്തരം സംസ്ഥാന സർക്കാരുകൾ ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതയിൽ സഹകരണ സ്ഥാപനങ്ങൾക്ക് നിയമം നിർമ്മിക്കുകയും ആ നിയമത്തിനുള്ളിൽ പ്രവർത്തനം നിയന്ത്രിക്കുകയും ചെയ്തു. നാമമാത്ര കർഷകർ, ഭൂരഹിതർ, കർഷക തൊഴിലാളികൾ, ദരിദ്ര ജനവിഭാഗങ്ങൾ ഇവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിക്കുന്ന സ്ഥാപനങ്ങളായി ഇവ. മിക്ക സംസ്ഥാനങ്ങളിലും സഹകരണ സംഘങ്ങൾ ഒരു സ്വയംഭരണ ഗ്രാമതല സ്വാശ്രയ സ്ഥാപനമായി വളർന്നില്ല. അതുകൊണ്ടുതന്നെ മറ്റ് ധനസ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നും സഹായം സ്വീകരിക്കുകയും അത്തരം സ്ഥാപനങ്ങളുടെ നയത്തിലൂന്നി കർഷകർക്ക് വായ്പകൾ നൽകേണ്ടിയും വന്നു.

സ്വാതന്ത്ര്യത്തിനുശേഷം ഗ്രാമീണ വായ്പ വ്യവസ്ഥയുടെ സമഗ്രമായ അവലോകനം സർക്കാർ നടത്തി. ഗ്രാമീണ വായ്പാ മേഖലയിൽ പരിമിതമായ ഇടപെടൽ ശേഷി മാത്രമേ സഹകരണ പ്രസ്ഥാനത്തിന് ഉണ്ടായിരുന്നുള്ളൂ എന്ന് മനസ്സിലായി. കർഷകുടുംബങ്ങളുടെ കടബാദ്ധ്യതയിൽ ഏതാണ്ട് 4% മാത്രം. ഈ കണ്ടെത്തലിന്റെ കൂടി അടിസ്ഥാനത്തിൽ വായ്പാസംഘങ്ങൾക്കായി പുതിയ നയങ്ങൾ രൂപപ്പെടുത്തി. പ്രാഥമിക സഹകരണ സംഘങ്ങളുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിന് ചില പദ്ധതികൾ നടപ്പിലാക്കി. പഞ്ചവത്സര പദ്ധതിയിൽ സഹകരണ സംഘങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ടെന്ന് കണ്ടെത്തി സഹകരണമേഖലയെ പ്രോത്സാഹിപ്പിച്ചു. അതുമൂലം കാർഷിക കുടുംബങ്ങളുടെ കടബാദ്ധ്യതയിൽ 4% എന്ന നിലയിൽ നിന്നു 22% മായി സഹകരണ വായ്പ ഉയർന്നു. സർക്കാരിന്റെ നിർലോഭമായ പിന്തുണയിൽ സഹകരണ മേഖല ഏറെ പുരോഗതി കൈവരിച്ചു.

1991 മുതൽ കേന്ദ്രസർക്കാർ ആഗോള സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പാക്കി തുടങ്ങി. കോർപ്പറേറ്റ് താൽപ്പര്യം സംരക്ഷിക്കുന്ന നയങ്ങൾക്കനുസൃതമായി ഇൻഡ്യൻ ധനമേഖലയിൽ നിയമങ്ങൾ കൊണ്ടുവരുകയും ചെയ്തു. ഇതിന്റെ ഏറ്റവും വലിയ ഇരയായത് കാർഷിക, ഗ്രാമീണ വായ്പ മേഖലയായിരുന്നു. ഇതിന്റെ ആഘാതം സഹകരണ മേഖലയെയും ബാധിച്ചു. 1995 മുതൽ NPA നോംസും, പ്രൂഡൻഷ്യൽ നോംസും സഹകരണ സ്ഥാപനങ്ങളിലും നടപ്പാക്കി തുടങ്ങി. ഇതിന്റെ ഫലമായി വായ്പാ രംഗത്ത് വലിയ തിരിച്ചടി നേരിടേണ്ടിവന്നു. ഇതാണ് രാജ്യത്തെ സഹകരണ സ്ഥാപനങ്ങളെ പൊതുവായി വിലയിരുത്തിയാൽ ലഭിക്കുന്ന ചിത്രം. എന്നാൽ കേരള മാതൃക ഏറെ വ്യത്യസ്ഥമായിരുന്നു. കേന്ദ്രസർക്കാരിന്റെയും റഗുലേറ്ററി അധികാരികളുടെയും ഉദാസീനതയ്ക്കിടയിലും സഹകരണ സ്ഥാപനങ്ങൾ വലിയ അഭിവൃദ്ധി നേടി. കേരളത്തിലെ സഹകരണ മേഖലയുടെ വികാസം സാദ്ധ്യമായതിന് സംസ്ഥാന സർക്കാരിന്റെ തുടർച്ചയായ പിന്തുണയും പ്രൊഫഷണൽ മാനേജ്മെന്റും പൊതുജനവിശ്വാസവും ജനാധിപത്യ ഭരണക്രമവുമാണ് കാലാകാലങ്ങളിലുള്ള നിക്ഷേപ സമാഹരണം സംഘങ്ങളെ സ്വാശ്രയ സ്ഥാപനങ്ങളാക്കാൻ നല്ല രീതിയിൽ സഹായിച്ചു.

സ്വാതന്ത്ര്യനന്തരം സഹകരണമേഖലയ്ക്ക് പല പരിരക്ഷകളും അക്കാലത്ത് നൽകിയിരുന്നു. അതിൽ പ്രധാനമായിരുന്നു ആദായനികുതി പരിരക്ഷ. സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിക്കുന്ന സ്ഥാപനമെന്ന തരത്തിലായിരുന്നു ഇത്. എന്നാൽ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഭാഗമായി പുതുതായി കൊണ്ടുവന്ന ആദായനികുതിനിയമങ്ങളും ഭേദഗതികളും ഈ മേഖലയ്ക്ക് നാളിതുവരെ നൽകികൊണ്ടിരുന്ന പരിരക്ഷകൾ ഓരോന്നായി ഇല്ലാതാക്കുകയാണ്. ആദായനികുതി നിയമത്തിലെ 80(ജ) വകുപ്പ് അനുസരിച്ച് മൂന്ന് ഉപവകുപ്പുകളിലായി ഏതൊക്കെ കാര്യങ്ങളിൽ നിന്നുള്ള വരുമാനങ്ങൾക്കാണ് നികുതി ഇളവ് എന്നത് വ്യക്തമാക്കിയിരുന്നു. 2006ൽ ഇതിൽ ഭേദഗതി കൊണ്ടുവന്ന് നാലാമത് ഒരു ഉപവകുപ്പ് കൂടി ചേർത്ത് സഹകരണ സംഘങ്ങൾക്ക് ലഭിച്ചിരുന്ന ഇളവിന് നിയന്ത്രണം ഏർപ്പെടുത്തി. ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 5ാം വിഭാഗത്തിൽ വരുന്ന ബാങ്കിംഗ് ബിസിനസ്സ് ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ വരുമാനത്തിന് നികുതി നൽകണം എന്ന് വ്യവസ്ഥ ചെയ്തു. ഇത് ഏറ്റവും കൂടുതൽ ബാധിച്ചത് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെയായിരുന്നു. കാരണം കേരളത്തിലെ സഹകരണ സംഘങ്ങൾ അവയുടെ പേരിനൊപ്പം ബാങ്ക് എന്ന് ചേർത്തായിരുന്നു 1976 മുതൽ പ്രവർത്തിച്ചത്. 2005 മുതൽ ഇതിന് RBI ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നു. ഈ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സാണ് ചെയ്യുന്നത് എന്ന് വിലയിരുത്തി ആദായനികുതി ഇളവ് അനുവദിച്ചില്ല. ഈ നടപടി കേന്ദ്രസർക്കാർ ആഗോളനയത്തിനനുസരിച്ച് പാവപ്പെട്ടവന്റെ അത്താണിയായ ധനമേഖലയെ വരുതിയിലാക്കുന്നതിന്റെ ആദ്യപടിയായിരുന്നു. അതിന്റെ ഒടുവിലത്തെ നടപടിയാണ് ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതിബിൽ 2020.

സഹകരണ ബാങ്കിംഗ് മേഖലയെ 1965 മുതൽ ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ RBI നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരുന്നു. 2012 ജനുവരിയിൽ കൊണ്ടുവന്ന ബാങ്കിംഗ് നിയന്ത്രണ ഭേദഗതി ബിൽ ബാങ്കിംഗ് ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്ന പദം ഉപയോഗിക്കുന്നതും ചെക്ക് ഉപയോഗിച്ച് ഇടപാടു നടത്തുന്നതും വിലക്കി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിന്നും നിരവധി സംഘങ്ങൾ ലൈസൻസിനായി അപേക്ഷിച്ചു പ്രാഥമിക കാർഷിക വായ്പ സംഘങ്ങളായതിനാൽ ഇവയ്ക്ക് RBI ലൈസൻസ് നൽകാൻ വ്യവസ്ഥയില്ല എന്ന കാരണത്താൽ അപേക്ഷകൾ നിരസിച്ചു. ഈ മേഖലയെ കൈപിടിയിലൊതുക്കി കോർപ്പറേറ്റുകൾക്കും പുതുതലമുറ ബാങ്കുകൾക്കും യഥേഷ്ടം വിഹരിക്കുന്നതിനുള്ള "ലെവൽ പ്ലയ്സ്" ഒരുക്കുന്നതിനു വേണ്ടിയായിരുന്നു ഈ




**2020 മാർച്ച് 3ന് ബാങ്കിംഗ് നിയന്ത്രണ നിയമഭേദഗതി ബിൽ കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചത്. എന്നാൽ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ പാർലമെന്റ് അവസാനിപ്പിച്ചതിനാൽ ബില്ല് പാസ്സാക്കാൻ സാധിച്ചിരുന്നില്ല. പകരം 2020 ജൂൺ 26ന് പുതിയ ഓർഡിനൻസ് കൊണ്ടുവന്നു. ഇത് സഹകരണ പ്രസ്ഥാനത്തെ കേന്ദ്രസർക്കാരിന് നേരിട്ട് നിയന്ത്രിക്കാൻ പറ്റുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയായിരുന്നു.**

നയമാറ്റം. 01.09.2019 മുതൽ ധനബില്ലിൽ ആദായനികുതി നിയമത്തിൽ പുതിയ വ്യവസ്ഥ 194 N ൽ ഉൾപ്പെടുത്തി. ഒരു കോടിയിലധികം രൂപ പണമായി പിൻവലിച്ചാൽ അധിക തുകയ്ക്ക് 2% ഉറവിടത്തിൽ നികുതി പിടിക്കാൻ നിർദ്ദേശിച്ചു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇത് ബാധകമാക്കി. ബാങ്കിംഗ് സ്ഥാപനങ്ങൾ, ബാങ്കിംഗ് ലൈസൻസുള്ള സഹകരണ സ്ഥാപനങ്ങൾ, ബാങ്കിംഗ് കറസ്പോണ്ടന്റുകൾ,പോസ്റ്റ് ഓഫീസ് ഇവയെ ഒഴിവാക്കിയിരുന്നു. സഹകരണ സ്ഥാപനങ്ങളെ വ്യക്തികളായി കണ്ട് നികുതി പിരിച്ചു നൽകാൻ നിർദ്ദേശിക്കപ്പെട്ടു. ഇത് പ്രകാരം ഓരോ സംഘത്തിൽ നിന്നും ലക്ഷക്കണക്കിന് രൂപ പിഴയീടാക്കുന്നതിന് നോട്ടീസ് നൽകിയപ്പോൾ കോടതിയെ സമീപിച്ച് പരിഹാരത്തിന് ശ്രമിക്കുകയാണ്. പിൻവലിക്കുന്ന പണത്തിന് നികുതിയടയ്ക്കേണ്ടി വന്നാൽ കോടിക്കണക്കിന് രൂപ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ അടയ്ക്കേണ്ടിവരും. മിക്കസ്ഥാപനങ്ങളും നഷ്ടത്തിലാകുകയോ തകരുകയോ ചെയ്യും. 01.07.2020 മുതൽ 194 N ൽ വീണ്ടും ഭേദഗതി വരുത്തി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആദായ നികുതി റിട്ടേൺ സമർപ്പിക്കാത്ത സംഘങ്ങൾ 20 ലക്ഷം രൂപയിൽ കൂടുതൽ പണമായി പിൻവലിച്ചാൽ 2% ഉം ഒരുകോടിക്ക് മുകളിൽ 5% മായി ഭേദഗതി വരുത്തി. കേന്ദ്രസർക്കാർ ഈ വിഷയത്തിൽ എടുത്തിട്ടുള്ള നയം പണം കൈമാറ്റത്തിലൂടെ നടക്കുന്ന ഇടപാടുകൾ സുതാര്യമല്ലെന്നും പ്രത്യക്ഷമായും പരോക്ഷമായും നികുതി അടവ് ഒഴിവാക്കുന്നതിന് നല്ലമാർഗ്ഗമാണ് ഇതെന്നുമാണ്. പണത്തിന്റെ ഉൽഭവവും ഒഴുക്കും കണ്ടെത്തുക ഈ നടപടിയിലൂടെ ബുദ്ധിമുട്ടാണ്. വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങൾക്ക് എങ്ങനെയാണ് ഇത്തരം നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നത് എന്ന ചോദ്യത്തിന് ഉത്തരവുമില്ല. നോട്ട് നിരോധന കാലത്ത് ഇത്തരം ആരോപണത്തിന്റെ പേരിൽ സംസ്ഥാനത്ത് വിവിധ സഹകരണ സ്ഥാപനങ്ങളിൽ കേന്ദ്രസർക്കാരിന്റെ വകുപ്പുകൾ പരിശോധന നടത്തിയതിൽ എന്തെങ്കിലും കുറ്റങ്ങളോ പിഴവുകളോ കണ്ടെത്താൻ സാധിച്ചിട്ടില്ല. കേരളത്തിലെ സംഘങ്ങളുടെ പ്രവർത്തനത്തിലെ സുതാര്യതയും നിയമവ്യവസ്ഥയോടുള്ള കൂറുമാണ് ഇത് തെളിയിക്കുന്നത്.

ഈ വിഷയങ്ങളൊക്കെ പൊതുസമൂഹത്തിൽ ചർച്ച ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് 2020 മാർച്ച് 3ന് ബാങ്കിംഗ് നിയന്ത്രണനിയമ ഭേദഗതി ബിൽ കേന്ദ്രധനമന്ത്രി നിർമ്മലാ സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചത്. എന്നാൽ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ പാർലമെന്റ് അവസാനിപ്പിച്ചതിനാൽ ബില്ല് പാസ്സാക്കാൻ സാധിച്ചിരുന്നില്ല. പകരം 2020 ജൂൺ 26ന് പുതിയ ഓർഡിനൻസ് കൊണ്ടുവന്നു. ഇത് സഹകരണ പ്രസ്ഥാനത്തെ കേന്ദ്രസർക്കാരിന് നേരിട്ട് നിയന്ത്രിക്കാൻ പറ്റുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയായിരുന്നു.

ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വകുപ്പ് (3) ലെ ഭേദഗതിപ്രകാരം 1981ലെ NABARD ആക്ടിൽ എന്തുതന്നെ വ്യവസ്ഥ ചെയ്താലും പ്രാഥമിക കാർഷി വായ്പാ സംഘങ്ങൾക്കോ, അല്ലെങ്കിൽ കാർഷിക വികസനത്തിനായി ദീർഘകാലവായ്പ നൽകുക എന്ന പ്രധാനലക്ഷ്യമുള്ള ഒരു സംഘത്തിനോ, അങ്ങനെയുള്ള സംഘം അവയുടെ പേരിനൊപ്പമോ, അല്ലെങ്കിൽ ബിസിനസ്സുമായി ബന്ധപ്പെട്ടോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്ന വാക്ക് ഉപയോഗിക്കാതിരിക്കുകയും ചെക്കിന്റെ "ഡ്രായി" ആയി പ്രവത്തിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ ബാധകമായിരിക്കില്ല. വകുപ്പ് 45 ലും 56ലും കൂടി ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ വകുപ്പ് പ്രകാരം ബാങ്കിംഗ് ബിസിനസ്സ് സസ്പെൻണ്ടു ചെയ്യുന്നതിനും സംയോജനമോ, ലയനമോ, ഏറ്റെടുക്കലോ, കൈവശപ്പെടുത്തലോ ചെയ്യുന്നതിന് സർക്കാരിനോടാവശ്യപ്പെടാനും റിസർവ്വ് ബാങ്കിന് അധികാരം ലഭിച്ചു. കൂട്ടിചേർക്കപ്പെട്ട 45 വകുപ്പിന്റ ഉപവകുപ്പ് (4) പ്രകാരം ഭരണസമിതിയെ പിരിച്ചു വിടാനുള്ള അധികാരം RBI യ്ക്ക് ലഭിക്കും. ബാങ്കുകളുടെ ശരിയായ ഭരണം നിക്ഷേപകരോടും ഓഹരിഉടമകളോടുമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുമാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത് എന്ന് ആമുഖത്തിൽ പറഞ്ഞുകൊണ്ട് സംസ്ഥാന സർക്കാരുകളുടെ അധികാരം കവർന്നെടുത്തിരിക്കുകയാണ്. തികച്ചും ഭരണഘടന ലംഘനമാണ് കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നത്. ഭരണഘടനയുടെ 7ാം ഷെഡ്യൂളിൽ രണ്ടാം ലിസ്റ്റിലുള്ള സംസ്ഥാന വിഷയത്തിലുള്ള കയ്യേറ്റമാണ്. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമനുസരിച്ച് പ്രവർത്തിച്ചു വരുന്ന സഹകരണ സ്ഥാപനങ്ങളെ RBI യിലൂടെ നിയന്ത്രിക്കുകയും കൈവശത്തെടുത്തുകയും ചെയ്യുന്നതിനാണ് പഞ്ചാബ് & മഹാരാഷ്ട്ര അർബൻ കോഓപ്പറേറ്റീവ് ബാങ്കിന്റെ പേരിൽ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി.

ഇത് നല്ല തരത്തിൽ ബാധിക്കുന്നത് കേരളത്തിലാണ്. ഏറ്റവും മികച്ച രീതിയിൽ സഹകരണ മേഖല കൈകാര്യം ചെയ്യപ്പെടുന്നത് ഇവിടെയാണ്. ജനങ്ങളുടെ വിശ്വാസം നേടി, ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്ന ജനകീയ പ്രസ്ഥാനത്തിന്റെ ജനകീയത ഇല്ലാതായി ഒരു സാധാരണ ബാങ്കിംഗ് സ്ഥാപനമായി മാറി, കേന്ദ്രസർക്കാരിന്റെ കീഴിലേയ്ക്ക് എത്തിയ്ക്കുന്നതിനുള്ള നിയമനിർമ്മാണമാണ്. ശക്തമായ പ്രക്ഷോഭം വളർത്തി ഭരണഘടനാ വിരുദ്ധ നടപടിയെ എതിർക്കുകയും രാജ്യത്തിനാകെ നേതൃത്വം നൽകുകയും ചെയ്യേണ്ടതുണ്ട്. അതിനാവശ്യമായ മുൻകൈ കേരളത്തിലെ സഹകാരികളും തൊഴിലാളികളുമുൾപ്പെടുന്ന മുഴുവൻ ജനങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. ●



## ആഗോള സമ്പദ് വ്യവസ്ഥ

ജോസ് ടി എബ്രഹാം

# ക്ഷീണിക്കുന്ന ഡോളറും ആഗോള രാഷ്ട്രീയ സാഹചര്യവും




അമേരിക്കൻ ഡോളറും അമേരിക്കൻ സമ്പദ്‌വ്യവസ്ഥയും ക്ഷീണിച്ചുകൊണ്ടിരിക്കുന്നതിന്റെ റിപ്പോർട്ടുകൾ അന്തർദേശീയ മാധ്യമങ്ങളിൽ കുറെ നാളുകളായി വന്നുകൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ കടം 2020 ജൂലൈയിൽ 26.5 ട്രില്യൻ ഡോളറാണ്. അമേരിക്കയുടെ ജിഡിപി 21.44 ട്രില്യൻ ഡോളർ ആയിരിക്കുമ്പോഴാണ് കടം 26.5 ട്രില്യൻ ഡോളറായിരിക്കുന്നത്. (ഒരു ട്രില്യൻ ഒരു ലക്ഷം കോടി) അമേരിക്കയാണ് ഇന്ന് ലോകത്തെ ഏറ്റവും വലിയ കടക്കാരൻ. അമേരിക്ക കടമെടുക്കുന്നത് സർക്കാരിന്റെ ട്രഷറി ബില്ലുകളുടെയും സർക്കാർ ഇറക്കുന്ന ബോണ്ടുകളുടെയും രൂപത്തിലാണ്. വ്യക്തികളും കമ്പനികളും വിദേശ ഗവണ്മെന്റുകളും ഒക്കെ അമേരിക്കക്ക് കടം നൽകുന്നവരിൽ പെടും. 1988 ൽ അമേരിക്കൻ സർക്കാരിന്റെ കടം അമേരിക്കൻ ജിഡിപിയുടെ പകുതി മാത്രമായിരുന്നു. ഇപ്പോൾ അമേരിക്കയുടെ കടം ജിഡിപിയുടെ 123 ശതമാനമാണ്.

അമേരിക്കയുടെ ജിഡിപി 1960ൽ ആഗോള ജിഡിപിയുടെ 40% ആയിരുന്നു. അതിപ്പോൾ ക്രമേണ കുറഞ്ഞു കുറഞ്ഞ് 22% വരെയായി. പർച്ചേസിങ്ങ് പവർ പാരിറ്റി (പിപിപി) കണക്കാക്കിയാൽ അമേരിക്കയുടെ ജിഡിപി ആഗോള ജിഡിപിയുടെ 15% ത്തിലും താഴെയാണ്. പർച്ചേസിങ് പവർ പാരിറ്റി രീതി എന്നു പറഞ്ഞാൽ ഒരു രാജ്യത്തിന്റെ നാണയത്തിന് മേടിക്കാൻ കഴിയുന്ന ഒരു പ്രത്യേക അളവ് സാധനങ്ങളെ അടിസ്ഥാനപ്പെടുത്തി ജിഡിപി കണക്കാക്കുന്ന രീതിയാണെന്ന് ഏകദേശം പറയാം. അമേരിക്കൻ സ്വാധീനവും ശക്തിയും ആഗോള രംഗത്തു കുറയാൻ നാനാതരം കാരണങ്ങളുണ്ട്. അതിൽ ഒരു പ്രധാന കാരണം അമേരിക്കയുടെ വ്യാവസായിക ഉല്പാദനത്തിൽ വന്ന തകർച്ചയാണ്. കാറുകളുടെ ഉല്പാദനം മാത്രം ഒന്നു പരിശോധിക്കാം. ഒരു കാലത്ത് ഫോർഡ് ജനറൽ മോട്ടോഴ്സ്, ക്രിസ്‌ലർ തുടങ്ങിയ കമ്പനികളാണ് ആഗോള മോട്ടോർ വ്യവസായം അടക്കിവാണിരുന്നത്.

**ആഗോള തലത്തിൽ വികസിച്ചു വന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ സംഭവവികാസങ്ങൾ അമേരിക്കൻ ഡോളറിനും ഭീഷണി ഉയർത്തി തുടങ്ങിക്കഴിഞ്ഞു. അമേരിക്കൻ സമ്പദ് വ്യവസ്ഥയെ ഇപ്പോൾ താങ്ങി നിറുത്തുന്നത് ഡോളറിന്റെ ബലത്തിലാണ്. ഡോളർ ഇപ്പോഴും ശക്തമായ നാണയമാണെങ്കിലും ക്രമേണ അതിന് ഇടിവുണ്ടായിക്കൊണ്ടിരിക്കുകയാണ്.**



**ഇടിയുന്ന എണ്ണവിലയും എണ്ണയുടെ ഉപയോഗവും, ഇലക്ട്രിക് സാങ്കേതിക വിദ്യയുടെ മോട്ടോർ മേഖലയിലെ കൂടിവരുന്ന ഉപയോഗവും എല്ലാം ഡോളറിനും ഭീഷണിയാണ്. ഡോളർ ക്ഷീണിക്കുന്നത് അമേരിക്കയെയും ക്ഷീണിപ്പിക്കും. അമേരിക്കൻ ഡോളറിനു ഭീഷണി ഉയർത്തുന്ന മറ്റൊരു ഘടകം ഡിജിറ്റൽ കറൻസിയാണ്. ഡിജിറ്റൽ കറൻസിയുടെ ഉപയോഗവും സുരക്ഷിതത്വവുമെല്ലാം ചൈന, യൂറോപ്യൻ യൂണിയൻ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളും പല അന്താരാഷ്ട്ര കോർപറേഷനുകളും പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ആഗോള രാഷ്ട്രീയ ബലാബലത്തിൽ വലിയ ചലനങ്ങൾക്കു സാധ്യതയുള്ള മാറ്റങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.**

എന്നാൽ ആ രംഗം ക്രമേണ ജപ്പാനും ജർമനിയും കൊറിയ പോലെയുള്ള സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളും കയ്യടക്കി. ഇലക്ട്രോണിക് വസ്തുക്കളുടെ ഉല്പാദനത്തിലും അമേരിക്ക പിന്നിലാണ്. ആ രംഗത്ത്, ചൈനയും സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളും ജപ്പാനും ഒക്കെയാണ് മുന്നിൽ. അമേരിക്ക യുദ്ധത്തിനും യുദ്ധോപകരണങ്ങളുടെ ഉത്പാദനത്തിനും സമ്പത്ത് ചിലവഴിച്ചപ്പോൾ സ്വാഭാവികമായി മറ്റു രാജ്യങ്ങൾ ഇതര വ്യാവസായിക രംഗങ്ങളും ഉപഭോഗ വസ്തുക്കളുടെ ഉത്പാദനവും വിപണനവും കയ്യടക്കി.

ലോകത്തിന്റെ രാഷ്ട്രീയ ഭൂപടത്തിലും ബന്ധങ്ങളിലും അതിവേഗം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. 1991 ൽ സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ അമേരിക്കൻ ആധിപത്യത്തിലുള്ള ഒരു ഏകധ്രുവലോകം സൃഷ്ടിക്കപ്പെട്ടു എന്ന സങ്കൽപം നിലവിൽ വന്നു. എന്നാൽ ചൈന അതിവേഗം സാമ്പത്തിക രംഗത്തും സാങ്കേതിക രംഗത്തും സൈനിക രംഗത്തും ശക്തിപ്രാപിക്കുകയും അമേരിക്കൻ ആധിപത്യത്തിനു ഭീഷണിയാകും എന്ന നില വരികയും ചെയ്തു. ഇലക്ട്രോണിക് വസ്തുക്കളുടെയും കംപ്യൂട്ടറിന്റെയും വിവര സാങ്കേതിക വിദ്യയുടെയും മറ്റ് ഉപഭോഗവസ്തുക്കളുടെയും ഉല്പാദനത്തിലും വിതരണത്തിലുമെല്ലാം ചൈന ആഗോള രംഗത്തുതന്നെ വലിയ മേൽക്കൈ നേടി. ചൈനയുടെ ഒരു ബെൽറ്റ് ഒരു റോഡ് (One belt one road) പദ്ധതിയും മരിടൈം സിൽക്ക് റോഡ് പദ്ധതിയും (Maritime silk road) ലോകത്തെ മൂന്നിൽ രണ്ട് ജനങ്ങളെയാകെ ബന്ധിപ്പിക്കുന്ന ബൃഹത്തായ അടിസ്ഥാന സൗകര്യ പദ്ധതിയാണ്. യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളെയാകെ ഈ പദ്ധതി കരയിലൂടെയും കടലിലൂടെയും ബന്ധിപ്പിക്കും. ഭാവിയിൽ വ്യവസായ വികസനത്തിനും വ്യാപാര വികസനത്തിനും ഇത് വലിയ മുതൽക്കൂട്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. ചൈന ആഗോള രംഗത്തെടുക്കുന്ന ഈ മേൽക്കൈയും പ്രവർത്തനങ്ങളും അമേരിക്കൻ ആധിപത്യത്തിനു ഭീഷണിയാകും.

ഇത്തരത്തിൽ ആഗോള തലത്തിൽ വികസിച്ചു വന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ സംഭവവികാസങ്ങൾ അമേരിക്കൻ ഡോളറിനും ഭീഷണി ഉയർത്തി തുടങ്ങിക്കഴിഞ്ഞു. അമേരിക്കൻ സമ്പദ് വ്യവസ്ഥയെ ഇപ്പോൾ താങ്ങി നിറുത്തുന്നത് ഡോളറിന്റെ ബലത്തിലാണ്. ആഗോള നാണയം എന്ന നിലയിൽ ഡോളർ ഇപ്പോഴും ശക്തമായ നാണയമാണ്. ലോകത്തെ കടത്തിന്റെ 40% ഡോളറിലാണ് ; ബാങ്ക് റിസർവുകളുടെ 61% ഡോളറിലാണ് ആഗോള വ്യാപാരത്തിന്റെ 50% ത്തോളം നടക്കുന്നത് ഡോളറിലാണ്. ഫോറിൻ എക്സ്ചേഞ്ച് വ്യാപാരത്തിന്റെ 90% ഡോളറിലാണ്.

ഡോളർ ഇപ്പോഴും ശക്തമായ നാണയമാണെങ്കിലും ക്രമേണ അതിന് ഇടിവുണ്ടായിക്കൊണ്ടിരിക്കുകയാണ്. 1970 ൽ ആഗോള റിസർവ്

കറൻസിയുടെ 80% വും ഡോളറിലായിരുന്നു. 2015 ആയപ്പോൾ അത് 66% ആയും 2019 ലേക്കെത്തിയപ്പോൾ 62% ആയും കുറഞ്ഞു. വ്യാപാര ഇടപാടുകളിൽ ഡോളറിൽ നിന്നും മാറാൻ ഇപ്പോൾ പല രാജ്യങ്ങളും ശ്രമിക്കുന്നുണ്ട്. അമേരിക്കൻ സർക്കാരിന്റെ സെക്യൂരിറ്റികൾ വാങ്ങുന്നതിലും പല രാജ്യങ്ങളും കുറവു വരുത്തുന്നുണ്ട്. അന്തർദേശീയ വ്യാപാരത്തിന് അവരവരുടെ നാണയം ഉപയോഗിക്കാനാണ് പല രാജ്യങ്ങളും ശ്രദ്ധിക്കുന്നത്. അമേരിക്കയുടെ ട്രഷറി ബില്ലുകളുടെ റേറ്റും ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഹ്രസ്വകാല അമേരിക്കൻ ട്രഷറി ബില്ലിന്റെ റേറ്റ് ഇപ്പോൾ മൈനസാണ്. പത്തു വർഷ കാലാവധിയുള്ള ദീർഘകാല അമേരിക്കൻ ട്രഷറി ബില്ലിന് കമ്പോളത്തിൽ ഒരു ശതമാനത്തിൽ കുറവാണ് റേറ്റ്. ട്രഷറി ബില്ലിന് റേറ്റ് കുറയുന്നത് ഒരു രാജ്യത്തെ സാമ്പത്തിക നിലയിലെ വിശ്വാസ കുറവാണ് പ്രതിഫലിപ്പിക്കുന്നത്. മിക്ക രാജ്യങ്ങളും ഇപ്പോൾ സ്വർണത്തിൽ നിക്ഷേപം നടത്താനാണ് താല്പര്യം കാണിക്കുന്നത്. ആഗോള സ്വർണ നിക്ഷേപത്തിന്റെ 23.64 % ജൂൺ 2019 ന് അമേരിക്കയുടേതായിരുന്നു. എന്നാൽ ജൂൺ 2020 എത്തിയപ്പോൾ അത് 15.5% ആയിക്കുറഞ്ഞു.

അമേരിക്കൻ ഡോളറിനു ഭീഷണി ഉയർത്തുന്ന മറ്റൊരു സംഭവ വികാസം ഡിജിറ്റൽ കറൻസിയുടെ ഉപയോഗമാണ്. ആഗോള വ്യാപാരത്തിനും ഇടപാടുകൾക്കും ഡിജിറ്റൽ കറൻസി ഉപയോഗിക്കാൻ പല രാജ്യങ്ങളും ഇപ്പോൾ താല്പര്യം എടുക്കുന്നുണ്ട്. ഡിജിറ്റൽ കറൻസിയുടെ ഉപയോഗവും അതിന്റെ സുരക്ഷിതത്വവുമെല്ലാം ചൈന, യൂറോപ്യൻ യൂണിയൻ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളും പല അന്താരാഷ്ട്ര കോർപറേഷനുകളും പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ഗോൾഡ്മാൻ സാക്സ് ഗ്രൂപ്പിന്റെ 2020 ജൂലൈ 25 ന് പുറത്ത് വന്ന ഒരു പഠനത്തിലും പറയുന്നത് കോവിഡ് 19 മൂലം അനിശ്ചിതത്വത്തിലായ ഇന്നത്തെ സാമ്പത്തിക അന്തരീക്ഷത്തിലും ഡോളറിന്റെ ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. ഡോളറിൽ നിക്ഷേപം നടത്താൻ പല രാജ്യങ്ങളും മടിച്ച് നിക്ഷേപം നടത്തുന്നത് സ്വർണത്തിലാണ്. അതാണ് സ്വർണവില വലിയ രീതിയിൽ കുതിച്ചുയർന്നുകൊണ്ടിരിക്കുന്നത്. അമേരിക്കയിൽ രാഷ്ട്രീയ അനിശ്ചിതത്വവും അമേരിക്കയിൽ കോവിഡ് 19 വലിയ രീതിയിൽ പടർന്നു പിടിക്കുന്നതും അമേരിക്കൻ സമ്പദ്രംഗത്തിനും ഭീഷണിയാണ്. സ്വാഭാവികമായി ഡോളറിലുള്ള വിശ്വാസം അതിവേഗം കുറയുന്നു എന്നാണ് ഗോൾഡ്മാൻ സാക്സ് സ്ട്രാറ്റജിസ്റ്റ് ഡാനിയേൽ ഷാർപ് പറഞ്ഞത്. കോവിഡ് 19 നേരിടാൻ പ്രഖ്യാപിച്ച പദ്ധതികൾ അമേരിക്കൻ കടം ഇനിയും ഉയരാൻ കാരണമാകും. അനന്തമായി ഉയരുന്ന കടം അമേരിക്കൻ സമ്പദ്വ്യവസ്ഥയിൽ മറ്റു രാജ്യങ്ങൾക്കുള്ള വിശ്വാസം കുറക്കും. അതാണ് ട്രഷറി ബില്ലുകളുടെ റേറ്റ് ഇടിയാൻ കാരണം.



**ഡോളറിൽ നിക്ഷേപം നടത്താൻ പല രാജ്യങ്ങളും മടിച്ച് നിക്ഷേപം നടത്തുന്നത് സ്വർണത്തിലാണ്. അതാണ് സ്വർണവില കുതിച്ചുയർന്നു കൊണ്ടിരിക്കുന്നത്. അമേരിക്കയിൽ രാഷ്ട്രീയ അനിശ്ചിതത്വവും കോവിഡ് 19 പടർന്നു പിടിക്കുന്നതും അമേരിക്കൻ സമ്പദ്രംഗത്തിനും ഭീഷണിയാണ്. സ്വാഭാവികമായി ഡോളറിലുള്ള വിശ്വാസം അതിവേഗം കുറയുന്നു**

ചൈനയുമായി അമേരിക്ക വ്യാപാര യുദ്ധം പ്രഖ്യാപിച്ചിട്ട് കുറെ നാളുകളായി. ഇപ്പോൾ അത് രാഷ്ട്രീയ രംഗത്തേക്കും കടന്നിരിക്കുകയാണ്. അമേരിക്ക ചൈനയുടെ ഹ്യൂസ്റ്റണിലെ എംബസി അടക്കാൻ നിർദേശിച്ചു. അതേ തുടർന്ന് ചൈന അമേരിക്കയുടെ ചെങ്ങ് ഡൂവിലെ എംബസി അടക്കാൻ ആവശ്യപ്പെട്ടു. ചൈനയുടെ അമേരിക്കയിലെ കൂടുതൽ എംബസികൾ അടക്കാൻ ആവശ്യപ്പെടുമെന്ന് ട്രംപ് പ്രഖ്യാപിച്ചിട്ടുമുണ്ട്. "സൗത്ത് ചൈന കടൽ" പ്രദേശത്തെ സംഘർഷങ്ങളും മൂർച്ഛിക്കുകയാണ്. വ്യാപാര സംഘർഷങ്ങളും രാഷ്ട്രീയ സംഘർഷങ്ങളും ആത്യന്തികമായി അമേരിക്കൻ സമ്പദ് വ്യവസ്ഥയെയും ഡോളറിനെയും കൂടുതൽ ക്ഷീണിപ്പിക്കും. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് 2020 നവംബറിൽ നടക്കാൻ പോകുകയാണ്. ഈ സാഹചര്യത്തിൽ ചൈനയുമായി സംഘർഷം മൂർച്ഛിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താനാണ് ട്രംപിന്റെ ശ്രമം.

യൂറോപ്യൻ രാജ്യങ്ങളുമായി പ്രത്യേകിച്ച് ജർമനിയുമായി അമേരിക്കക്ക് പല വ്യാപാര തർക്കങ്ങളും നിലനിൽക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ എണ്ണ വിലയിൽ കുത്തനെയുണ്ടായ ഇടിവ്, ഇലക്ട്രിക് സാങ്കേതിക വിദ്യയുടെ മോട്ടോർ മേഖലയിലെ കൂടിവരുന്ന ഉപയോഗം എല്ലാം ആഗോള സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾ മാറ്റിമറിക്കും. ഇടിയുന്ന എണ്ണവിലയും എണ്ണയുടെ ഉപയോഗവും ഡോളറിനും ഭീഷണിയാണ്. ഡോളർ ക്ഷീണിക്കുന്നത് അമേരിക്കയെയും ക്ഷീണിപ്പിക്കും. ഒരു ആഗോള രാഷ്ട്രീയ ബലാബലത്തിൽ വലിയ ചലനങ്ങൾക്കു സാധ്യതയുള്ള മാറ്റങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന് ചുരുക്കം. ●

# കരട് വിജ്ഞാപനം പിൻവലിക്കണം:

**എളമരം കരീം എംപി**




രാജ്യത്ത് നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നയങ്ങൾക്ക് തുരങ്കം വെക്കുന്ന ഇഐഎ 2020 കരട് വിജ്ഞാപനം പിൻവലിക്കണമെന്ന് സിപിഐഎം രാജ്യസഭാകക്ഷി നേതാവ് എളമരം കരീം എംപി ആവശ്യപ്പെട്ടു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രി പ്രകാശ് ജാവഡേക്കർക്ക് എഴുതിയ കത്തിലാണ് ഇക്കാര്യം ആവശ്യപ്പെട്ടത്. ഈ കരട് വിജ്ഞാപനത്തിലെ വ്യവസ്ഥകളെ എതിർത്തുകൊണ്ടുള്ള വിശദമായ പ്രതികരണവും കത്തിനോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. 2006ലെ ഇഐഎ വിജ്ഞാപനപ്രകാരമുള്ള എല്ലാ പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിലും വെള്ളം ചേർക്കുന്ന രീതിയിലാണ് പുതിയ കരട് വിജ്ഞാപനത്തിന്റെ ഘടന. കോർപറേറ്റുകൾക്ക് നിയമപരമായ യാതൊരു നിയന്ത്രണങ്ങളും ഭയക്കാതെ പ്രകൃതി വിഭവങ്ങളെയും പരിസ്ഥിതിയെയും നിർബാധം ചൂഷണം ചെയ്യാനുള്ള വഴിതുറന്നുകൊടുക്കുകയാണ് ഈ വിജ്ഞാപനത്തിലൂടെ സർക്കാർ ചെയ്തിട്ടുള്ളത്. നമ്മുടെ പരിസ്ഥിതിയെ കുട്ടിച്ചോറാക്കുന്ന ഈ വിജ്ഞാപനം എത്രയും വേഗം പിൻവലിക്കേണ്ടതാണ്. 2006ലെ ഇഐഎ നിർദേശങ്ങളെ മറികടക്കുക മാത്രമല്ല, പരിസ്ഥിതി നിയമങ്ങളിൽ ഇളവ് വരുത്തുന്നതിന് കേന്ദ്രം നടത്തുന്ന ശ്രമങ്ങൾക്കെതിരെ ദേശീയ ഹരിത ട്രിബ്യൂണലും സുപ്രീംകോടതിയടക്കമുള്ള കോടതികളും പുറപ്പെടുവിച്ച ഉത്തരവുകളെ കാറ്റിൽ പറത്താൻ കൂടിയാണ് ഈ കരട് തയ്യാറാക്കിയത്. പ്രകൃതിവിഭവങ്ങളെ ആശ്രയിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നവർക്കും പരിസ്ഥിതിക്കുതന്നെയും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തി വൻകിട കുത്തകകളെ സഹായിക്കുന്നതിലാണ് കേന്ദ്രസർക്കാരിന്റെ മുൻഗണന. ഖനനത്തിനുള്ള പരിസ്ഥിതി മാനദണ്ഡങ്ങൾ ലഘൂകരിച്ച് അതിനെ ഉദാരവൽക്കരിക്കുകയും നിയന്ത്രണ വിമുക്തമാക്കുകയും ചെയ്യുന്നു. ആദിവാസികളുടെ ഭരണഘടനാപരമായുള്ള അവകാശങ്ങളെപ്പോലും ഹനിക്കുന്നവയാണ് പുതിയ വിജ്ഞാപനത്തിലെ പല വ്യവസ്ഥകളും. കോർപറേറ്റ് താൽപ്പര്യങ്ങളെ പ്രീണിപ്പിക്കുന്നതിനും 'ബിസിനസ് എളുപ്പമാക്കൽ' നയം നടപ്പാക്കി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയുടെ ഭാഗം മാത്രമാണിത്. വൻകിട പദ്ധതികൾ ആരംഭിക്കുമ്പോൾ ആവശ്യമായ പാരിസ്ഥിതികാഘാത പഠനം സംബന്ധിച്ച വ്യവസ്ഥകളിൽ പോലും ഇളവുകൾ വരുത്തിയത് ഈ അജണ്ടയുടെ ഭാഗമായിത്തന്നെയാണ്. ഇത്തരത്തിൽ നമ്മുടെ പ്രകൃതി വിഭവങ്ങളെയാകെ കോർപ്പറേറ്റ് ലാഭക്കൊതിയുടെ മുന്നിൽ അടിയറവെക്കുന്ന ഈ വിജ്ഞാപനം പിൻവലിച്ച് ഇന്ത്യയിലെ പരിസ്ഥിതി നിയന്ത്രണ സംവിധാനത്തിന്റെ ഘടന കൂടുതൽ ശക്തമാകാനാവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്തി പുതിയ വിജ്ഞാപനം ഇറക്കണമെന്നും എളമരം കരീം കത്തിൽ ആവശ്യപ്പെട്ടു.

# നിർദിഷ്ട കപ്പൽ പാതക്കെതിരെ

# മത്സ്യത്തൊഴിലാളികളുടെ ജീവന്മരണ സമരം



**പി.പി.ചിത്തരഞ്ജൻ**

**ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ സമുദ്ര മേഖലയിൽ ഓഗസ്റ്റ് ഒന്നു മുതൽ നിലവിൽ വന്ന കപ്പൽപാത കേരളത്തിലെ മത്സ്യബന്ധന മേഖലയ്ക്ക് കനത്ത പ്രഹരമാണ് ഏൽപ്പിക്കുന്നത്.**

കേരളത്തിന്റെ കടലിൽ അടിക്കടിയുണ്ടാവുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കപ്പലുകൾ കടന്നു പോകുന്നതിനായുള്ള പാതയാണ് പുതുതായി നിശ്ചയിച്ചിരിക്കുന്നത്. കപ്പലുകൾ ഇടിച്ച് മത്സ്യബന്ധന യാനങ്ങൾ തകരുന്നതും, മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട സാഹചര്യം കണക്കിലെടുത്താണ് പുതിയ കപ്പൽ പാതയുടെ ഉത്തരവ് ഇറക്കിയിരിക്കുന്നതെന്നാണ് കേന്ദ്ര ഷിപ്പിങ് ഡയറക്ടറേറ്റ് പുറത്തിറക്കിയിരിക്കുന്ന നോട്ടീസിൽ പറയുന്നത്.

**കേരളത്തിലെ മത്സ്യത്തൊഴിലാളികൾ കപ്പൽ പാതയ്ക്ക് എതിരല്ല. പാത കടന്നുവരുന്ന റൂട്ടിൽ മാറ്റം വരുത്തണമെന്നാണ് കേരള സർക്കാരും മത്സ്യത്തൊഴിലാളി സംഘടനകളും ആവശ്യപ്പെടുന്നത്.**

കപ്പൽ പാതയുടെ ഒന്നും, രണ്ടും പാദത്തെ സംബന്ധിച്ച വിവരങ്ങളാണ് ഷിപ്പിംഗ് മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്നത്. രണ്ടാം ഭാഗം ആഴകടലിലൂടെ ആയതിനാൽ കേരളത്തിലെ മത്സ്യബന്ധന സമൂഹത്തിന് കാര്യമായി ബാധിക്കുന്നതല്ല. എന്നാൽ ഒന്നാമത്തെ പാത കടന്നുപോകുന്നത് ക്വയിലോൺ ബാങ്ക് എന്നറിയപ്പെടുന്ന പ്രദേശത്തു കൂടിയാണ്. നീണ്ടകര കേന്ദ്രീകരിച്ച് ഏറ്റവും കൂടുതൽ മത്സ്യബന്ധന ബോട്ടുകൾ പ്രവർത്തിക്കുന്നത് ഈ ഭാഗത്താണ്. കരിക്കാടി, കഴന്തൻ, പൂവാലൻ, നാരൻ തുടങ്ങിയ മീനുകളും ആകോലി തുടങ്ങിയ അടിത്തട്ട് മത്സ്യങ്ങളും സ്രാവ്, കിളിമീൻ ധാരാളമായിട്ടുള്ള പ്രദേശമാണ് ക്വയിലോൺ ബാങ്ക്.

കൊല്ലം ആലപ്പുഴ ജില്ലകളിലായി തീരത്തു നിന്നും 60 കിലോമീറ്റർ പടിഞ്ഞാറ് 50 കിലോമീറ്റർ വീതിയിൽ പരന്നുകിടക്കുന്ന ഒരു കടൽ തട്ടാണ് കൊല്ലം പരപ്പ് (ബാങ്ക്) എന്ന പേരിൽ അറിയപ്പെടുന്നത്. ഈ പരപ്പിലൂടെയാണ് കപ്പൽ പാത കടന്നുപോകുന്നത്. വർക്കലയുടെ തീരത്തു നിന്നും 68 കിലോമീറ്റർ പടിഞ്ഞാറ് 17 കിലോമീറ്റർ വീതിയും വടക്ക് അമ്പലപ്പുഴ വരെ 85 കിലോമീറ്റർ ആണ് നിർദിഷ്ട കപ്പൽ പാത. അമ്പലപ്പുഴക്ക് 70 കിലോമീറ്റർ പടിഞ്ഞാറ് അവസാനിക്കുന്ന രൂപത്തി ലാണ് പാത രേഖപ്പെടുത്തിയിട്ടുള്ളത്.

കേരളത്തിന്റെ പ്രധാനപ്പെട്ട മത്സ്യ സങ്കേതങ്ങൾ ആയ വാഡ്ജ് ബാങ്ക്, ചേറ്റുവ പരപ്പ്, ഏഴിമല ബാങ്ക്, മഞ്ഞപ്പാറ പരപ്പ്, എന്നിവയെ സംബന്ധിച്ച് ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കുറിപ്പിൽ പരാമർശിച്ചിട്ടില്ല. ഏഴിമല ബാങ്ക് നെയ്മീന്റെ പ്രധാന ആവാസ കേന്ദ്രമാണ്. മഞ്ഞപ്പാറ ഭാഗത്താണ് ഏറ്റവും കൂടുതൽ ചൂര മത്സ്യം ലഭിക്കുന്നത്. കേരള തീരത്ത് (9 അപകടങ്ങളിലായി



2012 മുതൽ 2018 ഓഗസ്റ്റ് ഏഴു വരെ 13 മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞു) നിരന്തരം ഉണ്ടാവുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കപ്പൽ പാത കൂടുതൽ പടിഞ്ഞാറോട്ട് മാറ്റണമെന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. 2018 നവംബർ 10,11 തീയതികളിൽ കൊച്ചിയിൽ വിളിച്ചുചേർത്ത ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ നിർദിഷ്ട കപ്പൽ പാത 50 നോട്ടിക്കൽ മൈൽ (92.5 കിലോമീറ്റർ) പടിഞ്ഞാറ് കൂടി വേണമെന്ന നിലപാടാണ് കേരള ഫിഷറീസ് വകുപ്പ് മന്ത്രി സഖാവ് ജെ.മേഴ്സിക്കുട്ടിയമ്മ സ്വീകരിച്ചത്. സംസ്ഥാന സർക്കാരിന്റെ നിലപാട് ഏകപക്ഷീയമായി തള്ളിക്കളയുകയാണ് കേന്ദ്ര സർക്കാർ ചെയ്തിരിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവിക്കുവാനും തൊഴിലെടുക്കാനുള്ള അവകാശത്തെയാണ് ഹനിക്കുന്നത്. കോവിഡ് വ്യാപനം, ലോക് ഡൗൺ നിയന്ത്രണം തുടങ്ങിയവ മൂലം കടുത്ത പ്രതിസന്ധിയിലാണ് മത്സ്യമേഖല. കേന്ദ്രസർക്കാർ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചെ ങ്കിലും മത്സ്യമേഖലയ്ക്ക് ഒരു സഹായവും ലഭിച്ചിട്ടില്ല. വൻകിട കുത്തകകളുടെയും കോർപ്പറേറ്റു കളുടെയും താല്പര്യം സംരക്ഷണം മാത്രമാണ് നടക്കുന്നത്. കേന്ദ്രസർക്കാർ കേരളത്തോട് പ്രതികാരപരമായാണ് പ്രവർത്തിക്കുന്നത്. തീരസംരക്ഷണത്തിന് വർഷങ്ങളായി സാമ്പത്തിക സഹായം നൽകുന്നില്ല. ഹാർബറുകളുടെ നിർമ്മാണത്തിനുള്ള കേന്ദ്ര വിഹിതം നിർത്തലാക്കി, മത്സ്യത്തൊഴിലാളികളുടെ ഭവന നിർമാണത്തിന് സഹായം നൽകുന്നില്ല, ഒടുവിലായി പതിനായിരങ്ങ ളുടെ ജീവിതം തകർക്കുന്ന പുതിയ കപ്പൽ പാത.

കന്യാകുമാരിക്ക് തെക്ക് വാഡ്ജ് ബാങ്ക് എന്നറിയപ്പെടുന്ന മത്സ്യ സങ്കേതം പുതിയ കപ്പൽ പാത മൂലം ഭീഷണി നേരിട്ട മറ്റൊരു മേഖലയായിരുന്നു. ബിജെപിയുടെ സഖ്യകക്ഷിയായ തമിഴ്നാട്ടിലെ എ.ഐ.ഡി.എം.കെ സർക്കാരിന്റെയും എംപിമാരുടെയും ശ്രമഫലമായി പ്രത്യേക ക്രമീകരണങ്ങളോടെ അതിനെ ഒഴിവാക്കി എന്നത് നാം കാണേണ്ടത്. എന്നാൽ കേരള നിർദ്ദേശം പൂർണമായും അവഗണിച്ചു. ഇതിനെതിരെയാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം ശക്തമായ പ്രക്ഷോഭത്തിന് തയ്യാറെടുക്കുന്നത്. കേരള സർക്കാരുമായും, തദ്ദേശീയരായ മത്സ്യബന്ധന സമൂഹവു മായി ചർച്ച ചെയ്തുകൊണ്ട് കപ്പൽ പാതയിൽ ആവശ്യമായ മാറ്റം വരുത്തുവാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നത് വരെ കേരളത്തിലെ മത്സ്യതൊഴിലാളികൾ ഒറ്റക്കെട്ടായി യോജിച്ച പ്രക്ഷോഭണത്തിന് തയ്യാറെടുക്കുന്നു. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിനാലാം വാർഷിക ദിനമായ ഓഗസ്റ്റ് 15ന് ബോട്ടുകളും യാനങ്ങളും കടലിൽ അണിനിരത്തി കൊച്ചി കപ്പൽ ചാലിൽ എല്ലാ മത്സ്യത്തൊഴിലാളി സംഘടനക ളുടെയും നേതാക്കൾ പങ്കെടുക്കുന്ന പ്രതിഷേധം സമരം ഫിഷറീസ് കോഓർഡിനേഷൻ കമ്മിറ്റി യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതാണ്. ●

## കപ്പൽ അപകടങ്ങൾ

- **2012 ഫെബ്രുവരി 15**നാണ് എന്റിക്ക ലെക്സി എന്ന കപ്പലിൽ നിന്നുള്ള വെടിയേറ്റ് രണ്ട് മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞത്. 20.2 നോട്ടിക്കൽ മൈൽ അകലെ വച്ചായിരുന്നു സംഭവം.
- **2012 മാർച്ച് ഒന്നിന്** വെളുപ്പിന് മനക്കോടത്തിന് പടിഞ്ഞാറ് പ്രഭുദയ എന്ന കപ്പലിടിച്ച് അഞ്ച് ബോട്ട് തൊഴിലാളികൾ മരണമടഞ്ഞു.
- **2017 ജനുവരി :** കൊല്ലത്തിന് 67 നോട്ടിക്കൽ മൈൽ അകലെ കപ്പലിടിച്ച് ബോട്ട് മറിഞ്ഞ് 7 പേർക്ക് പരിക്കേറ്റു.
- **2017 ജൂൺ :** കൊച്ചിക്ക് 14 നോട്ടിക്കൽ മൈൽ അകലെ ആംബർഎൽ കപ്പലിടിച്ച് കാർമൽ മാതാ ബോട്ടിലെ മൂന്നുപേർ മരിച്ചു, 11 പേർക്ക് പരിക്കേറ്റു.
- **2017 ഒക്ടോബർ :** ബേപ്പൂരിൽ 50 നോട്ടിക്കൽ മൈൽ അകലെ കപ്പലിടിച്ച് ഇമ്മാനുവൽ ബോട്ട് തകർന്നു കപ്പലിനെ തിരിച്ചറിഞ്ഞിട്ടില്ല.
- **2017 ഓഗസ്റ്റ് :** കൊല്ലത്തിനു 39 നോട്ടിക്കൽ മൈൽ അകലെ ഹോംഗ് കോങ് പതാക വഹിച്ച കപ്പലിടിച്ച് ആരോഗ്യ അന്ന എന്ന ബോട്ട് തകർന്നു, കപ്പൽ തിരിച്ചറിഞ്ഞിട്ടില്ല.
- **2018 ജനുവരി :** കന്യാകുമാരിക്ക് പടിഞ്ഞാറ് അജ്ഞാത കപ്പലിടിച്ച് നെൽസൺ എന്ന ബോട്ട് തകർന്നു.
- **2018 ജൂലൈ 2 :** മുനമ്പത്ത് പടിഞ്ഞാറ് മയൂരിനാരി എന്ന കപ്പലിടിച്ച് ഡിവൈൻ വള്ളം തകർന്നു.
- **2018 ഓഗസ്റ്റ് 7 :** ചേറ്റുവക്ക് പടിഞ്ഞാറ് ദേശശക്തി എന്ന കപ്പലിടിച്ച് ഓഷ്യാന എന്ന ബോട്ട് തകർന്ന് മൂന്ന് പേർ മരിച്ചു.

പുതിയ വിദ്യാഭ്യാസ നയം

# മതനിരപേക്ഷതയെ നിരാകരിക്കുന്നു




കേന്ദ്ര സർക്കാർ പുതിയൊരു വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചിരിക്കുകയാണ്. രാജീവ്ഗാന്ധി സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ നയത്തിന് ശേഷമുണ്ടായ ആദ്യത്തെ മാറ്റമാണിത്. 1966 ൽ കോത്താരി കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടതിനു ശേഷം ഉണ്ടായ വിശദ ചർച്ചകളുടെ പശ്ചാത്തലത്തിലാണ് 1968 ലെ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചത്. 1985 ൽ അതുവരെ നിലനിന്ന പൊതുവിദ്യാഭ്യാസത്തെക്കുറിച്ചുള്ള വീക്ഷണത്തിൽ മാറ്റം വരുത്തുന്നതിന്റെ പശ്ചാത്തലത്തിലാണ് രാജീവ് ഗാന്ധിയുടെ കാലത്തെ വിദ്യാഭ്യാസ നയം പ്രഖ്യാപിക്കപ്പെട്ടത്. അതിനു ശേഷം ഇന്ത്യ നവലിബറൽ നയങ്ങളിലേക്കു നീങ്ങി. അതിന്റെ പ്രതിധ്വനികൾ വിദ്യാഭ്യാസ രംഗത്തും ഉണ്ടായി. ബിജെപി സർക്കാർ അധികാരത്തിൽ വന്നപ്പോഴൊക്കെ അവർ കൃത്യമായി ഇടപെട്ടു. അടിമുടി മാറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസം. ആർഎസ്എസ് അജണ്ട നടപ്പാക്കുക തന്നെയാണ് അതിന്റെ ഉദ്ദേശം. മതരാഷ്ട്ര സൃഷ്ടിക്ക് വിദ്യാഭ്യാസ മേഖലയുടെ വർഗീയവൽക്കരണം അത്യന്താപേക്ഷിതമാണ് എന്ന ബോധ്യത്തിൽ നിന്നാണ് ഈ ഇടപെടൽ.

### പുതിയതായി പ്രഖ്യാപിക്കപ്പെട്ട നയത്തിലെ ചില പ്രധാന അജണ്ടകൾ

- തീവ്ര ദേശീയത കുട്ടികളുടെ മനസിലേക്ക് കുത്തിക്കയറ്റുക വർഗീയത അതിന്റെ ഒരു അവിഭാജ്യ ഘടകമാണ്.
- വിദ്യാഭ്യാസ മേഖലയിലെ സർക്കാർ നിക്ഷേപം കുറയും. ഇപ്പോൾ തന്നെ ഈ മേഖലയിലെ സർക്കാർ നിക്ഷേപം കുറഞ്ഞു വരികയാണ്. സ്വകാര്യ മേഖല പിടിമുറുക്കും.
- പുതിയ വിദ്യാഭ്യാസ നയം ഭരണഘടനാമൂല്യങ്ങൾ നിരാകരിക്കുന്നു. മതനിരപേക്ഷത എന്ന പദം പോലും നയത്തിൽ കാണാൻ കഴിയില്ല. ഇന്ത്യ ഇന്ത്യയായി നിലനിൽക്കുന്നത് മതനിരപേക്ഷത എന്ന അടിത്തറയിലാണ്. അതില്ലാതായാൽ ആദ്യം തന്നെ ശിഥിലമാകും.
- ഫെഡറലിസം തകർക്കപ്പെടുന്നു. നേരത്തെ സംസ്ഥാന ലിസ്റ്റിലായിരുന്ന വിദ്യാഭ്യാസം ഇപ്പോൾ കൺകറന്റ് ലിസ്റ്റിലാണ്. പുതിയ നയം വിദ്യാഭ്യാസത്തെ കൈകാര്യം ചെയ്യേണ്ടിരിക്കുന്നത് കേന്ദ്രത്തിന്റെ മാത്രം വിഷയമായി.
- കരിക്കുലവും പെഡഗോഗിയും തീരുമാനിക്കുന്നതിൽ സംസ്ഥാന ഗവേഷണ കൗൺസിലുകൾക്ക് ഒരു പങ്കും നൽകുന്നില്ല.
- ഭാഷാ വൈവിധ്യത്തെ അവഗണിക്കുന്നു. സംസ്കൃത ഭാഷ അടിച്ചേൽപിക്കാനുള്ള നീക്കം ശക്തം.
- സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടന തന്നെ മാറ്റുന്നു. 4+3+3+2 എന്നതിനെ 5+3+3+4 എന്ന നിലയിലേക്ക് മാറ്റാൻ നിർദേശം. ഈ മാറ്റത്തിന് ശാസ്ത്രീയമായ ഒരു ന്യായീകരണവുമില്ല.
- വിദ്യാഭ്യാസ മേഖലയിലും സമ്പൂർണ അധികാര കേന്ദ്രീകരണം 'ഒരിന്ത്യ ഒരു വിദ്യാഭ്യാസ നയം'
- ഈ നയം ദൂരവ്യാപക പ്രത്യാഘാതം ഉണ്ടാക്കും. കുട്ടികളെ ഇടുങ്ങിയ ദേശീയതയിലേക്കും വർഗീയ ചിന്തകളിലേക്കും നയിക്കും.

# വംശീയതയും ചൈനയും ആയുധമാക്കി ട്രംപ്

**ബി അർജുൻ**

**അമേരിക്കൻ** പ്രസിഡന്റ് തെരഞ്ഞടുപ്പിനു മാസങ്ങൾ മാത്രം ബാക്കി നിൽക്കെ ഡോണൾഡ് ട്രംപ് പരാജയത്തെ ഉറ്റുനോക്കുകയാണ്. ജനങ്ങൾക്ക് പ്രസിഡന്റിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. മഹാമാരിയെ കൈകാര്യം ചെയ്യുന്നതിൽ ട്രംപ് വൻ പരാജയമായിരിക്കുന്നു. 1,50,000 പേരാണ് കോവിഡ് 19 മഹാമാരിയിൽ മരിച്ചത്. ഈ മരണങ്ങൾ സംഭവിച്ചത് ആരോഗ്യസംവിധാനങ്ങൾ ലാഭേച്ഛ മാത്രം മുന്നിൽ കണ്ട് പ്രവർത്തിക്കുന്നതുകൊണ്ടാണ്.ഈ ആരോഗ്യ വ്യവസായത്തിൽ അമേരിക്കൻ ജനതയ്ക്ക് വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു.



അതി നീചമായ വംശീയ അതിക്രമത്തിനാണ് കഴിഞ്ഞ കുറെ മാസങ്ങളിൽ അമേരിക്ക സാക്ഷ്യം വഹിച്ചത്. ഒരു യുവാവിനെ പോലീസ് ക്രൂരമായി കൊലപ്പെടുത്തിയത് ലോകം മുഴുവൻ ആ രാജ്യം ഒരു സർവ്വരോഗ നിവാരിണി എന്ന നിലയ്ക്ക് വിറ്റഴിച്ച അമേരിക്കൻ സ്വപ്നത്തിന്റെ ദയനീയ ചിത്രമാണ് വെളിപ്പെടുത്തിയത്. കറുത്ത വംശക്കാർ ആത്മാഭിമാനത്തിനും വംശീയ സമത്വത്തിനും വേണ്ടി ഒരു നൂറ്റാണ്ടായി സമരപാതയിൽ ആണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അമേരിക്കൻ ഭരണകൂടം ദാരുണമായി പരാജയപ്പെട്ടു. വെള്ളക്കാരായ ശത കോടീശ്വരന്മാരും സഹസ്ര കോടീശ്വരന്മാരും കൂടുതൽ സുരക്ഷിതമാകുന്നതിനു മാത്രമാണ് ഇത് കാരണമായത്.

ലാഭേച്ഛ ഇല്ലാത്ത കോർപറേറ്റും ഗവേഷണ സ്ഥാപനവുമായി പബ്ലിക് അകൗണ്ടബിലിറ്റി ഇനീഷ്യറ്റീവിന്റെ പഠനം ഇങ്ങനെ പറയുന്നു: പോലീസ് ഫൗണ്ടേഷനുകൾ (സർക്കാരിതര വ്യവസായ ഗ്രൂപ്പുകൾ പല നഗരങ്ങളിലും പ്രാദേശിക പോലീസ് ഡിപ്പാർട്ട്മെന്റുകൾക്ക് ഫണ്ട് നൽകുന്നുണ്ട്) വൻതോതിൽ ഷെവറോൺ, ഷെൽ, വെൽസ് ഫാർഗോ തുടങ്ങിയ ഫോസിൽ ഇന്ധന കമ്പനികളുടെ ഫണ്ട് കൈപ്പറ്റുന്നുണ്ട്.'




ഗാർഡിയന്റെ ഒരു റിപ്പോർട്ട് പറയുന്നതിങ്ങനെ: വംശീയതക്ക് എതിരെയും പരിസ്ഥിതി നീതിയോടു സംരക്ഷണത്തിന് വേണ്ടിയും പ്രക്ഷോഭം നടത്തുന്നവരെ ഫോസിൽ ഇന്ധന വ്യവസായം പൊതു ശത്രുക്കൾ ആയാണ് കാണുന്നത്.പാരിസ്ഥിതികമായി നീതിരാഹിത്യം പ്രോത്സാഹിപ്പിക്കുന്നത് പ്രധാനമായും വൻകിട കമ്പനികൾ ആണ്. അവർ തന്നെയാണ് പ്രക്ഷോഭകർക്കെതിരെ ഭീകരത അഴിച്ചുവിടുന്ന പോലീസിനെ പിന്തുണയ്ക്കുന്നത്.'

അമേരിക്കയിലെ വംശീയ ധ്രുവീകരണത്തിനു കാരണക്കാരായ വംശമഹിമയെ പരിലാളിക്കുന്ന സംഘടനകൾ ട്രംപിന്റെ ഏറ്റവും അടുത്ത ആളുകൾ റിപ്പബ്ലിക്കന്മാരെ കൂടുതൽ യാഥാസ്ഥിതികന്മാർ ആകുമെന്നാണ് ധൈഷണികർ അഭിപ്രായപ്പെടുന്നത്.

തന്റെ പരാജയങ്ങളെയും ഭരണവൈകല്യങ്ങളെയും മറച്ചുവയ്ക്കാൻ ബാഹ്യ ഇടപെടലുകളെയാണ് ട്രംപ് പഴിക്കുന്നത്.സ്വന്തം പ്രവർത്തകരെ കൂടെ നിർത്താനും ലിബറൽ ചിന്താഗതിക്കാരുടെ എതിർപ്പിനെ മറികടക്കാനും ബിജെപി മുസ്ലിം പ്രീണനം എന്ന വാദം ഉയർത്തുന്നത് പോലെയാണ് ട്രംപിന്റെ ഈ തന്ത്രം. ഡമോക്രാറ്റുകളും പഴയ റിപ്പബ്ലിക്കൻമാരും വരെ കറുത്തവരെ പ്രീണിപ്പിക്കുകയാണ് എന്നാണ് ട്രംപ് കുറ്റപ്പെടുത്തുന്നത്.

## വീണ്ടും തെരഞ്ഞെടുക്കപ്പെടാൻ ട്രംപിന്റെ ചൈനാ കാർഡ്

പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വിജയം ആവർത്തിക്കാൻ ആഭ്യന്തര ശത്രുവിനെ കണ്ടെത്തി തൃപ്തിയടയാൻ ട്രംപ് തയ്യാറല്ല. വെളുത്തവംശജരുടെ വ്യാജ ദേശസ്നേഹത്തെ മുതലെടുക്കാൻ ട്രംപിന് ഒരു വിദേശ ശത്രുവിനെക്കൂടി വേണം. ഇക്കാരണം കൊണ്ടുതന്നെ ചൈനയാണ് പുതിയ ലക്ഷ്യം. വോട്ടർമാർക്കിടയിൽ ചൈനയെ പിശാചാക്കി മാറ്റി ഭീതി സൃഷ്ടിക്കുകയാണ് ലക്ഷ്യം. ചൈന സ്വയം അതിശക്തമായി മുന്നേറുമ്പോൾ അമേരിക്ക നേരിടുന്നത് ഒരു അസ്തിത്വ പ്രശ്നമാണ്. വംശീയ പ്രക്ഷോഭകരെ അടിച്ചമർത്തുന്ന ചുമതലയാണ് അമേരിക്കൻ പൊലീസ് ഡിപ്പാർട്ട്മെന്റിന് എങ്കിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർടി(സിപിസി)യെ ഒരു തിന്മയുടെ പ്രതീകമായി അവതരിപ്പിച്ച് കടന്നാക്രമണം നടത്തുന്ന ചുമതലയാണ് അമേരിക്കൻ പ്രതിരോധ മന്ത്രാലയത്തിന്.

ചൈനീസ് കമ്യൂണിസ്റ്റ് പാർടി ആഗോള സമ്പദ്ഘടനയെ ചലിപ്പിക്കുകയും അതുവഴി രാജ്യത്തിന് സമ്പത്തുണ്ടാക്കുന്നതുവരെ അമേരിക്കൻ മുതലാളിത്തം സഹിച്ചുപോന്നു. അമേരിക്കയിലെയും ബ്രിട്ടണിലെയും സമ്പന്നമായ ബാങ്കുകളിൽനിന്നും അമേരിക്കൻ ബോണ്ടുകളിൽനിന്നും ട്രഷറികളിൽനിന്നും നിക്ഷേപം കുറച്ച് അവയുടെ ധൂർത്തിന് ഫണ്ടു നൽകാൻ വിമുഖത കാട്ടിയതോടെയാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. ചൈനയെ കൂടുതൽ മികവുള്ളതും നവീനവുമാക്കാൻ സിപിസി ശ്രമിച്ചതുമുതൽ അമേരിക്കൻ വരേണ്യ വർഗത്തിന് ഉറക്കമില്ലാത്ത രാത്രികളാണ്. ഏറ്റുമുട്ടലിന് തയ്യാറായിക്കൊണ്ടുതന്നെ ട്രംപും സംഘവും തുടർച്ചയായി ചൈനയ്ക്കെതിരെ നയതന്ത്ര ഇടപെടലുകൾ നടത്തിക്കൊണ്ടിരുന്നു.

ചൈനയുമായി ബന്ധം വിച്ഛേദിക്കണമെന്നും ഏറ്റുമുട്ടണമെന്നുമുള്ള മുറവിളിക്കുന്നവരുടെ നേതൃത്വം കടുത്ത യാഥാസ്ഥിതികവാദികളാണ്. ചൈനയെ ഒറ്റപ്പെടുത്തുക എന്നതു മാത്രമാണ് സിപിസിയെ കൈകാര്യംചെയ്യാനുള്ള ദീർഘകാല പദ്ധതിയെന്നാണ് അമേരിക്കയിലെ യാഥാസ്ഥിതികർ വിശ്വസിക്കുന്നത്. "നമ്മുടെ കാലത്തെ പ്രധാന ദൗത്യമെന്നത് സിപിസിയിൽനിന്ന് നമ്മുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുക എന്നത്. അതിന് ഇപ്പോൾ നമുക്ക് സാധിച്ചില്ലെങ്കിൽ നമ്മുടെ എല്ലാ സ്വാതന്ത്ര്യങ്ങളും നഷ്ടമാകുകയും നമ്മുടെ സ്വതന്ത്ര സമൂഹം ഇല്ലാതാകുകയും ചെയ്യും. " അമേരിക്കൻ വിദേശകാര്യ സെക്രട്ടറി മൈക് പോംപിയോ പറഞ്ഞു. ആധിപത്യപരമായ നയതന്ത്രത്തിലൂടെ മാത്രമേ ചൈനയുടെ ആധിപത്യ സ്വഭാവത്തെയും യുദ്ധ ഭീഷണിയേയും മറികടക്കാനും ആണവായുധത്തിലുള്ള മേൽക്കൈ വീണ്ടെടുക്കാനും കഴിയൂ എന്നുമാണ് പോംപിയോ വിശ്വസിക്കുന്നത്.

ഹോങ്കോങ്ങിനെ ചൈനയുമായി കൂട്ടിച്ചേർക്കുന്നതിനെ സഹായിക്കുന്ന ദേശീയ സുരക്ഷാ നിയമത്തോടുള്ള പ്രതികാരമെന്നോണം സിൻജ്യങ്ങിനും ഹോങ്കോങ്ങിനും ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രതിരോധ ഉപകരണങ്ങളുടെ കയറ്റുമതി ട്രംപ് ഭരണകൂടം നിരോധിച്ചു. സൗത്ത് സീയിൽ ചൈനക്കുള്ള അവകാശവാദങ്ങൾ ചോദ്യം ചെയ്യാനും ഭീഷണിപ്പെടുത്താനുമായി ഗൺ ബോട്ട് നയതന്ത്രത്തിന്റെ ഭാഗമായി സൗത്ത് സീയിലേക്ക് മൂന്നു വിമാന വാഹിനി കപ്പലുകളെ അയക്കുകയാണ് അമേരിക്ക ചെയ്തത്.

ചൈനയുടെ ഡിജിറ്റൽ ആധിപത്യം ലോകത്തിനാകെ ഭീഷണിയാകുമെന്ന് ധാരണ ഉണ്ടാക്കാൻ ലക്ഷ്യമിട്ട് ചൈനയിലുണ്ടാക്കിയ കമ്പ്യൂട്ടർ, വാവെയ് കയറ്റുമതി ചെയ്യുന്ന മൊബൈൽ ഫോൺ, അത്യന്താധുനിക 5ജി അടിസ്ഥാന സൗകര്യങ്ങൾക്കും നേരെ ലക്ഷ്യം വയ്ക്കുകയാണ് അമേരിക്ക.

വിദേശ കാര്യങ്ങൾക്കുള്ള അമേരിക്കൻ സെനറ്റ് കമ്മിറ്റിയിലെ ഡെമോക്രാറ്റിക് അംഗം ബോബ് മെൻഡസ് തയ്യാറാക്കിയ The New Big Brother China and Digital Authoritarianism എന്ന റിപ്പോർട്ട് 5ജി സാങ്കേതിക വിദ്യയിൽ ഗവേഷണ വികസന മേഖലയിലെ മൂർത്തമായ ശ്രമങ്ങളുടെ ഭാഗമായി ചൈന നടത്തിയ കുതിച്ചു ചാട്ടത്തിൽ അമേരിക്കക്കുള്ള അസ്വസ്ഥതയുടെ ഉത്തമോദാഹരണമാണ്. 5ജി സാങ്കേതിക വിദ്യ വികസിപ്പിക്കുന്ന കാര്യത്തിൽ ചൈനയ്ക്ക് പുറകിലാണെന്നത് അമേരിക്കയുടെ അസൂയക്ക് കാരണമായിട്ടുണ്ട്. ഈ അകലം മറികടക്കാനുള്ള പരക്കം പാച്ചിലാണിപ്പോൾ അമേരിക്ക നടത്തുന്നത്. ചൈനയുടെ 5 ജി ആധിപത്യം മറികടക്കാനുള്ള വഴികൾ തേടാൻ സോഫ്റ്റ് വെയർ ഭീമന്മാരോട് നിർദേശിച്ചിരിക്കുകയാണ് അമേരിക്ക.

രാഷ്ട്രീയവും സാമ്പത്തികവും നയതന്ത്രപരവുമായ എല്ലാവിധ ആധിപത്യപരമായ നീക്കങ്ങളിലൂടെ ഡിജിറ്റൽ ഏകാധിപത്യത്തിനു പുതിയ സാങ്കേതിക വിദ്യകളെ ചൈന ചൂഷണം ചെയ്യുകയാണെന്നാണ് ബോബ് മെൻഡസിന്റെ ആരോപണം. എക്കാലവും ആംഗ്ലോ സാക്സൺ ലോകം തന്നെ സാങ്കേതിക വിദ്യയുടെ ലോകത്ത് ആധിപത്യം നിലനിർത്താനും സൈബർ സ്പേസിലെ നിയമങ്ങൾ രചിക്കുകയും ചെയ്താൽ മതിയോ എന്ന ചോദ്യമാണ് യുക്തി ചിന്തയുള്ളവർ ഉയർത്തുന്നത്.

ആഗോള കാര്യങ്ങളിൽ വെള്ളക്കാരല്ലാത്തവർ ആധിപത്യം പുലർത്തുന്നതിനെക്കുറിച്ചും ആശയങ്ങളുടെയും ഭാവി സാങ്കേതിക വിദ്യയുടെയും പ്രവാഹം കിഴക്കുനിന്ന് പടിഞ്ഞാറോട്ടു മാറുന്നതിനെക്കുറിച്ചും അമേരിക്കൻ പ്രഭുവർഗത്തിനു ചിന്തിക്കാൻ പോലും സാധിക്കുന്നില്ല. എക്കാലവും ലോകം മുഴുവൻ ഞങ്ങൾ ഭരിക്കുമെന്ന് ചിന്തിക്കുന്നവർക്ക് ഇത്തരം മാറ്റങ്ങൾ അചിന്ത്യമായ കാര്യങ്ങളാണ്.●

# ആദരാഞ്ജലികൾ



## ശ്യാമൾ ചക്രവർത്തി

സ. ശ്യാമൾ ചക്രവർത്തി 2020 ആഗസ്റ്റ് 6 ന് 77ാമത്തെ വയസിൽ മരണമടഞ്ഞു. സിഐടിയു അദ്ദേഹത്തിന്റെ ഉജ്വലമായ സ്മരണക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സ. ശ്യാമൾ ചക്രവർത്തി രണ്ടു പതിറ്റാണ്ട് സിഐടിയു പശ്ചിമ ബംഗാളിന്റെ പ്രസിഡന്റായിരുന്നു. 1991 ൽ സിഐടിയുവിന്റെ ഏഴാം സമ്മേളനത്തിൽ വച്ച് അദ്ദേഹം ദേശീയ സെക്രട്ടറിയേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സിഐടിയുവിന്റെ 15ാം സമ്മേളനത്തിൽവച്ച് ദേശീയ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ട്രേഡ് യൂണിയനുകളുടെ ഐക്യം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. ഇലക്ട്രിസിറ്റി, ട്രാൻസ്പോർട്, പോർട് & ഡോക് തുടങ്ങിയ തന്ത്രപ്രധാന മേഖലകളിൽ സിഐടിയു കെട്ടിപ്പടുക്കുന്നതിൽ വലിയ പങ്കു വഹിച്ചു. പാർലമെന്ററി പ്രവർത്തനങ്ങളിലും അദ്ദേഹം സാന്നിധ്യം ഉറപ്പിച്ചിരുന്നു. നാലുപ്രാവശ്യം എംഎൽഎയായി തെരഞ്ഞെടുക്കപ്പെട്ടു. രണ്ടുപ്രാവശ്യം ബംഗാളിന്റെ ഗതാഗത മേഖലാ മന്ത്രിയായും പ്രവർത്തിച്ചു. 2000–2014 കാലത്ത് രാജ്യസഭാംഗമായും കഴിവു തെളിയിച്ചു. അദ്ദേഹം നല്ലൊരു എഴുത്തുകാരനുമായിരുന്നു. വിവിധ വിഷയങ്ങളെക്കുറിച്ച് പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. എസ്എഫ്ഐയുടെ സ്ഥാപകനേതാക്കളിൽ ഒരാളായിരുന്നു ശ്യാമൾ ചക്രവർത്തി.

### കേന്ദ്രം നിയമനം നടത്തുന്നില്ല

## 8 ലക്ഷം ഒഴിവ്

കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിയമനമില്ലാതെ എട്ട് ലക്ഷത്തിലേറെ ഒഴിവ്. അഞ്ചിൽ ഒന്നുവീതം തസ്തിക ഒഴിഞ്ഞു കിടക്കുന്നു. ആഭ്യന്തരം ഒഴികെ എല്ലാ വകുപ്പുകളിലും ജീവനക്കാർ കുറയുകയാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ 24 ശതമാനമായി ഉയർന്നിരിക്കെയാണ് കേന്ദ്രം നിയമനം മരവിപ്പിച്ചത്. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ് അറിയിച്ചത്, 2018 മാർച്ച് ഒന്നിലെ കണക്കു പ്രകാരം 6.83 ലക്ഷം ഒഴിവുണ്ടെന്നാണ്. നിലവിലെ ഒഴിവുകൾ ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. 2019, 2020 വർഷങ്ങളിൽ ലക്ഷത്തിലേറെ പേർ വിരമിച്ചിട്ടുണ്ട്. ഇതിലൊന്നും നിയമനം നടത്തിയിട്ടില്ല.

റവന്യൂവകുപ്പിൽ പകുതിയോളം തസ്തിക ഒഴിഞ്ഞുകിടക്കുന്നു. പ്രതിരോധ (സിവിൽ) ആരോഗ്യവകുപ്പുകളിൽ 30 ശതമാനം വീതവും തപാൽ വകുപ്പിൽ 25 ശതമാനവും റെയിൽവെയിൽ 20 ശതമാനവും ആഭ്യന്തര വകുപ്പിൽ 10 ശതമാനവും ഒഴിവുണ്ട്. മൂന്നര ലക്ഷം തസ്തിക ഒഴിഞ്ഞു കിടക്കുന്ന റെയിൽവെയിൽ നിയമനം പൂർണമായും നിരോധിച്ച് അടുത്തിടെ ഉത്തരവിറക്കി. ഇതര വകുപ്പുകളിൽ ശരാശരി 25 ശതമാനം തസ്തികകളിൽ നിയമനമില്ല. 2014 ൽ പ്രതിരോധം ഒഴികെയുള്ള വകുപ്പുകളിൽ 33 ലക്ഷം ജീവനക്കാരുണ്ടായിരുന്നു. പ്രതിരോധ സേനകളിൽ 14 ലക്ഷം പേരുണ്ട്. പ്രതിരോധ സേനകളിൽ ഒഴികെ അംഗീകരിച്ച തസ്തികളുടെ എണ്ണം 38 ലക്ഷമാണ്. 31.17 ലക്ഷം പേരാണ് 2018 ൽ സർവീസിൽ ഉണ്ടായിരുന്നത്. 1994 ൽ കേന്ദ്ര സർവീസിൽ പണിയെടുക്കുന്നവർ രാജ്യത്തെ സംഘടിത തൊഴിൽ മേഖലയുടെ 12.4 ശതമാനമായിരുന്നു. ഇപ്പോൾ ഇത് എട്ട് ശതമാനത്തിൽ താഴെയായി. അർധ സൈനിക വിഭാഗങ്ങൾ അടക്കം ആഭ്യന്തര വകുപ്പിൽ ജീവനക്കാരുടെ എണ്ണം 2006 നെ അപേക്ഷിച്ച് 32 ശതമാനം ഉയർന്നപ്പോൾ മറ്റെല്ലാ വകുപ്പുകളിലും ഇടിഞ്ഞു.

ഇതേ സമയം കരാർ, താൽക്കാലിക നിയമനങ്ങൾ വ്യാപകമായി നടക്കുന്നു. മൂന്നു ലക്ഷം കരാർ ജീവനക്കാരാണ് കേന്ദ്ര സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്നത്. മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെയാണ് കരാർ നിയമനം. വിരമിച്ചവരെ ദിവസക്കൂലിക്ക് ജോലി ചെയ്യിക്കാനും അനുമതി നൽകി.

പൊതുമേഖലാ സ്ഥാപനങ്ങൾ കൂട്ടത്തോടെ സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം തൊഴിലവസരം വൻതോതിൽ ഇല്ലാതാക്കും. സ്ഥാപനങ്ങളിൽ തൊഴിലാളികൾ അധികമാണെന്നാണ് കണ്ടെത്തൽ. സ്വകാര്യ മേഖലയിലെ നിയമനങ്ങളിൽ സംവരണം ഉൾപ്പെടെ ബാധകമാകില്ല. ●